Reg. No. C. 101, M. 2293

മാറപ്രതിക്ക 2 ണ.

St: Mary's C.G.H.S
Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ധനു 4—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഡിസംബർ 19 | ലക്കം 18

## ക്രിസ്മസ് സ്മരണകൾ

(മിസ്സിസ് ഡോക്ടർ പോൾ മാമ്പിള്ളി)

അമ്മേ! അനാദികാലംമുതൽ ദൈവത്തിന്റെ അമ്മയായി നീ നിശ്ചയിക്കപ്പെട്ടു. എത്ര മാഹാത്മ്യമേറിയ സ്ഥാനം! നീ അതിനർഹയായി. അന്ന, യോവാക്കിം എന്ന വൃദ്ധദമ്പതികളുടെ നിരന്തരമായ പ്രാർത്ഥനകളുടേയും തീവ്രമായ തപഃക്രിയകളുടേയും ഫലമായി ഒരു വിശിഷ്ടസന്താനം ജനിച്ചു. ത്രിലോകസുന്ദരിയായ നീയായിരുന്നുവല്ലോ ആ ശിശു. ഉത്ഭവപാപം കൂടാതെ ഉത്ഭവിച്ച ഉഷഃകാലനക്ഷത്രം—ദൈവമാതാവായി തിരഞ്ഞെടുക്കപ്പെട്ട മറിയം.

ആ വന്ദ്യമാതാവു വാത്സല്യത്തോടുകൂടി നിന്നെ വാരിയെടുത്തു—ചുംബനങ്ങൾകൊണ്ടു തൃപ്തിയടഞ്ഞു. സൃഷ്ടികർത്താവിനെ അകമഴിഞ്ഞു സ്തുതിച്ചു. അങ്ങനെ നാകത്തേയും ലോകത്തേയും തമ്മിലിണക്കുന്നതിനായി ദൈവം നിന്നെ ലോകത്തിലേക്കയച്ചു.

അമ്മേ! സർവ്വസൽഗുണസമ്പൂർണ്ണയായി, സർവ്വാംഗസുന്ദരിയായി നീ വളർന്നുവന്നു. ത്യാഗമതിയായ നിന്റെ മാതാവു ശൈശവത്തിൽതന്നെ നിന്നെ ദേവാലയത്തിൽ കാഴ്ചവെച്ചു. ദൈവശുശ്രൂഷക്കായി നിന്റെ സമയം മുഴുവൻ ചെലവഴിച്ചു. അടക്കവും അനുസരണവുമായിരുന്നല്ലോ നിന്റെ അനർഘങ്ങളായ ആഭരണങ്ങൾ. പരിശുദ്ധതയും പരിപാവനതയും നിന്റെ പട്ടുവസ്ത്രങ്ങളും.

കാലങ്ങൾ അങ്ങനെ കടന്നുപോയി. നീ ശൈശവപ്രായത്തോടു യാത്രപറഞ്ഞു. താരുണ്യത്തിലേക്കു കാലെടുത്തുകുത്തി. അതിരും എതിരുമില്ലാത്ത സൗന്ദര്യധാമമായി വളർന്നു. അമ്മേ! അന്തസ്സും ആഭിജാത്യവും സമ്പത്തും ഒത്തിണങ്ങിയ അനേകം യുവാക്കന്മാർ നിന്റെ ഭർത്തൃപദത്തിനായി കൊതിച്ചു. എന്നാൽ ദൈവം അവിടെ ഒരത്ഭുതംതന്നെ പ്രവർത്തിക്കുവാൻ തീർച്ചയാക്കി.

ദൈവപുത്രിയായ നിനക്കു ഭർത്താവായി ഒരു പുണ്യപുരുഷനെ നിശ്ചയിച്ചു. നിന്റെ ഭർത്തൃപദം സ്വീകരിക്കുവാൻ ദേവാലയത്തിൽകൂടിയ മഹാന്മാരിൽനിന്നു അദ്ദേഹത്തെ തിരഞ്ഞെടുത്തു. എങ്ങനെ? ഒരത്ഭുതസംഭവംവഴിയായി. അദ്ദേഹത്തിന്റെ കൈയിലിരുന്ന ഉണങ്ങിയവടി പെട്ടെന്നു പുഷ്പിച്ചു. അങ്ങനെ നിന്റെ ഭർത്താവിനെ ലോകത്തിനു കാണിച്ചുകൊടുത്തു.

ദരിദ്രനായിരുന്നെങ്കിലും ദാവീദിന്റെ വംശജനായ യൗസേപ്പായിരുന്നല്ലോ ആ മഹാഭാഗ്യവാൻ. നീ അനുസരണയോടുകൂടി ദൈവനിശ്ചയത്തിനു കീഴ്‌വഴങ്ങി. യൗസേപ്പു നിന്നെ ഭാര്യയായി സ്വീകരിച്ചു. ചരിത്രപ്രധാനമായ ആ വിവാഹവു അങ്ങനെ കഴിഞ്ഞു. നീ ഭർത്തൃമതിയായി എന്നിരുന്നാലും അദ്ദേഹത്തിന്റെ പരിപൂർണ്ണസമ്മതത്തോടുകൂടി കളങ്കംകലരാത്ത കന്യകയായി നീ ജീവിച്ചു. ത്യാഗസമ്പൂർണ്ണനായ ഭർത്താവൊന്നിച്ചു പരിശുദ്ധി പാലിച്ചു. പട്ടിണിയോടു പടവെട്ടി മരപ്പണിയിൽ യൗസേപ്പിനെ സഹായിച്ചു നിന്റെ ദിനകൃത്യങ്ങളും കൃത്യമായി നിർവ്വഹിച്ചു; അതിലുപരിയായി ദൈവസ്തോത്രങ്ങളും. അങ്ങനെ നീ ഒരുത്തമഭാര്യയായി, ദൈവപുത്രിയായി ജീവിച്ചു.



"ഈ ശിശു ഇതുവരെ എന്റെ ഉദരത്തിലായിരുന്നു. ഈ രണ്ടുപേരുകളും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളതു്. ഞാൻ ദൈവത്തിന്റെ മാതാവായിത്തീർന്നിരിക്കുന്നു—അവിടുത്തെ ദാസി; എങ്കിലും ഞാനൊരു കന്യകയാണെന്നതിൽ അഭിമാനിക്കുന്നു" എന്നുള്ള ചിന്തകളിൽ മുഴുകി പരിശുദ്ധ കന്യകാമറിയം തന്റെ തിരുക്കുമാരനെ അഭിവീക്ഷിക്കുന്നു. (എ. ഫെൽക്കസ്റ്ററ് എന്ന പ്രസിദ്ധ കലാകാരൻ ആലേഖനംചെയ്ത ഒരു ചിത്രമാണിതു്.)

ഒരുദിവസം ധ്യാനനിരതയായിരുന്ന നിന്റെ മുമ്പിൽ പെട്ടെന്നൊരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു. അമ്മേ! അതുകണ്ടു ഭയമൂകയായിരുന്ന നിന്നോടു സ്തുതി ചൊല്ലിയ ആ സന്ദേശവാഹി ഉണർത്തിച്ച സന്തോഷവാർത്ത എന്തായിരിക്കാം? പരിശുദ്ധാരൂപിയുടെ പ്രസാദവരത്താൽ നിന്നിൽ ദൈവപുത്രൻ ജനിക്കുമെന്ന മംഗളവാർത്തയായിരുന്നുവല്ലോ അതു്.

അത്ഭുതങ്ങളിൽ അത്ഭുതവും പരമാനന്ദപ്രദവുമായ ആ വാർത്ത നിനക്കു പരിഭ്രമത്തെയാണല്ലോ പ്രദാനം ചെയ്തതു്. കന്യകയായി ജീവിക്കുന്ന നീ അമ്മയാകുന്നു. പരസ്പരവിരുദ്ധമായ ഈ സംഗതി നിന്നെ അത്ഭുതപരതന്ത്രയാക്കി. ഒടുവിൽ ദൈവം സർവ്വശക്തനാണെന്ന ഒരേ ഒരു വിചാരം നിന്നെ അതിൽനിന്നു വിമുക്തയാക്കി. ദൈവാഭിഷ്ടത്തിനു നീ താഴ്മയോടെ തലകുനിച്ചു. ആ നിമിഷത്തിൽ ദൈവപുത്രൻ നിന്നിൽ ജനിച്ചു. അങ്ങനെ നീ ഒരമ്മയായി; ദൈവമാതാവായി.

അതിനാറുമാസം മുമ്പാണല്ലോ നിന്റെ ഇളയമ്മയായ എലിശബാ ഗർഭംധരിച്ചതു്. ഈ സന്തോഷവാർത്തയും ദൈവദൂതൻവഴിയായി നീ അറിഞ്ഞു. ഉടനെ നീ അവിടേക്കു പുറപ്പെട്ടു, നിന്റെ ദായാദിയെ ശുശ്രൂഷിക്കുവാൻ. നിന്നെ കണ്ട ഉടനെ എലിശബാ പരിശുദ്ധാരൂപിയാൽ പൂരിതയായി നീ വാഴ്ത്തപ്പെട്ടവളാകുന്നുവെന്നും നിന്റെ വയററിൻ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നുവെന്നും പറഞ്ഞു നിന്നെ അനുമോദിച്ചു. മൂന്നുമാസം മുഴുവൻ നീ അവിടെ താമസിച്ചു ശുശ്രൂഷചെയ്തു. അങ്ങനെ നീ ലോകത്തിലെ ഒന്നാമത്തെ പ്രസിദ്ധനേഴ്‌സായി, നല്ലൊരു മാതൃക നഴ്‌സകുലത്തിനു നല്കി, ശുശ്രൂഷയുടെ മാഹാത്മ്യം ലോകത്തിനു കാണിച്ചുകൊടുത്തു.

അതിനുശേഷം നീ മടങ്ങിയെത്തി. എന്നിട്ടും അമ്മേ! നിന്റെ ദിവ്യഗർഭത്തെപ്പററി പരിശുദ്ധനായ നിന്റെ ഭർത്താവിനെ ഒന്നറിയിക്കുവാൻ നിന്റെ അഗാധവിനയം അനുവദിച്ചില്ലല്ലോ. ഗർഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തെല്ലൊന്നുമല്ല യൗസേപ്പിനെ സമാധാനപ്പെടുത്തിയതു അദ്ദേഹത്തിനു നിന്നിലുണ്ടായിരുന്ന അടിയുറച്ച സ്നേഹവിശ്വാസങ്ങളല്ലാതെ മറെറന്താണ്? എന്നിരുന്നാലും മനുഷ്യസഹജമായ സന്ദേഹങ്ങൾ അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നു. നിന്നെ വിട്ടുപിരിയുവാൻപോലും അവ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഒടുവിൽ നിന്റെ സ്നേഹഭർത്താവിനെ സമാശ്വസിപ്പിക്കുവാൻ ദൈവദൂതനാണല്ലോ എത്തിയതു്. അമ്മേ! അമ്മ നിർമ്മലയാണെന്നും ദൈവപുത്രനെയാണു അമ്മ ഗർഭംധരിച്ചിരിക്കുന്നതെന്നുമുള്ള ദൈവദൂതന്റെ സന്ദേശം യൗസേപ്പിനെ എത്രകണ്ടു സന്തോഷിപ്പിച്ചിരിക്കണം.

അങ്ങനെ ദിവസങ്ങളും മാസങ്ങളും ഒന്നൊന്നായി കടന്നുപോയി. ദിവ്യശിശുവിനെ പ്രസവിക്കേണ്ട കാലമടുത്തു. ആ അവസരത്തിലാണല്ലോ കാനേഷുമാരിക്കണക്കെടുക്കുവാൻ എല്ലാവരും ബെദ്‌ലഹമിൽ എത്തണമെന്നു് അന്നത്തെ റോമാധിപതിയായിരുന്ന അഗസ്റ്റസ് സീസർ ആജ്ഞാപിച്ചതു്. അധികാരിയുടെ കല്പന ദൈവകല്പനപോലെ കരുതി അമ്മയും അതിനു പുറപ്പെട്ടു. വാഹനങ്ങളൊന്നുമില്ലാത്ത അക്കാലത്തു് പൂർണ്ണഗർഭിണിയായിരിക്കുന്ന അവസരത്തിൽ കുന്നും മലയും കയറി കുണ്ടും കുഴിയും കടന്നു് സുദീർഘമായ ഒരു യാത്ര കഴിച്ചു് അവിടെ എത്തുവാൻ അമ്മയെ പ്രേരിപ്പിച്ചതു് അമ്മയുടെ അഗാധമായ അനുസരണയല്ലാതെ മറെറന്താണു്?

ബഹുവിധക്ലേശങ്ങൾ സഹിച്ചു് ക്ഷീണിക്കുമ്പോൾ വൃക്ഷത്തണലിലിരുന്നു വിശ്രമിച്ചു്, പട്ടിണിയുടെ കൊടുംയാതനകളനുഭവിച്ചു്, കഷ്ടപ്പെട്ടു്, നീ ഭർത്തൃസമേതം ബെദ്‌ലഹം പട്ടണത്തിൽ പ്രവേശിച്ചു. അമ്മേ! അന്നത്തെ നിന്റെ അവശത ആരു ശ്രദ്ധിച്ചു? നീ വാടിത്തളർന്നു് വഴിയിൽ വീണുപോകാതിരുന്നതു ദൈവസഹായം ഒന്നുകൊണ്ടുമാത്രമാണല്ലോ.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും അവിടെ എത്തിച്ചേർന്ന ജനാവലിയുടെ തിരക്കുകൊണ്ടു് രാത്രി കഴിച്ചുകൂട്ടുവാൻപോലും സത്രത്തിൽ സ്ഥലം കിട്ടിയില്ല. തെരുവുതോറും ചുററിനടന്നു് പണക്കാരുടേയും പാവപ്പെട്ടവരുടേയും എന്നുവേണ്ട കാണുന്ന പടിവാതിലുകളെല്ലാം മുട്ടിനോക്കിയിട്ടും ഫലമൊന്നുമുണ്ടായില്ല. അനുകമ്പയുടെ കരം ആരും നിന്റെമേൽ നീട്ടിയില്ല. കരുണകാണിക്കാതെ എല്ലാവരും കടന്നുപോയി. കനിവററലോകം നിന്റെമുമ്പിൽ കതകടച്ചുകളഞ്ഞു. അമ്മേ! പൂർണ്ണഗർഭിണിയായിരിക്കുന്ന നിലയിൽ

നിന്നെ കണ്ടിട്ടുകൂടിയും അത്രമാനയുള്ള ഘട്ടങ്ങൾ പലവട്ടം തരണംചെയ്തിട്ടുള്ള തരുണിമാർപോലും നിനക്കുവേണ്ടി ശുപാർശ പറഞ്ഞില്ല. പിന്നെ പുരുഷന്മാരുടെ കാര്യമെന്തിനു പറയുന്നു!

ഗർഭിണിയും സുന്ദരിയും യുവതിയുമായ നീ യൗസേപ്പുമൊരുമിച്ച് പടികൾതോറും കയറിയിറങ്ങി നടക്കുന്നതു കണ്ടിട്ട് പരിശുദ്ധരായ നിങ്ങളെ എത്രപേർ പരിഹസിച്ചിരിക്കും! ആരൊക്കെ നിങ്ങളെ തെറിവിളിച്ചിട്ടുണ്ടാകുമെന്നാരു കണ്ടു! ആ വിഷമസംഘട്ടത്തിൽ ഇത്ര അകലസ്സ് ഇങ്ങനെ ഒരു യാത്ര കഴിച്ചുവന്നതിന് എത്രപേർ നിന്നെ പഴിച്ചിരിക്കും. അമ്മേ! പ്രസവനിമിഷം അടുത്ത നിന്റെ മനോവ്യാകുലതയോടുകൂടിയുള്ള ആ നടപ്പ് ഇന്നും കൺമുമ്പാകെ കാണുന്നതുപോലെ തോന്നുന്നു. അതിന്റെ ഛായ ഒരിക്കലും മായാത്തതുപോലെ മാനവകുലത്തിന്റെ മനോമുകുരത്തിൽ പതിഞ്ഞുകിടക്കുന്നുണ്ട്.

ആ അവശഘട്ടത്തിൽ അമ്മ ഒരു കാലിത്തൊഴുത്തിലാണല്ലോ അഭയം പ്രാപിച്ചത്. അതെ, അമ്മയ്ക്കു സ്വാഗതം നൽകുവാൻ ജീർണ്ണിച്ചുകിടന്ന ഒരു പശുത്തൊഴുത്തു മാത്രം ശേഷിച്ചു. കായരാശോകത്തോടുകൂടി നീ അതിൽ പ്രവേശിച്ചു. ഇതികർത്തവ്യതാമൂഢനായി, വ്യാകുലചിത്തനായി യൗസേപ്പും നിന്നെ അനുഗമിച്ചു. അതിലുണ്ടായിരുന്ന മൃഗങ്ങൾ നിങ്ങൾക്കു സ്വാഗതമരുളി.

താമസംവിനാ ഒരു പൊന്നുണ്ണിയെ നീ പ്രസവിച്ചു ഇരുളടഞ്ഞതും അഴുക്കു നിറഞ്ഞതുമായ ആ കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ. സൂതികർമ്മിണികളും ആരുംതന്നെ നിന്നെ സഹായിക്കുവാനുണ്ടായിരുന്നില്ല. നീ ഉണ്ണിയെ എടുത്തു തഴുകി മുത്തി. വസ്ത്രാഞ്ചലംകൊണ്ടു പുതപ്പിച്ചു വൈക്കോലിൽ കിടത്തി. പാപംകൊണ്ടു നരകത്തോളം ആണ്ടുപോയ നരകുലത്തെ നാകംവരെ ഉയർത്തുവാൻ ലോകത്തിൽ അവതീർണ്ണനായ ക്രിസ്തുവായിരുന്നുവല്ലോ ആ ശിശു. അത്യുന്നതനായ ദൈവത്തിന്റെ ഏകപുത്രൻ, രാജാധിരാജനായ മിശിഹാ, ഒരു പശുത്തൊഴുത്തിൽ ജനിച്ചിരിക്കുന്നു. ലോകസുഖങ്ങളെ അതിരുകവിഞ്ഞാഗ്രഹിക്കുന്ന നരകുലം ആ ദൈവപുത്രന്റെ എളിമയുടെമുമ്പിൽ ഇന്നും ലജ്ജിച്ചു തല താഴ്ത്തുന്നു.

അമ്മേ! മരിച്ചു മൺമറഞ്ഞ നിന്റെ പൂർവ്വികന്മാർ അത്യാകാംക്ഷയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്ന മിശിഹായെ, അവരുടെ കണ്ണുകൾ കാണുവാൻ കൊതിച്ച ക്രിസ്തുവിനെ, നീ കണ്ണുകുളിർക്കെ കണ്ടു. ഇസ്രായേലിന്റെ രാജാവു ബെദ്ലഹേമിൽ ജനിക്കുമെന്ന ആ ദീർഘദർശനവും അങ്ങനെ നിറവേറി. ദിവ്യശിശുവിന്റെ കോമളമുഖത്തു കളിയാടുന്ന ദിവ്യതേജസ്സു നിങ്ങളുടെ അവശതയും ആകുലതയും പാടേ വിപാടനംചെയ്തു. അഭിനവമായ ആനന്ദംകൊണ്ടു് നിങ്ങളുടെ മനസ്സു നിറഞ്ഞു, ഹൃദയം തുടിച്ചു.

അജ്ഞതയിൽ ആണ്ടുപോയിരുന്ന ലോകം സുഖസുഷുപ്തിയിൽ ലയിച്ചിരുന്ന ആ സമയത്തു് നീ ഭക്ത്യാവേശമിച്ച ആ ഓമനക്കുഞ്ഞിന്റെ മുമ്പിൽ മുട്ടുകുത്തി, സാഷ്ടാംഗപ്രണാമം ചെയ്തു. അവിടെയുണ്ടായിരുന്ന മിണ്ടാപ്രാണികളായ മൃഗങ്ങളും അതോടൊപ്പം ശിരസ്സു നമിച്ചു. ആ പുൽക്കൂട്ടിൽ പള്ളികൊള്ളുന്ന ദൈവകുമാരനു ആരാധന അർപ്പിക്കുവാൻ വിശേഷബുദ്ധിയുള്ള മനുഷ്യരാരും ഉണ്ടായിരുന്നില്ല. ലോകോദ്ധാരകനായ ദൈവപുത്രനു ആരാധന അർപ്പിക്കുവാൻ കേവലം കന്നുകാലികൾ മാത്രം ശേഷിച്ചു. അവ അകമഴിഞ്ഞു അവിടുത്തെ ആരാധിച്ചു.

അമ്മേ! പട്ടുമെത്തയിൽ പള്ളികൊള്ളേണ്ട ആ പരമരാജകുമാരൻ പഴയ വൈക്കോലിൽ പഴന്തുണി ചുററിക്കിടന്നു് രാത്രിയിലെ കുളിർകാററേററു വിറയ്ക്കുന്നതു കണ്ടിട്ട് കാരുണ്യവതിയായ നിന്റെ കരളലിഞ്ഞുപോയല്ലോ. നീ ഉണ്ണിയെ തലോടി തണുപ്പു മാററി. സ്വർഗ്ഗത്തിൽനിന്നു പാറിപ്പറന്നുവന്ന ദൈവദൂതന്മാർ സ്തോത്രഗീതങ്ങൾ പാടി അവിടുത്തെ മഹത്വം വെളിപ്പെടുത്തി. ശ്രുതിമധുരമായ ആ ഗാനാലാപം നിശയുടെ നിശ്ശബ്ദതയിൽ അവിടെങ്ങും മാറെറാലികൊണ്ടു. എന്നാൽ സുഖനിദ്രയിലാണ്ടുകിടന്നിരുന്ന ലോകത്തിന്റെ കാതുകളിൽ അതു കടന്നില്ല.

അസഹനീയമായ ശൈത്യം സഹിച്ച് അകലെയുള്ള മലഞ്ചെരിവുകളിൽ ആടുകൾക്കു കാവൽകിടന്നിരുന്ന ആട്ടിടയന്മാരുടെ ചെവികളിൽ അതു അലതല്ലി. അവർ പരിഭ്രമിച്ചെഴുന്നേററു. ചുററുപാടും പകച്ചുനോക്കി. ആ അത്ഭുതസംഭവം ദൈവദൂതൻവഴിയായി ഗ്രഹിച്ചു. തുടിക്കുന്ന ഹൃദയത്തോടുകൂടി അവർ അവിടെനിന്നും ഓടി. ഒരു താരം അവർക്കു വഴിതെളിച്ചു. അവർ ബദ്ധപ്പെട്ട് ബെദ്ലഹേമിൽ എത്തി.

അമ്മേ! എന്താണവരവിടെ ദർശിച്ചതു്? ഹൃദയംഗമമായ ആ രംഗം എന്തായിരുന്നു? കാലിത്തൊഴുത്തിലെ മങ്ങിയ വെളിച്ചത്തിൽ കോമളതരുണിയായ നീയും യൗസേപ്പും ധ്യാനനിരതരായി, സന്തോഷചിത്തരായി, അഞ്ജലി കൂപ്പി നില്ക്കുന്നു. പുൽക്കൂട്ടിലെ പഴയ വൈക്കോലിൽ പരമപരിശുദ്ധത കളിയാടുന്ന ഒരു പിഞ്ചിളംപൈതൽ പഴന്തുണിചുററിക്കിടക്കുന്നു. ആ കുഞ്ഞിന്റെ ജ്യോതിസ്സു കണ്ട ഇടയന്മാരുടെ ഹൃദയം സ്വർഗ്ഗീയാനന്ദംകൊണ്ടു നിറഞ്ഞു. അഭൗമമായ ഒരു തേജസ്സ് അവരുടെ മുഖകമലങ്ങളിൽ കളിയാടി. ആ ദിവ്യശിശു അധർമ്മത്തിന്റെ അടിമത്തത്തിൽനിന്നും ലോകത്തെ ഉദ്ധരിക്കുവാൻ അവതരിച്ചിരിക്കുന്ന ദൈവസുതനാണെന്നു് അവർക്കു മനസ്സിലായി. അവർ അവിടുത്തെ സർവ്വാധിപത്യത്തെ അംഗീകരിച്ചാരാധിച്ചു, ആ പാദപങ്കജങ്ങളിൽ താണുതൊഴുതു.

നാളേറെ കഴിയേണ്ടിവന്നില്ല ഇരുൾനിറഞ്ഞ നീലാംബരത്തിൽ ഒരു കൊച്ചു താരക ഉദിച്ചുയർന്നു. അന്നേവരെ

**പള്ളിസാമാനങ്ങൾ**

പിച്ചളകത്തിസാൾ, ഫ്ളവർവാസ്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണ്.

ആരുംകണ്ടിട്ടില്ലാത്ത ശോഭയേറിയ ഒരു നക്ഷത്രം. അതിന്റെ കനകക്കതിർ ചുററുപാടും വീശി. പാപത്തിന്റെ പാഴ്ക്കുണ്ടിലേക്കു ആണ്ടുപോയ ലോകത്തിന്റെ കണ്ണുകളിൽ അതു പെട്ടില്ല. ആ പുതുനക്ഷത്രത്തിന്റെ പ്രകാശം മൂന്നു പൗരസ്ത്യപണ്ഡിതന്മാരുടെ ദൃഷ്ടികൾക്കു ഗോചരമായി, ഭൂപാലകരായ അവരുടെ മനസ്സിനെ തട്ടിയുണർത്തി.

ഗണിതശാസ്ത്രത്തിൽ വിശാരദരായ അവർ ശാസ്ത്രീയമായ വിധത്തിൽ ആരാഞ്ഞുനോക്കി, ആ കൊച്ചു താരകയുടെ അർത്ഥമെന്താണെന്നറിയുവാൻ. ഒടുവിൽ പഴയൊരു പ്രവചനത്തിൽ പറഞ്ഞിട്ടുള്ള നക്ഷത്രമാണതെന്നു അവർ മനസ്സിലാക്കി. ദൈവം മനുഷ്യനായി അവതരിച്ചു എന്ന സത്യം അവർക്കു വിശദമായി. അങ്ങനെ ആ താരക ബെദ്ലഹേമിലെ കാലിത്തൊഴുത്തിലേക്കു അവരെ നയിച്ചു.

ആ പണ്ഡിതശ്രേഷ്ഠന്മാർ ഉടനെ പുറപ്പെട്ടു. ആ നക്ഷത്രത്തിന്റെ പ്രകാശപ്രചുരിമയുടെ പുറകെ അവർ പോയി. അനേകനാഴിക സഞ്ചരിച്ച് അവർ ബെദ്ലഹേമിൽ എത്തി. നക്ഷത്രം ദിവ്യശിശു കിടക്കുന്ന കാലിത്തൊഴുത്തിന്റെ മുകളിൽ ചെന്നുനിന്നു. അവർ അതിനകത്തേക്കു കടന്നുചെന്നു. സ്വർഗ്ഗീയപ്രഭകൊണ്ടവരുടെ കണ്ണുകൾ മങ്ങി. അവർ സൂക്ഷിച്ചുനോക്കി. അമ്മേ! എന്തൊരു കാഴ്ച കാണുവാനാണവരുടെ കണ്ണുകൾക്കു് ഭാഗ്യം സിദ്ധിച്ചതു്! കറതീണ്ടാത്ത കന്യകയായ നിന്റെ മടിത്തട്ടിൽ സിംഹാസനാരോഹണം ചെയ്തിരിക്കുന്ന ദിവ്യ ഉണ്ണിയെ അവർ കണ്ടു, അവരുടെ അകമലർ വിടർന്നു, സന്തോഷാധിക്യത്താലവർ പുളകംകൊണ്ടു. ആ വിശൈകസമ്രാട്ടിനു സ്വർണ്ണം, മീറ, കുന്തുരുക്കം എന്ന രാജോചിതകാഴ്ചകൾ സമർപ്പിച്ചു്, സാഷ്ടാംഗം നമസ്കരിച്ചു.

അമ്മേ! അങ്ങനെ നീ ദൈവകുമാരന്റെ മാതാവായി, സ്ത്രീകളിൽ ആശിർവ്വദിക്കപ്പെട്ടവളായി, മഹിളാമണികളിൽ വെച്ചു മഹത്വപ്പെട്ടവളായി, സർവ്വലോകസംപൂജ്യയായി.

ആരോഗ്യപംക്തി

# പ്രസവത്തെപ്പററി സ്ത്രീകൾ

## അറിഞ്ഞിരിക്കേണ്ട സംഗതികൾ

(ഡി)

ലോകത്തിൽവച്ചു ശിശുമരണം അധികമുള്ള രാജ്യങ്ങളിൽ ഇൻഡ്യ രണ്ടാംസ്ഥാനമാണത്രെ വഹിക്കുന്നതു്. എന്താണ് ഇത്രയധികം ബാലമരണത്തിനു കാരണം? കണക്കും കാര്യങ്ങളും പരിശോധിച്ചാൽ കാണാം ഈ ബാലമരണത്തിൽ മുക്കാൽഭാഗവും മൃതശിശുപ്രസവത്തിൽ കലാശിക്കുന്നവെന്നു്. ബാക്കിയുള്ള കാൽഭാഗം പ്രസവം കഴിഞ്ഞശേഷവും. ഗർഭകാലത്തു ഗർഭിണികളുടെ നോട്ടക്കുറവും ഗർഭശാസ്ത്രത്തെക്കുറിച്ച് അവർക്കുള്ള അജ്ഞതയുമാണു് ഇതിനൊക്കെ കാരണം. നമ്മുടെ ഇൻഡ്യയിൽ ദരിദ്രകോടികളാണല്ലോ ഉള്ളതു്. ഇവർക്കുണ്ടോ സൂതികാലയവും മററും? സിനിമാശാലകളും തൊഴുത്തും തീവണ്ടിമുറിയോമററോ ആയിരിക്കും ഇവരുടെ സൂതികാലയം. മിഡ് വൈഫിനേയും, ലേഡിഡോക്ടറേയും കൊണ്ടുവരുവാനുള്ള കഴിവുകൾ ഇവർക്കില്ലല്ലോ. നമ്മുടെ നാട്ടിലാണെങ്കിൽ ജനപ്പെരുപ്പം ഇവർമുഖാന്തിരമാണുണ്ടാവുന്നതും. അജ്ഞതയിലും അനാരോഗ്യത്തിലും കിടന്നു മറിയുന്ന ഒരു ലോകത്തിലേക്കാണു പുതിയ പ്രജകളുടെ വരവ്. പിന്നെയെങ്ങനെയാണ് ബാലമരണം സംഭവിക്കാതിരിക്കുക.

ഗർഭധാരണത്തിനുശേഷം പ്രസവിച്ച കുട്ടിയെ അപകടമേഖലയിൽനിന്നും രക്ഷപെടുത്തുന്നതുവരെയുള്ള ഭാഗം എത്രയും ചുരുക്കി വിവരിക്കുവാനാണ് ഈ ലേഖനത്തിൽ ഞാൻ ഉദ്ദേശിക്കുന്നതു്.

ഗർഭധാരണത്തിനുശേഷം ആദ്യമായി ശ്രദ്ധിക്കേണ്ടതു മലശോധനയിലും മൂത്രത്തിലുമാകുന്നു. കഴിയുന്നതും, പ്രത്യേകിച്ചു രാത്രിയിൽ, ഘനപദാർത്ഥങ്ങൾ ഭക്ഷിക്കരുതു്. ദ്രാവകരൂപത്തിലുള്ള ആഹാരം കഴിക്കുന്നതാണ് എത്രയും നല്ലതു്. ഗർഭം അഞ്ചുമാസം ചെന്നാൽ ആഴ്ചയിലൊരിക്കലെങ്കിലും ആവണക്കെണ്ണയുപയോഗിച്ചു വയറിളക്കേണ്ടതാണ്. എട്ടുമാസം ചെന്നാൽ ദിവസേന രാത്രി കിടക്കുവാൻപോകുമ്പോൾ ഓരോ കരണ്ടി ആവണക്കെണ്ണ കുടിക്കുന്നതു നല്ലതാണ്. ഇതോടൊപ്പംതന്നെ മൂത്രശോധനയും വേണ്ടതാണ്. വേണ്ടത്ര മൂത്രശോധനയില്ലാത്തതിനാലാണ് ഗർഭകാലത്തു് "അപസ്മാര"മിളകുന്നതു്. ബാർലിവെള്ളം മൂത്രശോധനയെ ഉണ്ടാക്കുന്നു. മൂത്രം കുറഞ്ഞുവരികയും ചുവപ്പുവർണ്ണമായി വരികയും ചെയ്യുമ്പോൾ ബാർലിവെള്ളം കുടിക്കേണ്ടതാണ്. ഈ പറഞ്ഞ ലക്ഷണം വരാൻപോകുന്ന പല ഭയങ്കരരോഗങ്ങളുടേയും ഒരു മുന്നറിവായിക്കൂടി കരുതേണ്ടതാണ്. വയറിനെ ഞെക്കിക്കൊണ്ടു വസ്ത്രധാരണം ചെയ്യരുതു്. വ്യായാമം അത്യാവശ്യമാണ്. തുറന്ന കാററുകിട്ടുന്ന മുറിയിലേ ഉറങ്ങാവൂ.

രണ്ടാംമാസം തൊട്ടു നാലാംമാസംവരെ ഛർദ്ദിയുണ്ടായേക്കും. ഇതിനുള്ള പരിഹാരം കാലത്തു എഴുന്നേൽക്കുന്നതിനുമുമ്പായി കിടന്നദിക്കിൽനിന്നു തലപൊക്കാതെ കുറച്ചു ചായയോ കാപ്പിയോ കുടിച്ചു അവിടെത്തന്നെ കുറച്ചുനേരംകൂടി കിടക്കുകയാണ്. കൊത്തമ്പാലരി അരച്ചു് അരി കഴുകിയ വെള്ളത്തിൽ കലക്കി കുടിക്കുന്നതും നല്ലതാണ്.

ഏഴാംമാസം കഴിഞ്ഞാൽ ചിലക്ക് അപസ്മാരമുണ്ടായേക്കും. ഇതിന്റെ ലക്ഷണമാണു് കുറച്ചു മുമ്പു പറഞ്ഞ മൂത്രശോധനക്കുറവും മൂത്രത്തിന്റെ നിറപ്പകർച്ചയും. കൂടാതെ ഉറങ്ങുവാനുള്ള ആഗ്രഹം അധികമാകുക, കാലിനു വീക്കവും കൺപോളകൾക്കു തടിപ്പും ഉണ്ടാവുക, കൂടെക്കൂടെ തലവേദനയുണ്ടാവുക എന്നിവയുംകൂടി ഉണ്ടാവും. ഈ ലക്ഷണങ്ങളെല്ലാം കണ്ടാലുടൻ ഡോക്ടറെ സമീപിക്കയാണു നല്ലതു്.

ഗർഭകാലത്തു് കോഡ് ലിവർ ഓയിൽ മുതലായ പോഷകസാധനങ്ങൾ കഴിക്കുന്നതു് നല്ലതാണു്. മുലപ്പാലിൽ സ്വതവെ കുറവുള്ള രണ്ടാം ജീവകവും നാലാംജീവകവും ഈ പോഷകസാധനങ്ങളാൽ നിർമ്മിക്കുവാൻ സാധിക്കും.

ഗർഭിണി ഒരിക്കലും കോപിക്കയോ ബഹളംകൂട്ടുകയോ അരുതു്. തീവ്രമായ മനോവികാരം ഗർഭസ്ഥശിശുവിനെ അപകടത്തിലാക്കുന്നു തന്മൂലം അമ്മയുടെ സ്ഥിതിയും അപകടത്തിലാവുന്നു. വീഴ്ച മുതലായവ സംഭവിക്കാതെ സൂക്ഷിക്കണം. എല്ലായ്പോഴും പ്രസന്നവദനയായി ദുർവ്വിചാരങ്ങൾ കൂടാതെയിരിക്കയാണ് വേണ്ടതു്. മനോവികാരങ്ങളാൽ ചലിക്കപ്പെടുന്ന മാംസപേശികളും മററും ഗർഭപാത്രത്തെ അപകടത്തിലാക്കുന്നു.

### ഗർഭഛിദ്രം

ഗർഭപാത്രത്തിന്റെ ബലക്ഷയം കാരണമാണു് സാധാരണ ഗർഭഛിദ്രം ഭവിക്കുന്നതു്. കൂടാതെ മലശോധനയ്ക്കുവേണ്ടി കഴിക്കുന്ന ചില കഠിനമരുന്നുകൾ, ശക്തിയിൽ കവിഞ്ഞ ദേഹാദ്ധ്വാനം, ഗർഭപാത്രം ചുരുക്കുവാൻ ശക്തിയുള്ള ചില മരുന്നുകൾ, പെട്ടെന്നുണ്ടാകുന്ന മനോവികാരങ്ങൾ, അതിരററ ഭയം, വീഴ്ച മുതലായവ ഇതിനു കാരണമാകുന്നു.

### പ്രസവം

ഗർഭപാത്രത്തിൽ കുട്ടി കിടക്കുന്നതു് ഒരുതരം ദ്രാവകത്തിലാകുന്നു. ഈ ദ്രാവകവും കുട്ടിയും നേർമ്മയായ ഒരു സഞ്ചിയിലാണു് കിടക്കുന്നതു്. ഗർഭപാത്രത്തിന്റെ വളർച്ച പരമാവധിയെ പ്രാപിച്ചാൽ അതു ചുരുങ്ങുവാൻ തുടങ്ങുന്നു. അപ്പോൾ അതിനകത്തുള്ള ദ്രാവകത്തിനു സ്ഥലം പോരാതെവരികയും അതു പുറത്തേക്കു പോവാൻ ശ്രമിക്കയും ചെയ്യുന്നു. ഈ ശ്രമത്തിൽ ഗർഭപാത്രത്തിന്റെ വായ് വിസ്താരപ്പെടുകയും ചെയ്യുന്നു. പ്രസവവേദന ആരംഭിക്കുന്നതിനു മുമ്പുതന്നെ അതടുത്തിട്ടുണ്ടെന്നതിനടയാളമായി ഗർഭപാത്രത്തിൽനിന്നു രക്തം കലന്ന ഒരുതരം വെള്ളം പുറത്തേക്കു വരുന്നതാണു്. പിൻഭാഗത്തു നടുവിന്റെ ഇരുവശത്തും കഠിനമായും നാഭിയുടെ ഇരുഭാഗത്തും അല്പാല്പമായും ഉണ്ടാകുന്ന വേദനയാണു് പ്രസവവേദന. ഒരുതരം കള്ളവേദന ഈ സമയത്തുണ്ടായേക്കാം. അതു വയററിനു ചുററുപാടുമുള്ളതായിരിക്കും. വേദന നന്നെ [illegible]യിരിക്കും.

പ്രസവവേദനയെന്നു തീർച്ചപ്പെട്ടാൽ ഗർഭിണിയെ കിടക്കുവാനനുവദിക്കാതെ വല്ല സരസസംഭാഷണംകൊണ്ടു് ആഹ്ലാദിപ്പിക്കണം. നടന്നുകൊണ്ടിരിക്കുന്നതാണുത്തമം. അല്ലെങ്കിൽ കുത്തനെ ഇരിക്കാം. അല്പാല്പമായി വല്ല ലഘുഭക്ഷണവും കൊടുക്കാം. പെട്ടെന്നു നോവു നിന്നുപോകും. അല്ലെങ്കിൽ വേദനയ്ക്കു ഒരു മന്ദത തോന്നും. ഇതിൽനിന്നും വായ് വിസ്താരംവെച്ചു കീഴ്പോട്ടിറങ്ങിക്കൊണ്ടിരുന്ന സഞ്ചി ഉടഞ്ഞു എന്നു തീരുമാനിക്കാം. ഇപ്രകാരം സംഭവിക്കാതെ, അതായതു പ്രസവവേദന ആരംഭിച്ചശേഷം പന്ത്രണ്ടുമണിക്കൂറും, ശേഷം ആറോ ഏഴോ മണിക്കൂറും കഴിഞ്ഞിട്ടു് വേദന മാറാതിരുന്നാൽ ഉടനെ ഡോക്ടറെ സമീപിക്കേണ്ടതാണു്.

സഞ്ചി ഉടഞ്ഞശേഷം കുട്ടി കീഴ്പോട്ടിറങ്ങുമ്പോൾ വേദന അധികമായിത്തുടങ്ങും. ഈ സമയത്തു കിടക്കുകയും കരയാതിരിക്കുകയും വേണം. സഞ്ചി ഉടഞ്ഞു വെള്ളം പുറത്തുവന്നശേഷം രണ്ടുരണ്ടേകാൽ മണിക്കൂറിനുള്ളിൽ കുട്ടി പുറത്തുവരാത്തപക്ഷം ഉടനെ ഡോക്ടറെ വിളിക്കേണ്ടതാണു്.

കുട്ടി വെളിക്കുവന്നാൽ പെട്ടെന്നു വേദന നില്ക്കുകയും, അതോടുകൂടി കുളിരും

(ശേഷം 4-ാം പേജിൽ)

# കത്തോലിക്കാ പൗരോഹിത്യം

## ജൂബിലേറിയനായ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

ആസന്നമായ പൗരോഹിത്യ രജതജൂബിലിസംബന്ധിച്ച് വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ട് പുറപ്പെടുവിച്ച ഇടയലേഖനത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു:-

മിശിഹായുടെമനുഷ്യാവതാരത്തെ അനുസ്മരിപ്പിക്കുന്ന ആഗമനകാലം ഇതാ സമാഗതമായിരിക്കുന്നു. ഈ ദിവസങ്ങളിൽത്തന്നെയാണ് അയോഗ്യനായ നാം പൗരോഹിത്യപദത്തിലേക്കുയർത്തപ്പെട്ടിട്ട് ഇരുപത്തിയഞ്ചുവത്സരം പൂർത്തിയാകുന്നത്. 1926 ഡിസംബർ 18-ാംനു നിത്യനഗരത്തിൽവച്ച് പരിശുദ്ധപിതാവു പതിനൊന്നാംപിയൂസ് തിരുമനസ്സിലെ വികാരിജനറാൾ അത്യുന്നതകർദ്ദിനാൾ പൊമ്പിലി തിരുമേനിയുടെ കരങ്ങളിൽനിന്നു് നാം വൈദികപട്ടം സ്വീകരിച്ചു പിറേറദിവസം, അന്നു വൈദികവിദ്യാർത്ഥികളായിരുന്ന തൃശൂർമെത്രാൻ മൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുടേയും, കോട്ടയംരൂപതയിൽപ്പെട്ട റവ. ഫാദർ സിറിയക്ക് മററം അവർകളുടേയും സഹായത്തോടെ സെൻറ് പീറേറഴ്സിൽ വിശുദ്ധ പത്രോസിൻറ തിരുശ്ശരീരകുടീരത്തിലുള്ള ബലിപീഠത്തിൽ നവപൂജ അർപ്പിക്കുകയും ചെയ്തു. ഈ സുദിനങ്ങൾ രണ്ടും നമ്മുടെ ജീവിതത്തിലെ ഏററം സൗഭാഗ്യകരങ്ങളും സുപ്രധാനങ്ങളുമായവയാണെന്നുള്ളതിനു സംശയമില്ല. എങ്കിലും തല്ലൗകികസാഹചര്യങ്ങൾ മുന്നിർത്തി തീരെ അനാഡംബരമായവിധത്തിൽ ഈ ജൂബിലി ആഘോഷിച്ചാൽ മതിയെന്നുള്ളതായിരുന്നു നമ്മുടെ ആഗ്രഹം. പക്ഷെ, ഈ അവസരം യഥാർഹം കൊണ്ടാടണമെന്നുള്ള നിങ്ങളുടെയെല്ലാം ആഗ്രഹത്തിനു് വിധേയനാകുവാൻ നാം ഇപ്പോൾ നിർബന്ധിതനായിരിക്കയാണ്. നിങ്ങളുടെ സഹൃദമായ ഈ സംരംഭത്തെ സ്വാഗതംചെയ്യുന്നതു് വ്യക്തിപരമായവിധത്തിൽ എന്നതിനെക്കാൾ കത്തോലിക്കാ പൗരോഹിത്യത്തോടുള്ള ഭക്ത്യാദരപ്രകടനമായി ഇതിനെ പരിഗണിക്കുന്നതുകൊണ്ടാണ്. അതിനാൽ ഈ ആഗമനകാലവും നമ്മുടെ ജൂബിലിയും പ്രമാണിച്ച് കത്തോലിക്കാ പൗരോഹിത്യത്തെക്കുറിച്ച് ചില സംഗതികൾ നിങ്ങളെ അനുസ്മരിപ്പിക്കുന്നതു് അവസരോചിതമായിരിക്കുമെന്നു് കരുതുന്നു

വൈദികൻ "ഭൂമിയുടെ ഉപ്പും ലോകത്തിൻറ വെളിച്ചവുമാണ്." ഭക്ഷണസാധനങ്ങൾ ചീഞ്ഞഴിഞ്ഞുപോകാതെ സൂക്ഷിക്കുകയാണ് ഉപ്പിൻറ ഉപയോഗം. മനുഷ്യാത്മാക്കളെ വഷളാക്കുന്ന പാപത്തെ നശിപ്പിച്ച് നമുക്ക് ആദ്ധ്യാത്മികജീവൻ പ്രദാനംചെയ്യുകയെന്നുള്ളതായിരുന്നു മനുഷ്യാവതാരത്തിൻറ ഉദ്ദേശ്യം. ഈ ജോലിതന്നെയാണ് ഒരു വൈദികൻ തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നതും. വിശ്വാസികളുടെ ആത്മീയജീവനെ സംബന്ധിച്ച് വൈദികൻ നിർവ്വഹിക്കുന്ന ദിവ്യമായ ഈ ജോലിയെ സുഭഗസ്മരണാർഹനായ പതിനൊന്നാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, ക്രിസ്തീയപൗരോഹിത്യത്തെപ്പററിയുള്ള തിരുവെഴുത്തിൽ ഏററം ഹൃദയാവർജ്ജകവും സുന്ദരവുമായവിധം വർണ്ണിച്ചിരിക്കുന്നതു കേൾക്കുവിൻ: "വൈദികൻ ക്രിസ്തീയ വിശ്വാസികളുടെ അടുക്കൽ അവരുടെ ഐഹികജീവിതത്തിൻറ എല്ലാ പ്രധാനഘട്ടത്തിലും നില്ക്കൊള്ളുന്നതായി കാണാം. മനുഷ്യൻ സൂര്യപ്രകാശത്തിലേക്ക് ആദ്യമായി പ്രവേശിക്കുമ്പോൾ ശ്രേഷ്ഠവും അനർഘവുമായ ജീവൻ—അതായതു്, അവനെ ദൈവത്തിൻറയും തിരുസ്സഭയുടെയും പുത്രനാക്കിത്തീർക്കുന്ന സ്വാഭാവാതീതജീവൻ—പ്രദാനംചെയ്തുകൊണ്ട് വൈദികൻ വിശുദ്ധജലത്തിൻറ തൊട്ടിയുടെ പക്കൽവച്ച് അവനെ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. വീണ്ടും ആത്മീകസമരത്തിൽ അവനെ കൂടുതൽ ജാഗരൂകനാക്കിത്തീർക്കുന്നതിനു വേണ്ടി പ്രത്യേകസ്ഥാനങ്ങൾ ഉയർത്തപ്പെട്ടിട്ട്, വൈദികൻ സ്ഥൈര്യലേപനം എന്ന കൂദാശ വഴിയായി ആയാളെ ക്രിസ്തുവിൻറ സൈന്യത്തിൽ ചേർക്കുന്നു. സ്വർഗ്ഗത്തിൽനിന്നു് നൽകപ്പെട്ടിരിക്കുന്ന മാലാഖമാരുടെ അപ്പത്തെ തിരിച്ചറിയുവാനും, അതിനെ കാര്യമായി മതിക്കുവാനും തക്ക പ്രായം കുട്ടിക്ക വരുമ്പോൾ, സജീവവും ജീവദായകവുമായ ഈ ഭക്ഷണംകൊണ്ട് വൈദികൻ അവനെ തീററുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. അവൻ നിർഭാഗ്യവശാൽ വീഴുന്നതിനിടയായാൽ കുമ്പസാരം എന്ന കൂദാശയാൽ വൈദികൻ അവനെ എഴുന്നേല്പിക്കുകയും ദൈവത്തിൻറ നാമത്തിലും അധികാരത്തിലും അവനെ ബലപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യജീവിതത്തിൻറ അനുഗ്രഹം ലൗകികമുറയായി ലേക്ക പ്രചരിപ്പിക്കുകയും ഭൂമിയിൽ ക്രിസ്തീയവിശ്വാസികളുടെ എണ്ണവും നിത്യമായ സ്വർഗ്ഗീയസൗഭാഗ്യത്തിനു് തിരഞ്ഞെടുക്കപ്പെട്ടവരുടെ സംഖ്യയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൻവേണ്ടി വൈവാഹികകടമകൾമൂലം തൻറ സ്രഷ്ടാവിനു് സാഹായകമായിത്തീരുന്നതിനായി അയാൾ തിരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ, അപ്പോഴും തിരുസഭയുടെ നിയമാനുസൃതമായ ഒരു സാക്ഷിയെന്ന നിലയിൽ ആയാളുടെ വിവാഹത്തിൻറമേലും അമലമായ സ്നേഹത്തിൻറമേലും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ട് പുരോഹിതൻ ആയാളുടെ അരികിൽ നില്ക്കൊള്ളുന്നു. കടശിയായി, ഈ ഐഹികജീവിതത്തിൻറ അന്ത്യം സമീപിക്കുന്ന സമയത്തു് മനുഷ്യക്ക് ശക്തിയും ദിവ്യന്യായാധിപൻറ സാന്നിദ്ധ്യം അഭിമുഖീകരിക്കുന്നതിനുള്ള സഹായവും ആവശ്യമുള്ളപ്പോൾ, മിശിഹായുടെ ശുശ്രൂഷകൻ മരണാസന്നരായിരിക്കുന്നവരുടെ ക്ലേശഗ്രസ്തങ്ങളായ അവയവങ്ങളുടെ സമീപം വീണ്ടുംവീണ്ടും കുമ്പിട്ടുകൊണ്ട് അവയെ വിശുദ്ധസൈത്തുകൊണ്ട് ലേപനംചെയ്തു വിശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം വൈദികൻ ഐഹികപ്രവാസത്തിൻറ ഗതി മുഴുവനിലുംകൂടി നിത്യത്വത്തിൻറ കവാടംവരെ ക്രിസ്തീയ വിശ്വാസികളെ അനുഗമിച്ചശേഷം അനശ്വരമായ പ്രത്യാശയെ പ്രദ്യോതിപ്പിക്കുന്ന വിശുദ്ധകർമ്മങ്ങളുടെ പ്രാർത്ഥനകളോടുകൂടെ അവരുടെ അവശിഷ്ടങ്ങൾ കുഴിമാടത്തിങ്കലേക്കു് വഹിച്ചുകൊണ്ടുപോകുന്നു. എന്നാൽ ഇനിയും നിത്യജീവിതം കരഗതമായിട്ടില്ലാത്തവരായി അവരെ വൈദികൻ ഉപേക്ഷിക്കുന്നില്ല പിന്നെയോ ശുദ്ധീകരണവും ആശ്വാസവും ആവശ്യമാണെങ്കിൽ പ്രാർത്ഥനയുടെ ആശ്വാസത്താൽ അവരെ അയാൾ സഹായിക്കയും ചെയ്യുന്നു. ഇങ്ങനെ വൈദികൻ ശരിയായ പ്രയാണത്തിൻറ മാർഗ്ഗനിർദ്ദേശകനായും വിശ്വാസത്തിൻറയും പ്രത്യാശയുടേയും പ്രവർത്തകനായും സ്വർഗ്ഗീയവരങ്ങളുടെ പ്രദായകനായും ക്രിസ്ത്യാനികളുടെ സമീപം എല്ലായ്പ്പോഴും—അവരുടെ പിള്ളത്തൊട്ടിമുതൽ ശവകുടീരംവരെയും, സ്വർഗ്ഗസൗഭാഗ്യംവരെയുള്ള എല്ലാ നിമിഷത്തിലും — സന്നിഹിതനായിരിക്കുന്നു." "ഭൂമിയുടെ ഉപ്പായ" ഒരു വൈദികൻ വിശ്വാസികളുടെ ആത്മീയജീവനെ സംബന്ധിച്ചു നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അനസ്യൂതവും പൈതൃകവുമായ സേവനത്തിൻറ ഒരു സജീവചിത്രമാണ് ഈ വാക്കുകളിൽ തെളിഞ്ഞുകാണുന്നതു്.



ഒരു കത്തോലിക്കാവൈദികൻ "ലോകത്തിൻറ വെളിച്ചമാണ്." ദിവ്യരക്ഷകൻറ ആഗമനത്തിനു മുൻപു് എന്നതിനെക്കാൾ ലോകത്തിനു വെളിച്ചം അത്രയ്ക്കു് അത്യാവശ്യമായിരുന്ന വേറൊരു കാലഘട്ടമുണ്ടായിരുന്നില്ല. സത്യവിശ്വാസത്തിൻറ വെളിച്ചം നീതിസൂര്യനായ ദിവ്യരക്ഷകൻ തൻറ വൈദികർക്ക് നൽകിയിരിക്കുന്നു. മനുഷ്യരെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുന്നതിനു് ആവശ്യമായ തത്വസംഹിതകളും അവിടുന്നു് അവരെ ഏല്പിച്ചിരിക്കുന്നു. ഈ ജീവിതപ്രമാണങ്ങൾക്കു മാത്രമേ മനുഷ്യരെ യഥാർത്ഥസൗഭാഗ്യത്തിലേക്കും നിത്യാനന്ദത്തിലേക്കും നയിക്കുവാൻ സാധിക്കുകയുള്ളൂ. അൻഡ്രൂ അവെല്ലിനി എന്ന വിശുദ്ധൻ കൂരിരുട്ടും പേമാരിയും ഉണ്ടായിരുന്ന ഒരു രാത്രി പാവപ്പെട്ട ഒരു രോഗിയുടെ കുമ്പസാരം കേട്ട ശേഷം തൻറ വസതിയിലേക്കു മടങ്ങുകയായിരുന്നു. കോരിച്ചൊരിഞ്ഞിരുന്ന മഴയത്തു് യാത്രചെയ്തെങ്കിലും അദ്ദേഹവും സഹചരന്മാരും മഴ നനയാൻ ഇടയായില്ല. മാത്രമല്ല, മുമ്പുനടന്നിരുന്ന പ്രസ്തുത വിശുദ്ധൻറ ശരീരത്തിൽനിന്നു പ്രകാശിച്ചുകൊണ്ടിരുന്ന പ്രഭാപൂരത്താൽ വിശുദ്ധനും കൂടെയുണ്ടായിരുന്നവർക്കും വഴി തെററാതെ ഭദ്രമായി യാത്രചെയ്യുവാൻ സാധിച്ചുവെന്നും അദ്ദേഹത്തിൻറ ചരിത്രത്തിൽനിന്നും നാം അറിയുന്നു. അജ്ഞതാന്ധകാരത്തിലും അസന്മാർഗ്ഗികതയിലും കിടന്നു് തപ്പിത്തടയുന്ന നിർഭാഗ്യവാന്മാരെ സംബന്ധിച്ചേടത്തോളം "ലോകത്തിൻറ വെളിച്ചമാകുന്ന" ഒരു വൈദികൻ നിർവ്വഹിക്കുന്ന സേവനത്തിൻറ പ്രതിച്ഛായയാണ് ഈ സംഭവമെന്നു പറഞ്ഞാൽ അതിൽ വലിയ അബദ്ധമുണ്ടായിരിക്കയില്ല.

എന്നാൽ ഇതിനെക്കാളെല്ലാം ഉപരിയായി, പരിശുദ്ധ കർബ്ബാന കുമ്പസാരം എന്നീ കൂദാശകളുടെ കാർമ്മികൻ എന്ന നിലയിൽ ഒരു വൈദികനു സംസിദ്ധമായിരിക്കുന്ന അധികാരശക്തിയാണ് പൗരോഹിത്യത്തിൻറ മാഹാത്മ്യത്തെ ഇത്ര ശ്രേഷ്ഠതരമാക്കുന്നതു്. മിശിഹായുടെ ശരീരത്തിന്മേൽ അധികാരം പ്രാപിച്ചവനായി ബലിപീഠത്തിന്മേൽ അത്ഭുതകരമാംവണ്ണം എഴുന്നെള്ളിവരുവാൻ ഇടവരുത്തുകയും, ദിവ്യരക്ഷകൻറ നാമത്തിൽ നിത്യമഹത്വത്തിൻറമുൻപിൽ ഏററം ഹൃദ്യമായ ബലി സമർപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കാ പുരോഹിതൻറ അവാച്യമായ ഔന്നത്യം എത്ര സമുജ്ജ്വലമാണ്. വൈദികനു നൽകപ്പെട്ടിരിക്കുന്ന പാപമോചനാധികാരം, വി. ക്രിസോസ്റ്റംതന്നെ പറയുന്നതുപോലെ, "മാലാഖമാർക്കും മുഖ്യദൂതന്മാർക്കും നല്കപ്പെട്ടിട്ടില്ലാത്ത ഒരു അധികാരമാകുന്നു." പതിനൊന്നാം പിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നതുപോലെ, "പൗരോഹിത്യസ്ഥാനത്തേക്കു് ഉയർത്തപ്പെടുന്ന മനുഷ്യൻ പ്രസ്തുതാധികാരം ഉപയോഗിക്കുന്നതായി നാം കാണുമ്പോൾ "പാപങ്ങൾപോലും മോചിക്കുന്ന ഇയാൾ ആരാണ്" എന്ന വാക്കുകൾ ഫരിസേയരെപ്പോലെയല്ല, മറിച്ച് വിസ്മയഭരിതരായി ഭക്ത്യാദരപൂർവ്വം ഉച്ചരിക്കാതിരിക്കാൻ നമുക്കു സാധിക്കുകയില്ല." ദിവ്യബലി അർപ്പിക്കുന്നതിനും പാപമോചനം നൽകുന്നതിനുമുള്ള അധികാരം സിദ്ധിച്ചിരിക്കുന്ന വൈദികൻറ നില എത്ര അമാനുഷികവും ദിവ്യവുമാണ്. ഇതുമൂലം അദ്ദേഹം അർഹിക്കുന്ന ബഹുമാനവും വണക്കവും എത്ര അപാരം! അതിനാൽ പ്രിയമക്കളേ, വൈദികസ്ഥാനത്തേയും വൈദികരേയും നിങ്ങൾ യഥാർഹം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. ശത്രുക്കളുടെ കപടതന്ത്രങ്ങൾകൊണ്ടോ ദുഷ്പ്രചരണങ്ങൾകൊണ്ടോ ഈ ആദ്ധ്യാത്മികബന്ധം തകർന്നുപോകാതെ നിങ്ങൾ സൂക്ഷിക്കണം. നിങ്ങളുടെ ആത്മീയപിതാക്കളുടെ മാനുഷികമായ ബലഹീനതകളോ അവരോടു നിങ്ങൾക്കുണ്ടാകുന്ന താൽക്കാലികമായ അപ്രീതിയോ, അഭിപ്രായവ്യത്യാസങ്ങളോ അവരോടുള്ള ബഹുമാനത്തിലും സ്നേഹത്തിലുംനിന്നു് അണുപോലും നിങ്ങളെ അകററാതിരിക്കയും ചെയ്യട്ടെ. "നിങ്ങളെ നിന്ദിക്കുന്നവർ എന്നെ നിന്ദിക്കുന്നു" എന്ന ദിവ്യനാഥൻറ അനുശാസനം നിങ്ങളുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കയുംചെയ്യട്ടെ.

വന്ദ്യവൈദികരേ, പ്രിയമക്കളേ, നമ്മുടെ പൗരോഹിത്യസ്വീകരണത്തിൻറ ജൂബിലി പ്രമാണിച്ച് നിങ്ങളോരോരുത്തരോടും നാം ചെയ്യുന്ന അഭ്യർത്ഥന ഇതുമാത്രമാണ്. ഈ ഇരുപത്തിയഞ്ചു വത്സരങ്ങൾക്കുള്ളിൽ കാരുണ്യവാനായ ദൈവം നമുക്കും നാം വഴി നിങ്ങൾക്കും നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കുമായി നിങ്ങൾ ദൈവത്തോടു ഈ ദിവസങ്ങളിൽ പ്രത്യേകവിധം കൃതജ്ഞത

(ശേഷം 10ാം പേജിൽ)

ഫാത്തിമാബാലസമിതി

# ചന്തയാക്കല്ലേ!

പ്രിയ കുട്ടികളേ,

കുറച്ചുദിവസങ്ങൾക്കുശേഷം ഈശോ കഫർനാമിൽനിന്നും ജറുസലമിലേക്ക് യാത്രതിരിച്ചു. പെസഹാതിരുനാൾ അടുത്തിരുന്നു. 12 വയസ്സുതികഞ്ഞ എല്ലാ പുരുഷന്മാരും അതിൽ സംബന്ധിക്കണമെന്നാണ് യഹൂദനിയമം. ദേവാലയത്തിൽ ഓരോരുത്തരും സ്ഥിതിപോലെ നേർച്ചകാഴ്ചകൾ സമർപ്പിക്കയുംവേണം. എല്ലാ നിയമങ്ങളും അനുസരിക്കുന്നതിൽ ദിവ്യരക്ഷകൻ അത്യധികം ഉത്സുകനായിരുന്നല്ലോ.

ആ വിശുദ്ധനഗരത്തിൽ വന്നയുടനെ തന്നെ അവിടുന്നു ദേവാലയത്തിൽ പ്രവേശിക്കയാണ് ചെയ്തത്. അന്നേരം അവിടെ കണ്ട കാഴ്ച ദൈവസുതനെ അമർഷാകുലനാക്കി. ഒരു പ്രാർത്ഥനാലയത്തിനു ചേരാത്ത പെരുമാററം സർവ്വത്ര കാണാം. ഒരു ചന്തസ്ഥലമാണോ അതെന്നു വിചാരിച്ചുപോകും അവിടത്തെ ബഹളംകേട്ടാൽ. ബലിയുടെപേരിൽ ഗർഹണീയമായ രീതിയിൽ വ്യാപാരമാണു നടന്നിരുന്നത്. കാളകൾ, ആടുകൾ, പ്രാവുകൾ ചങ്ങാലികൾ മുതലായവയുടെ ചന്ത ഒരു സ്ഥലത്ത്. ഉപ്പ്, എണ്ണ, കുന്തുരുക്കം മുതലായ സാധനങ്ങളുടെ വ്യാപാരകേന്ദ്രം വേറൊരുവശത്ത്. വിജാതീയരുടെ നാണയങ്ങൾക്കുപകരം യൂദന്മാരുടെ നാണയം മാറിക്കൊടുക്കുന്ന സംഘങ്ങൾ മറൊരിടത്ത്. മൃഗങ്ങളുടെ കരച്ചിൽ. നാണയങ്ങളുടെ ചിലമ്പൽ, കൊടുക്കൽവാങ്ങലിന്റെ ബഹളം, ആയിരക്കണക്കിനു തടിച്ചുകൂടിയിരുന്ന തീർത്ഥകരുടെ വാദപ്രതിവാദകോലാഹലങ്ങൾ — ഇവയെല്ലാം കണ്ടപ്പോൾ ഈശോയുടെ ഹൃദയം തകർന്നുപോയി

വിദൂരദേശങ്ങളിൽനിന്നുള്ള ജനങ്ങൾക്ക് ബലിയർപ്പിക്കുന്നതിനാവശ്യമായ ജീവികളെ കൊണ്ടുവരുന്നതിനു വിഷമമാണ്. അതു സമ്മതിക്കണം. റോമൻ സാമ്രാജ്യാതിർത്തികളിൽനിന്നു വരുന്ന യൂദന്മാർക്ക് നേർച്ചയിടുവാൻ വിഗ്രഹങ്ങൾ കൊത്തിയിട്ടുള്ള റോമൻ നാണയങ്ങൾക്കുപകരം യൂദന്മാരുടെ ഷെക്കൽ നാണയം മാറികിട്ടണം. എന്നാൽ അതെല്ലാം ദേവാലയത്തിനു പുറത്തുവെച്ചു നടത്താവുന്നതാണ്.

മുൻകൊല്ലങ്ങളിലും ഈ അനാദരനിമിത്തം ഈശോയുടെ ഹൃദയം നീറിപ്പുകഞ്ഞിട്ടുണ്ട്. ഇത്തവണ അതു ആളിക്കത്തി, സമയത്തിന്റെ പൂർണ്ണതയിൽ. ഇപ്പോൾ തന്റെ അധികാരം പുറത്തുകാണിക്കാം. ദുഷിച്ച പ്രസ്തുതാചാരം അവസാനിപ്പിക്കണം.

മൃഗങ്ങളേയും മററും കെട്ടിക്കൊണ്ടുവന്ന വള്ളികൾ അങ്ങിങ്ങായി കിടപ്പുണ്ട്. ദിവ്യരക്ഷകൻ അവയെ പെറുക്കിയെടുത്ത് ഒരു ചാട്ട കെട്ടിയുണ്ടാക്കി. ശിഷ്യന്മാർക്ക് അതിന്റെ ഉപയോഗം മനസ്സിലായില്ല. അവർ അന്യോന്യം നോക്കിനിന്നു.

ആദ്യമായി മൃഗച്ചന്തയിലേക്കാണ് ചെന്നത്. കച്ചവടക്കാരെ അടിച്ചോടിച്ചു മൃഗങ്ങളെ ആട്ടിപ്പായിച്ചു. നാണയമാററക്കാരെയും വെറുതെവിട്ടില്ല. നാണയത്തോടുകൂടെ മേശയെല്ലാം മറിച്ചിട്ടു. കണക്കിന് അവർക്കു കൊടുത്തു. പ്രാവുകളെയും മററും വിററിരുന്നവരെ ശാസിക്കമാത്രമേ ചെയ്തുള്ളു. അവരോടു കല്പിച്ചരുളിയതു ഇങ്ങനെയാണ്: "ഇവയെല്ലാം ഇവിടെനിന്നു എടുത്തുകൊണ്ടുപോകുക. എന്റെ പിതാവിന്റെ ഭവനത്തെ ഒരു ചന്തയാക്കരുത്." കൂടുകൾ എടുത്ത് അവരും ദേവാലയത്തിന്റെ പടിപ്പുറത്തുകടന്നു. വ്യാപാരികളാകട്ടെ, ജനക്കൂട്ടമാകട്ടെ, ആരും എതിർത്തില്ല.

അല്പസമയത്തിനുള്ളിൽ ദേവാലയപരിസരം എല്ലാം പ്രശാന്തമായി. ദേവാലയം ദൈവത്തിന്റെ ഭവനമാണ്. പ്രാർത്ഥിക്കുന്നതിനും ബലിയർപ്പിക്കുന്നതിനും ഉള്ള പരിപാവനമായ സ്ഥലം. തങ്ങളുടെ അപരാധത്തെക്കുറിച്ചു അവർക്കു തന്നെ ബോദ്ധ്യംവന്നു. അതിനാൽ, അകമേ അവർക്ക് ഈശോയോടു വെറുപ്പും വിരോധവും തോന്നിയെങ്കിലും, പുറമേ പറയാൻ ധൈര്യംതോന്നിയില്ല.

ഈശോയുടെ ഗൗരവംനിറഞ്ഞ മുഖഭാവവും അജയ്യമായ തീക്ഷ്ണതയും ജനങ്ങളുടെ വിരോധഭാവവും കണ്ടപ്പോൾ ശിഷ്യന്മാരുടെ പ്രത്യാശ വർദ്ധിക്കയുണ്ടായി. വിശ്വാസം കൂടുതൽ സ്ഥിരീകൃതമായി. യൂദജനത്തെ സ്വതന്ത്രരാക്കുന്നതിനു പ്രാപ്തിയുള്ള ഒരു നേതാവാണ്, തങ്ങളുടെ ഗുരുവെന്ന് അവർ അഭിപ്രായപ്പെട്ടു.

നാം പള്ളിയിൽ എത്ര ഭക്തിയോടെ പെരുമാറണമെന്നു പഠിക്കുക. അല്ലെങ്കിൽ ആപൽക്കരമാണ്. യൂദന്മാരുടെ ദേവാലയം പ്രാർത്ഥനാലയമായിരുന്നു. ശരിതന്നെ. അതിൽ മൂശെക്കു കൊടുത്ത പ്രമാണങ്ങളുടെ കല്പലകയും മന്നായും സൂക്ഷിക്കപ്പെട്ടിരുന്നു. നമ്മുടെ ദേവാലയത്തിന്റെ സ്ഥിതി അതാണോ? അവിടെ ഈശോതന്നെ പരിശുദ്ധകുർബാനയിൽ എഴുന്നള്ളിയിരിപ്പുണ്ടെന്നു നമുക്കറിയാം. അതു നാം വിസ്മരിക്കരുത് ഒരിക്കലും. എന്നാൽ ചില കുട്ടികൾ അതോർക്കുന്നില്ല. അവരുടെ പ്രവൃത്തികൾ കണ്ടാൽ അങ്ങനെ തോന്നിപ്പോകും. അത്ര ആചാരക്കുറവായിട്ടാണ് അവർ വർത്തിക്കുക. വർത്തമാനം പറഞ്ഞും, കളിച്ചും ചിരിച്ചും, അങ്ങോട്ടും ഇങ്ങോട്ടും നോക്കിയും, ഉറക്കംതൂങ്ങിയും, ഷർട്ടിന്റെയും നെററിന്റെയും തുമ്പത്തുപിടിച്ചുവലിച്ചും, മററുള്ളവരുടെ ഉടുപ്പും നടപ്പും നോക്കിയും, കൂട്ടുകാർക്കു മററുള്ളവരെ ചൂണ്ടിക്കാണിച്ച് പരിഹസിച്ചും, കഷ്ടം, എന്തെല്ലാം ഗോഷ്ടികളാണ് അവർ പള്ളിയകത്തു കാണിക്കുക.

"ഇന്നാള് പള്ളിയിൽവച്ച് ഈ ജോണി എന്റെ തലയ്ക്കിട്ട് കിഴുക്കിയല്ലോ!"

"അവനെന്റെ ഷർട്ടിന്മേൽ പിടിച്ചു വലിച്ചിട്ടാണല്ലോ ഞാനങ്ങനെ ചെയ്തത്."

അവിടെയിരിക്കട്ടെ. നമുക്കാ കേസ് പിന്നെ വിസ്തരിക്കാം. ഞാനൊന്നു പറഞ്ഞുതീർക്കട്ടെ........

ഈശോ മുപ്പതുകൊല്ലം ക്ഷമിച്ചതുപോലെ, എന്നും ക്ഷമിച്ചുകളയുമെന്നു ആരും കരുതേണ്ടാ. തക്ക സമയംവരും. അപ്പോൾ തക്ക ശിക്ഷയുംകിട്ടും. അതോർത്തുകൊള്ളുക.

ചില കുട്ടികൾ വേണ്ട ഭക്തിയോടുകൂടെ പ്രവർത്തിക്കുന്നുണ്ട്. പള്ളിയിലേക്കു പോരുമ്പോൾ പൂക്കൾ കൊണ്ടുവരും. അൾത്താരകൾ അലങ്കരിക്കും. പള്ളിയിൽ വന്നാൽ കളിക്കാനും കൂട്ടുകൂടാനും അവർക്കു നേരമില്ല. നേരേമറിച്ച് അവർ അൾത്താരയിൽ വസിക്കുന്ന ഈശോയെ നോക്കി ആരാധിക്കും. തങ്ങൾക്കുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും ധാരാളം പ്രാർത്ഥിക്കും. നിങ്ങൾ എല്ലാവരും ഇങ്ങനെ പ്രവർത്തിച്ചുകാണാനാണ് കൊച്ചച്ചൻ അതിയായി ആഗ്രഹിക്കുന്നത്.

എന്നു സ്വന്തം കൊച്ചച്ചൻ

---

## തിരുത്തരീയത്തിന്റെ ദേശീയകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സാമാന്യംവലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 1 ക. 2 ണ. ചെറിയതട്ടുള്ള പ്ലാസ്റ്റിക്ക് പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 8 ണ. ചെറിയ തട്ടും നീളംകൂടിയ ചരടുമുള്ള പ്ലാസ്റ്റിക്ക് പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 11 ണ. വലിയ തട്ടും നീളംകൂടിയ ചരടുമുള്ള പ്ലാസ്റ്റിക്ക് പൊതിഞ്ഞ ഉത്തരീയം ഡസന് 1 ക. 14 ണ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിനു ഉപയോഗിച്ചിരിക്കുന്നത്.

ചെയിനും മുടിയും വെള്ളിയിലോ സ്വർണ്ണത്തിലോ ഉള്ള സുരക്ഷിതോത്തരീയങ്ങളും ആവശ്യപ്പെടുന്നവർക്ക് ചെയ്യിച്ചുതരുന്നതാണ്. വില അവയുപയോഗിക്കുന്ന വെള്ളിയുടെയോ സ്വർണ്ണത്തിന്റെയോ തൂക്കത്തെയും പണിക്കൂലിയെയും ആശ്രയിച്ചിരിക്കും. ഒരു പവനിൽ സമമാന്യം നല്ല സ്വർണ്ണ-സുരക്ഷിതോത്തരീയം ചെയ്യാവുന്നതാണ്.

ഉത്തരീയഭക്തിയെ സംബന്ധിച്ച ചെറുപുസ്തകത്തിന് 1½ ണ. പ്രാർത്ഥനാസഹിതമുള്ളതിന് 2½ ണ. ഡസന് 2 കമ്മീഷനും നൽകുന്നതാണ്. ഇംഗ്ലീഷ് ഭാഷയിലുള്ള ചില ലഘുലേഖകളുമുണ്ട്. അവയ്ക്ക് 100 ന് 4 ക. 8 ണ. കച്ചവടക്കാർക്ക്. 10 ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നപക്ഷം ഡസന് 1 ണയും, 25 ആവശ്യപ്പെടുന്നപക്ഷം 2 ണയും കമ്മീഷൻ കൊടുക്കുന്നതാണ്. എന്നാൽ അവർക്ക് വി. പി. പി. ആയിട്ട് അയച്ചുകൊടുക്കാൻ നിവൃത്തിയുള്ളൂ.

ഉത്തരീയത്തിന്റെ വില മണിഓഡർ ആയോ ചെക്കായോ (Cross Cheque) അയക്കാം. ചെക്ക് അയക്കുന്നവർ ദയവായി ബാങ്കുകമ്മീഷൻകൂടെ അയച്ചുതരുവാൻ വിസ്മരിക്കരുത്. ഉത്തരീയത്തിന്റെ വില താമസംവിനാ അയച്ചാൽമാത്രമേ പുതിയ ഉത്തരീയങ്ങൾ വീണ്ടും തയ്യാറാക്കുന്നതിനു സാധിക്കയുള്ളു. ആകയാൽ ഇക്കാര്യത്തിൽ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു. ഉത്തരീയഭക്തരുടെ ആവശ്യാനുസരണം ഉത്തരീയം നൽകണമെന്നല്ലാതെ ലാഭമുണ്ടാക്കണമെന്ന ഉദ്ദേശ്യം ഞങ്ങൾക്കില്ല.

കത്തുകൾ അയക്കുന്നവർ ദയവുചെയ്തു "[illegible]" എന്നു് എഴുതരുത്. എഴുതിയാൽ കത്തുലഭിപ്പാൻ വളരെ താമസിക്കും. Director, Scapular Apostlate, Carmel Hill Monastery, Trivandrum. എന്നുമാത്രം എഴുതിയാൽമതി.

---

# A Catechism on Communism

## കമ്മ്യൂണിസത്തെപ്പററിയുള്ള ഒരു ചോദ്യോത്തരഗ്രന്ഥം

കമ്മ്യൂണിസത്തിന്റെ സിദ്ധാന്തങ്ങളേയും കർമ്മപരിപാടികളേയും സമഗ്രമായും ലളിതമായും വിശദീകരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥം. വില ണ. 8. ഒറാപ്രതിക്ക് $8\frac{3}{4}$ അണയുടെ സ്റ്റാമ്പ് അയക്കുക. കച്ചവടക്കാർക്ക് 20% കമ്മീഷൻ.

സി. എസ്. ലീഗ്, തൊടുപുഴ

---

(2-ാംപേജ് തുടർച്ച)

വിറയും പല്ലുകടിയും ഉണ്ടാവുകയും ചെയ്യും. കുറച്ചുകഴിഞ്ഞാൽ വേദന വീണ്ടും ആരംഭിക്കുകയായി. ഉള്ളിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന "മറു" പുറത്തുവരാനായി ഗർഭപാത്രം ചുരുങ്ങുന്ന സമയത്താണ് ഈ വേദനയുണ്ടാവുന്നത്. മൂന്നുമണിക്കൂറിനുള്ളിൽ മറു പുറത്തുവരും. ഈ അവധിക്കുള്ളിൽ മറു പുറത്തുവരാഞ്ഞാൽ ഡോക്ടറെ ഉടനെ വരുത്തേണ്ടതാണ്. മറുവിന്റെ വല്ല ഭാഗവും ഉള്ളിൽ ശേഷിക്കുന്നതും ആപൽക്കരമാകുന്നു.

കുട്ടിയെ ഇടന്നുകൊണ്ടുതന്നെ മറുവും വേഗം വന്നാലേ സുഖപ്രസവം. ആദ്യം മറുവിന്റെ കുഴൽ മുറിക്കുകയാണു വേണ്ടത്. അതിനുശേഷം കുട്ടിയെ കഴുകിക്കണം. രക്തമൊഴുക്കുണ്ടോ എന്നു നോക്കണം. കുട്ടിയെ നല്ലവണ്ണം വൃത്തിയാക്കി കണ്ണു നല്ലവണ്ണം തേച്ചുകഴുകി കിടത്തണം. മറു പുറത്തുവന്നശേഷം സ്ത്രീയുടെ മലിനമായ തുണികൾ ഉടച്ചു വെടിപ്പാക്കി കിടത്തുക. നടത്തുകയോ എഴുന്നേല്പിക്കുകയോ അരുത്. രക്തംപോകുന്നതിനെ മനസ്സിലാക്കുവാൻ ഒരു വെള്ളത്തുണി മടക്കിക്കെട്ടിയശേഷം, വയർ കെട്ടുന്നു. ഇതെല്ലാം പേറെടുപ്പിമാർക്ക് അറിവുള്ള സംഗതികളാണ്. എട്ടുദിവസം ഇളകാതെ മലർന്നുകിടക്കണം. ദിവസേന വെള്ളത്തിൽ നനച്ച ശീലകൊണ്ടു തുടച്ചു വൃത്തിയാക്കിയാൽ മതി.

ആദ്യത്തെ രണ്ടുദിവസം ഘനപദാർത്ഥമേ ഭക്ഷിക്കരുത്. വിശപ്പു മാറിക്കിടന്ന ഉടനെ കാപ്പിയോ മററോ കൊടുക്കണം. സൂപ്പ്, പാൽ, നറുക്കരിക്കഞ്ഞി മുതലായവ മൂന്നുമണിക്കൂർ കൂടുമ്പോൾ കൊടുക്കണം. പ്രസവാനന്തരം ആറുമണിക്കൂറിനുള്ളിൽ മൂത്രം പോകാതിരുന്നാൽ എങ്ങനെയെങ്കിലും മൂത്രമൊഴിക്കണം. രണ്ടാംദിവസമോ മൂന്നാംദിവസമോ ആവണക്കെണ്ണ കുടിച്ചു വയറിളക്കുന്നതു മലവിസർജ്ജനത്തിനു്, വളരെ നല്ലതാണ്. ഉറക്കം നല്ലവണ്ണമില്ലെങ്കിൽ ഉറക്കണം. പ്രസവത്തിനുശേഷം പിറേറദിവസമോ മറേറാ അടിവയററിൽ മുന്നമത്തും വേദന ആരംഭിച്ചാൽ വല്ല അവശിഷ്ടവും വയററിൽ ബാക്കിയായി തങ്ങിയിരിപ്പുണ്ടെന്നു ശങ്കിച്ചു ഡോക്ടറെ വരുത്തേണ്ടതാണ്.

പ്രസവം കഴിഞ്ഞശേഷം ആദ്യത്തെ എട്ടോ പത്തോ ദിവസം ഒരുതരം നീരൊഴുക്കുണ്ടാകാവുന്നതാണ്. ആദ്യത്തെ മൂന്നുദിവസം നിറംകൊണ്ടു ശുദ്ധ രക്തത്തെപ്പോലെയിരിക്കും. മൂന്നുമുതൽ ആറാംപക്കംവരെ രക്തമയമായ കറുത്തനീർ വർദ്ധിച്ചിരിക്കും. ആറാംപക്കത്തിനുശേഷം വെറും നീർമാത്രമേ ഉണ്ടാവൂ. ഇതു പരിശോധിച്ചറിവാനാണ് കുറച്ചുമുമ്പെ തുണി മടക്കിക്കെട്ടണമെന്നു പറഞ്ഞത്. ദിവസേന പരിശോധിക്കണം. നാററമുണ്ടെങ്കിൽ ഗർഭപാത്രത്തിനു എന്തോ തകരാറുണ്ടെന്നു നിശ്ചയിക്കാം. ശീലയിൽ രക്തം ശരിയായി പകർന്നു ഇതിനു ചുററും നീർ പകർന്നുകാണും. ഇങ്ങനെയാണു സുഖപ്രസവത്തിൽ കാണേണ്ടതു.

കുട്ടിയുടെ പൊക്കിൾക്കൊടി ഒരാഴ്ചക്കുള്ളിൽ തനിയെ കരിഞ്ഞുവീണുപോകുന്നതാണ്. മലിനതയും നനവും തട്ടാതെ സൂക്ഷിക്കേണ്ടതാകുന്നു. നനഞ്ഞുപോയാൽ ബോറിക്ക് പൗഡറോ, ടേയിലററ് പൗഡറോ വിതറി നല്ലവണ്ണം കെട്ടുക. പൊക്കിൾ ഉണങ്ങുന്നവരെ കുളിപ്പിക്കാതെ ഈറൻതുണികൊണ്ടു തുടപ്പിച്ചാൽമതി.

സാധാരണ പത്തുമിനിട്ടിലധികം നേരം ഒരു പ്രാവശ്യം കുട്ടി മുലകുടിക്കുകയില്ല. ഇതിനു വിപരീതമായി ക്രമംതെററിക്കുടിക്കുകയും, മുല വിട്ടയുടനെ കരയുകയുംചെയ്യുക, ഉറക്കം ഞെട്ടിയ ഉടനെ മേല്ലോച്ചിപ്പോ മററോ കാണുക ഇവ മുലപ്പാലിലെ പോഷകക്കുറവിനെ കാണിക്കുന്നു. കരയുമ്പോഴെല്ലാം കുട്ടിയെ എടുത്തു മുലകൊടുക്കുന്നതു് ഏററവും തെററാകുന്നു. വലിയവർക്കെന്നപോലെ കുട്ടികൾക്കും വ്യായാമം അത്യാവശ്യമാകുന്നു. ഈ കാര്യത്തിൽ പ്രകൃതി കുട്ടികൾക്കു നല്കിയിട്ടുള്ള വ്യായാമമാകുന്നു കരച്ചിൽ. കുട്ടികൾ കരയുമ്പോൾ കൈയും കാലും ഇട്ടു കുലുക്കുന്നതു കാണാം. ഇവ മാത്രമല്ല ദേഹത്തിലെ മാംസപേശികൾ മുതലായവയും ഇളകുന്നുണ്ടാവും. അതുകൊണ്ട് ഒരു കൃത്യസമയമൊഴിച്ച് മററു സമയങ്ങളിൽ വെറുതെ കുട്ടികൾക്കു മുലകൊടുക്കരുത്. മററു സമയങ്ങളിൽ കരയുന്നതു കുട്ടികളുടെ വ്യായാമാർത്ഥമായിരിക്കും. നന്നാലുമണിക്കൂർ കൂടുമ്പോൾ മുലകൊടുത്താൽ മതിയാകും. കാലത്ത് ആറുമണി, പത്തുമണി, ഉച്ചയ്ക്കു രണ്ടുമണി; വൈകിട്ടു ആറുമണി, രാത്രി പത്തുമണി, പുലർച്ചയ്ക്കു രണ്ടുമണി.

മൂന്നാംമാസംതൊട്ടു കുറേശ്ശയായി ഫലസത്തുകൾ കൊടുത്തുതുടങ്ങാം. മധുരനാരങ്ങനീർ, ചെറുനാരങ്ങനീർ, കൈപ്പക്കനീർ, തക്കാളിനീർ മുതലായവ ഒററയായോ, കൂട്ടായോ വെള്ളത്തിൽ കലർത്തി ഒരു ടീസ്പൂൺകൊണ്ടു കൊടുക്കാം. സമയം രാവിലെ പത്തിനും ഉച്ചയ്ക്കു രണ്ടിനും ഇടയിൽ കൊടുക്കുന്നതാണു നല്ലതു്. ഇതു ക്രമേണ വർദ്ധിപ്പിക്കണം. ഒമ്പതാം മാസമാവുമ്പോഴേക്കും വെള്ളത്തിൽ കലർത്താതെ ഒരു ടേബിൾ സ്പൂൺകൊണ്ടു കൊടുക്കാറാകും. പതിനൊന്നാം മാസമാകുമ്പോഴേക്കും പശുവിൻപാൽ കൊടുത്തുതുടങ്ങാം.

(കേരളദീപം)

# ദൈവത്തിനു നന്ദി പറയുവിൻ

## ജൂബിലേറിയനായ കോട്ടയം മെത്രാൻ തിരുമനസ്സിലെ ഇടയലേഖനം

"Magnificat anima mea Dominum, quia fecit mihi magna qui potens est." "എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ വല്ലഭനായവൻ വലിയ കാര്യങ്ങൾ എനിക്കുചെയ്തു."

Lc I. 46, 49.

നാം ഗുരുപ്പട്ടം സ്വീകരിച്ചിട്ട് അടുത്ത ഡിസംബർ 18-ാനു- 25 കൊല്ലം പൂർത്തിയാകുന്നു. ലോകപരിത്രാതാവായ നമ്മുടെ ദിവ്യരക്ഷകന്റെ മഹനീയ പൗരോഹിത്യത്തിൽ ഭാഗഭാക്കായിക്കൊണ്ട് 25 കൊല്ലം ജീവിക്കുന്നതിനുള്ള അസുലഭഭാഗ്യം ദൈവം നമുക്കു നൽകിയതിനെ അതീവ കൃതജ്ഞതയോടുകൂടെ ഈ അവസരത്തിൽ നാം സ്മരിക്കുന്നു. 25 കൊല്ലംമുമ്പു നാം ഗുരുപ്പട്ടം സ്വീകരിച്ച നിത്യനഗരമായ റോമായിലെത്തി കാരുണ്യവാനായ ദൈവത്തോടു നന്ദി പ്രകടിപ്പിക്കണമെന്നുള്ള ഉദ്ദേശ്യം കൂടി മുൻനിറുത്തിയാണ് കഴിഞ്ഞ കൊല്ലം ഈ സമയത്തു് നാം റോമായാത്ര കഴിച്ചതു്. മംഗലാപുരം സെമ്മിനാരിയിൽ വൈദികപഠനം നടത്തിക്കൊണ്ടിരുന്ന നമ്മെ ആ പഠനം തുടരുന്നതിനായി നമ്മുടെ പ്രത്യേക സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ കാലംചെയ്ത ചൂളപ്പറമ്പിൽ മെത്രാൻ തിരുമനസ്സുകൊണ്ട് 1922-ൽ റോമിലേക്കു അയച്ചു. പരിശുദ്ധപിതാവിന്റെ പ്രത്യേകസംരക്ഷണയിൽ സ്ഥിതിചെയ്യുന്ന വിശ്വവിഖ്യാതമായ പ്രൊപ്പഗാന്താകോളജിൽ അഞ്ചു കൊല്ലംഅദ്ധ്യയനംനടത്തുകയുംശുദ്ധ. മാർപ്പാപ്പായുടെ വികാരി ജനറാളായിരുന്ന കാലംചെയ്ത അത്യുന്നതകർദ്ദിനാൾ പൊമ്പിലി തിരുമനസ്സിൽനിന്നും 1926 ഡിസംബർ 18-ാനു- ഗുരുപ്പട്ടം സ്വീകരിക്കുകയും വി. പത്രോസിന്റെ ബസ്ലിക്കായിലുള്ള വി. തോമ്മാശ്ലീഹായുടെ അൾത്താരയിൽ തോമ്മാശ്ലീഹായുടെ തിരുനാൾ ദിനമായ ഡിസംബർ 21-ാനു- നവപൂജ അർപ്പിക്കുകയുംചെയ്തു. നാം പൗരോഹിത്യം സ്വീകരിച്ചദിവസം നമ്മുടെ ജീവിതത്തിലെ ഏററം വലിയ ദിവസമായി നാം പരിഗണിച്ചു. ഈ മഹനീയ സ്ഥാനത്തേക്കു നമ്മെ ഉയർത്തിയ ദൈവത്തെ സ്തുതിക്കുന്നതിനു നാം സ്വീകരിച്ച മുദ്രാവാക്യം പരിശുദ്ധ കന്യകമറിയം ദൈവികമാതൃത്വത്തിലേക്കു ഉയർത്തപ്പെട്ടപ്പോൾ നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടി ഉച്ചരിച്ച വാക്കുകൾ തന്നെയാണ്. അതെന്തെന്നാൽ, "എന്റെആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ വല്ലഭനായവൻ വലിയകാര്യങ്ങൾ എനിക്കുചെയ്തു." നമ്മുടെ അയോഗ്യതയിൽ അന്നു നമുക്കുണ്ടായിരുന്ന ബോദ്ധ്യത്തിനു ഇന്നു യാതൊരു കുറവും ഭവിച്ചിട്ടില്ല. പൗരോഹിത്യത്തിന്റെ പരിപൂർണ്ണതയാകുന്ന മെത്രാഭിഷേകം സ്വീകരിച്ചതോടുകൂടി ഈ ബോദ്ധ്യം നമ്മിൽ വർദ്ധിക്കുകയാണുണ്ടായതു്. ആകയാൽ 25 കൊല്ലത്തെ വൈദികജീവിതം പൂർത്തിയാകുന്ന ഈ അവസരത്തിൽ പൂർവ്വാധികം എളിമയോടുകൂടി മേൽപറഞ്ഞ വേദവാക്യം ഏററു പറയുന്നതിനു നാം ആഗ്രഹിക്കുന്നു.

നമ്മുടെ ബാല്യപ്രായത്തിലും സെമ്മിനാരിജീവിതത്തിലും പുരോഹിതവൃത്തിയിലും ഈശോയുടെ തിരുഹൃദയം നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയത്തിന്റെ മദ്ധ്യസ്ഥംവഴി നമ്മുടെമേൽ വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു കണക്കില്ല. ഈ കാലമെല്ലാം ദൈവം നമ്മുടെ ആരോഗ്യത്തെ സംരക്ഷിച്ചു. നമ്മുടെ പഠനം ഫലപ്രദമാംവിധം നിർവഹിക്കുന്നതിനിടയായി. റോമായിൽനിന്നുള്ള നമ്മുടെ മടക്കയാത്രയിൽ യൂറോപ്പിലെ അനവധി പുണ്യസ്ഥലങ്ങളും നമ്മുടെ ദിവ്യരക്ഷാനാഥൻ ജനിച്ചുവളർന്ന പരിപാവനമായ പലസ്തീനാരാജ്യവും സന്ദർശിക്കുന്നതിനു സാധിച്ചു. നാട്ടിലെത്തിയശേഷം 1928-ൽ സർവ്വരാജ്യദിവ്യകാരുണ്യ സമ്മേളനത്തിൽ പങ്കുകൊള്ളുന്നതിനായി കാലംചെയ്ത അഭിവന്ദ്യ തിരുമേനിയുമൊരുമിച്ച് ആസ്ത്രേലിയായ്ക്കു പോകുന്നതിനും 1930-ൽ കൽക്കട്ടായിൽപോയി അവിടെ താമസിച്ചു പഠിക്കുന്നതിനും ഇടയായതു ദൈവത്തിന്റെ ഒരു പ്രത്യേകപരിപാലനയായി നാം കരുതുന്നു. നമ്മുടെ വൈദികജീവിതം മുഴുവനും വിദ്യാർത്ഥികൾക്കുവേണ്ടി കോട്ടയം തിരുഹൃദയക്കുന്നിൽ ചിലവഴിച്ചതുമൂലം ഒരു വലിയ ശിഷ്യസമ്പത്തു് നമുക്കു കൈവന്നു. നമ്മുടെ അഭിവന്ദ്യ മുൻഗാമിക്കു പെട്ടെന്നു ആലസ്യമുണ്ടായി മരണാസന്നനിലയിലായപ്പോൾ അനേകായിരം മൈൽ ദൂരത്തുനിന്നും വിമാനമാർഗ്ഗം അതിശീഘ്രം വന്നെത്തി മരണവേളയിൽ അവിടുത്തെ സമീപം ഉണ്ടായിരിക്കുന്നതിനു് തന്റെ സഹായമെത്രാനായിരുന്ന നമുക്കു സാധിച്ചതു് ഒരു മഹാഭാഗ്യമായി എന്നാളും നാം കരുതുന്നതാ



ണ്. ഇവയെല്ലാം വേണ്ടുംവിധം നന്ദി പ്രകടിപ്പിക്കുന്നതിനു നാം അശക്തൻ തന്നേ.

ആകയാൽ, വന്ദ്യ സഹോദരരേ, വാത്സല്യമക്കളേ! നിങ്ങൾ നമ്മോടുകൂടി ദൈവത്തിനു് പ്രത്യേകം നന്ദിപറയുവാൻ നാം നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ വന്ദ്യമുൻഗാമിയുടെ ദേഹവിയോഗവും, നമ്മുടെ ഗുരുപ്പട്ട രജതജൂബിലിയും ഒരുമിച്ചു വന്നിരിക്കുന്നതിനാൽ ബാഹ്യമായ ജൂബിലി ആഘോഷങ്ങൾക്കു് സ്ഥാനമില്ലല്ലോ. ഈ കഴിഞ്ഞ 25 കൊല്ലം തുടർച്ചയായി ദൈവം നമുക്കു നൽകിയ നൽവരങ്ങൾക്കു് നിങ്ങൾ നമ്മോടുകൂടി ദൈവത്തിനു കൃതജ്ഞത സമർപ്പിക്കുക. ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള നമ്മുടെ കുററങ്ങളും കുറവുകളും ദൈവം നമ്മോടു ക്ഷമിച്ചു നമ്മെ അനുഗ്രഹിക്കുന്നതിനു നിങ്ങൾ എല്ലാവരും നമുക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു അഭ്യർത്ഥിക്കുന്നു. "നിങ്ങൾപോയി എല്ലാ ജാതികളേയും പഠിപ്പിക്കുക" എന്നുള്ള ദൈവികശാസനം ശിരസാവഹിച്ചുകൊണ്ടു വൈദികാന്തസ്സിൽ പ്രവേശിച്ച നാം ആത്മാക്കളുടെ രക്ഷയും നമ്മുടെ പ്രിയപ്പെട്ട യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യവും മുമ്പാകെ പൂർവ്വാധികം തീക്ഷ്ണതയോടുകൂടി ശിഷ്ടായുസ്സ് വിനിയോഗിക്കുന്നതിനുള്ള നൽവരം ദൈവം നമുക്കു പ്രദാനം ചെയ്യുന്നതിനു നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുക.

സാമൂഹ്യനീതിയെ പുലർത്തുന്നതിനുതകുന്ന ദൈവസ്നേഹവും സഹോദരസ്നേഹവും നിങ്ങൾ സീമാതീതമായി വിലമതിക്കണമെന്നുള്ളതാണ് ഈ അവസരത്തിൽ നമുക്കുള്ള പ്രത്യേക ആശംസ. വ്യക്തികൾക്കും കുടുംബങ്ങൾക്കും സമുദായത്തിനും ശാശ്വതമായ സമാധാനവും ഐശ്വര്യവും കൈവരുന്നതിനുള്ള മാർഗ്ഗം ഇതുതന്നെ. നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോടും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തോടും ഉള്ള പ്രത്യേക ഭക്തിയിൽ നിങ്ങൾ അഭിവൃദ്ധിപ്പെട്ടു കാണുവാൻ നാം അത്യധികം കാംക്ഷിക്കുന്നു. മാസാദ്യവെള്ളിയാഴ്ചയും മാസാദ്യശനിയാഴ്ചയും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു് ഈ ഭക്തി നിങ്ങളെ പ്രേരിപ്പിക്കട്ടെ. കത്തോലിക്കാ പ്രവർത്തനവും ജീവകാരുണ്യപ്രവർത്തനങ്ങളും നമ്മുടെ എല്ലാം ഇടവകകളിലും അഭിവൃദ്ധിപ്രാപിച്ചുകാണുവാനുള്ള നമ്മുടെ അതിയായ ആഗ്രഹത്തെ നിങ്ങളെ അറിയിക്കുന്നു. കുട്ടികളുടെ വേദപാഠവും മതാഭ്യസനവും നിങ്ങളുടെ പ്രത്യേകശ്രദ്ധയിൽ പെടണമെന്നുള്ളതാണ് നമ്മുടെ സ്നേഹപൂർവ്വമായ ഉപദേശം. നമ്മുടെ പൗരോഹിത്യരജതജൂബിലിയുടെ ശാശ്വതസ്മാരകമായി ഇവയെല്ലാമാണ് നാം വിലമതിക്കുന്നതെന്നു നിങ്ങൾ ഗ്രഹിക്കുക. ഈ വക കാര്യങ്ങളാണു നമ്മുടെ ശ്രുപതയുടെ അഭിവൃദ്ധിക്കു നിദാനം.

നമ്മുടെ ജനങ്ങളുടെ കൂടുതൽ സൗകര്യത്തെ ഉദ്ദേശിച്ചും നമ്മുടെ ഗുരുപ്പട്ട രജതജൂബിലിയുടെ ഓർമ്മയായും അടുത്ത ഡിസംബർ 18-ാനു- മുതൽ നമ്മുടെ ഇടവകയായ കൈപ്പുഴപ്പള്ളി ഒരു ഫൊറോനാ ആയി നാം ഉയർത്തുന്നു. കോട്ടയം ഫൊറോനായിൽ ഉൾപ്പെട്ടിരിക്കുന്ന കൈപ്പുഴ പാലത്തുരുത്തു കപ്പേള, നീണ്ടൂർപള്ളി, കുറുമുള്ളൂർപള്ളി, ഏററുമാനൂർപള്ളി എന്നി ദേവാലയങ്ങളും കടുത്തുരുത്തി ഫൊറോനായിൽ ഉൾപ്പെട്ടിരിക്കുന്ന കല്ലറ പഴയപള്ളി, മാഞ്ഞൂർ ചാമക്കാലാപള്ളി, മാഞ്ഞൂർ മകുടാലയംപള്ളി എന്നിവയും ഇതിനാൽ കൈപ്പുഴ പുതിയ ഫൊറോനായിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ട വൈദികരുടെ നിസ്വാർത്ഥസേവനം നമ്മോടൊപ്പം കൃതജ്ഞതയോടുകൂടെ നമ്മുടെ വാത്സല്യവിശ്വാസികളും സ്മരിക്കുന്നുണ്ടെന്നു നമുക്കുബോദ്ധ്യമുണ്ട്. രോഗബാധിതരായ നമ്മുടെ വൈദികരുടെ ഉപയോഗത്തെ ഉദ്ദേശിച്ചു കോട്ടയം ആശുപത്രിവളപ്പിൽ ഒരു വാർഡുപണിയുന്നതിനു് നമ്മുടെ ബ. ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു. നമ്മുടെ ഗുരുപ്പട്ട രജതജൂബിലി സ്മാരകമായി വി. ആർസു വികാരിയുടെ സംരക്ഷണയിൽ "വിയാനിവാർഡു്" (Vianney Ward) എന്ന പേരിൽ ഒരു ചെറിയ കെട്ടിടം അവിടെ പണി കഴിക്കുന്നതിനു് ആഗ്രഹിക്കുന്നു. പ്രായാധിക്യത്തിൽ എത്തിയ വൈദികർ ജോലിയിൽനിന്നും വിരമിക്കുമ്പോൾ സ്വസ്ഥമായി ജീവിക്കുന്നതിനും നല്ല മരണത്തിനു് ഒരുങ്ങുന്നതിനുംവേണ്ടി അവർക്കായി ഒരു ഭവനം (Home for the Aged Fathers) തിരുഹൃദയക്കുന്നിൽ പണിയിക്കുന്നതിനു കാലംചെയ്ത അഭിവന്ദ്യ തിരുമേനിക്കു ആഗ്രഹമുണ്ടായിരുന്നു. അവിടുത്തെ ആഗ്രഹം പൂർത്തിയായി കാണുന്നതിനു നാമും അഭിലഷിക്കുന്നു. ഉദാരമതികളായ നമ്മുടെ വാത്സല്യമക്കളുടെ സഹായസഹകരണം ഈ രണ്ടു സ്ഥാപനങ്ങൾക്കുംവേണ്ടി നാം ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

നമ്മുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളിയിലും കിടങ്ങൂർപള്ളിയിലും നാല്പതുമണിയാരാധന നമ്മുടെ വന്ദ്യമുൻഗാമിയുടെ കാലത്തു ആരംഭിച്ചു എങ്കിലും ഇപ്പോൾ നടത്തപ്പെടുന്നില്ല. നമ്മുടെ പല പള്ളികളിലും 12 മണി ആരാധന നടക്കുന്നുണ്ട്. പൗരോഹിത്യവും ശു. കുർബാനയുടെ നേർക്കുള്ള ഭക്തിയും തമ്മിലുള്ളബന്ധം ഈ അവസരത്തിൽ അനുസ്മരിച്ചുകൊണ്ടു് നാല്പതുമണിയാരാധന അഥവാ 12 മണി ആരാധന നടക്കുന്നില്ലാത്ത പള്ളികളിൽ സൗകര്യമുള്ളപക്ഷം അതു് ആരംഭിച്ചുകാണുവാൻ നാം ആഗ്രഹിക്കുണം........

34-ാമത്തെ സർവ്വരാജ്യദിവ്യകാരുണ്യ സമ്മേളനം ബുഡാപ്പെസ്റ്റു നഗരിയിൽ 1938-ൽ നടന്നതിനെ തുടർന്നു വീണ്ടും അതുപോലെ ഒരു സമ്മേളനം സ്പെയിനിൽ ബർസലോണാ പട്ടണത്തിൽ വച്ചു 1952 മെയ് 27-ാം തിയതി മുതൽ ജൂൺ 1-ാം തിയതി വരെ നടത്തുന്നതിനു പരിശുദ്ധ പിതാവു് അനുവദിച്ചിരിക്കുന്നുവെന്നും സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനയെ അഭ്യർത്ഥിക്കുന്നു എന്നും നമുക്കു അറിവു ലഭിച്ചിരിക്കുന്നു. ആകയാൽ ദിവ്യകാരുണ്യനാഥന്റെ രാജ്യം വ്യാപകമാകുന്നതിനു നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്നു താല്പര്യപ്പെടുന്നു.

നാം ഗുരുപ്പട്ടം സ്വീകരിച്ചിട്ടു 25 കൊല്ലം പൂർത്തിയാകുന്ന അടുത്ത ഡിസംബർ 18-ാനു- ചൊവ്വാഴ്ച കാലത്തു $6\frac{1}{2}$ മണിക്കു തിരുഹൃദയക്കുന്നു ആശ്രമദേവാലയത്തിൽ നാം പൊന്തിഫിക്കാൾ പാട്ടുകുർബാന ചൊല്ലുന്നതാണ്. നമ്മുടെ നവപൂജയുടെ 25-ാം വാർഷികദിനമായ അടുത്ത ഡിസംബർ 21-ാനു- വെള്ളിയാഴ്ച കാലത്തു $6\frac{1}{2}$ മണിക്കു നമ്മുടെ ഇടവകയായ കൈപ്പുഴപള്ളിയിൽ പൊന്തിഫിക്കാൾ പാട്ടുപൂജ അർപ്പിക്കണമെന്നുദ്ദേശിക്കുന്നു. നമ്മുടെ എല്ലാം പള്ളികളിലും അടുത്ത ഡിസംബർ 17-ാം തിയതി തിങ്കളാഴ്ചയും, 20-ാം തിയതി വ്യാഴാഴ്ചയും സന്ധ്യമണിയോടുകൂടി അഥവാ സന്ധ്യമണിക്കു അവസാനിക്കത്തക്കവണ്ണം തിരുമണിക്കൂർ ആരാധന നടത്തണമെന്നുള്ളതാണു നമ്മുടെ ആഗ്രഹം. നമ്മുടെ പൗരോഹിത്യത്തിന്റെയോ അഥവാ നവപൂജയുടെയോ 25-ാം വാർഷികദിനത്തിൽ നമ്മുടെ എല്ലാ ദേവാലയങ്ങളിലും പള്ളിച്ചെലവിൽ ഒരു പാട്ടുപൂജ നടത്തണമെന്നു നിർദ്ദേശിക്കുന്നു. അതിനെത്തുടർന്നു ശുദ്ധമാന കുർബാനയുടെ വാഴ്വും വാഴ്വിനിടയ്ക്കു "ലാക് ആലാഹാ" എന്ന സ്തോത്രഗീതവും നടത്തേണ്ടതാണ്. നമ്മുടെ വാത്സല്യവിശ്വാസികൾ ഈ തിരുകർമ്മങ്ങളിൽ സം

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 || ERNAKULAM, DECEMBER 19, 1951 || No. 18


# ക്രിസ്മസ് മംഗളം

"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം"— ചരിത്രത്തിലെ ഒരു നവയുഗം ഉൽഘാടനം ചെയ്യപ്പെട്ട ആ രാത്രിയിൽ ബെത്‌ലഹേമിലെ കുന്നുകളിൽ അലതല്ലിയ സ്വർഗ്ഗീയഗീതമാണിതു്. ആ സന്ദേശത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്ന സമാധാനം പ്രാപിക്കുന്നതിനാവശ്യമായ സന്മനസ്സാണു് ഇന്നത്തെ ഏററവും വലിയ ആവശ്യം. ദൈവപ്രമാണങ്ങൾ അനുസരിക്കുന്നതിലും ദൈവഹിതം നിറവേററുന്നതിലും, സത്യം, നീതി, ധർമ്മം ഇത്യാദി ഉൽകൃഷ്ടാദർശങ്ങൾ അഭംഗം സംരക്ഷിക്കുന്നതിലുമാണു് ആ സന്മനസ്സു് അടങ്ങിയിരിക്കുന്നതു്. അതിന്റെ പരിണതഫലമായിട്ടുമാത്രമേ ലോകം ഇന്നു അത്യാകാംക്ഷയോടെ പ്രതീക്ഷിക്കുന്ന സമാധാനം ഉദയംചെയ്യുകയുള്ളു. ലോകരക്ഷകന്റെ തിരുവവതാരമഹാമഹം ആഘോഷിക്കുന്ന ഈ അവസരത്തിൽ മേൽച്ചൊന്നതരത്തിലുള്ള സന്മനസ്സും തജ്ജന്യമായ സമാധാനവും ഏവർക്കും കൈവരട്ടെയെന്നു പ്രാർത്ഥിക്കയും സത്യദീപമിത്രങ്ങൾക്കു ക്രിസ്മസ് മംഗളങ്ങളാശംസിക്കയും ചെയ്തുകൊള്ളുന്നു.

# ഡോക്ടർ അട്ടിപ്പേററി തിരുമേനി വിജയിപ്പൂതാക!

വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു നിത്യനഗരമായ റോമയിൽവച്ചു പുരോഹിതപട്ടം സ്വീകരിക്കയും പ്രഥമദിവ്യപൂജ അർപ്പിക്കയും ചെയ്തതിന്റെ രജതജൂബിലി ഇന്നലെയും ഇന്നുമായി അതിരൂപതയുടെ നാനാഭാഗങ്ങളിലും, വിശിഷ്യ എറണാകുളം നഗരത്തിലും ആഘോഷിക്കപ്പെടുകയാണു്. അതിരൂപതയിലെ വികാർ ജനറൽ റൈററ് റവ. മോൺസിഞ്ഞോർ അലക്സാണ്ടർ ചാത്തുപ്പറമ്പിൽ പ്രസിദ്ധപ്പെടുത്തിയ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നപ്രകാരം ഇന്നലെ ഇടവകകളിൽ തിരുമണിക്കൂറാരാധന, പാട്ടുകുർബാന, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, തെദേവും എന്ന സ്തോത്രഗീതം, പൊതുദിവ്യകാരുണ്യസ്വീകരണം ആദിയായവ നടത്തപ്പെട്ടു. അഭിവന്ദ്യനായ ജൂബിലേറിയന്റെ പ്രധാനകാർമ്മികത്വത്തിലുള്ള പൊന്തിഫിക്കൽ കുർബാന, പൊതുജനങ്ങളുടെ വകയായുള്ള അനുമോദനയോഗം, ഗാർഡൻപാർട്ടി ആദിയായവയാണു് ഇന്നു എറണാകുളത്തു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ചടങ്ങുകളിൽ പ്രധാനപ്പെട്ടവ. ക്രിസ്തീയ പൗരോഹിത്യത്തിന്റെ മാഹാത്മ്യവും, അതിന്റെ പൂർത്തീകരണമായ മെത്രാൻപദവിയുടെ ഔന്നത്യവും, ഈ സ്ഥാനങ്ങൾ പ്രാപിച്ചിരിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ വ്യക്തിഗതങ്ങളായ യോഗ്യതകളും പരിഗണിക്കുമ്പോൾ, ഈ ജൂബിലി മിതമായ തോതിലെങ്കിലും, ആഘോഷപൂർവ്വം തന്നെ കൊണ്ടാടുവാൻ മേലധികാരികൾ തീരുമാനിച്ചതു സർവ്വഥാ സമീചീനമായിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു.

ജൂബിലേറിയനായ അഭിവന്ദ്യ തിരുമേനി മിശിഹായുടെ മുന്തിരിത്തോട്ടത്തിലെ ഒരു തൊഴിലാളിയെന്ന നിലയിൽ കഴിച്ചുകൂട്ടിയ കാൽശതാബ്ദക്കാലം സംഭവബഹുലവും വിജയസുരഭിലവുമായിരുന്നു. പട്ടമേററു സ്വദേശത്തു തിരിച്ചെത്തിയശേഷം ചാത്യാത്തു പള്ളിയിലെ വികാർ കോ-ഓപ്പറേറററായും തദനന്തരം തിരുമനസ്സിലെ പുരോഗാമിയായ ഡോക്ടർ എയിഞ്ചൽ മേരി തിരുമേനിയുടെ സെക്രട്ടറിയായും ജോലിനോക്കി. ഏതാണ്ടു ആറുവർഷക്കാലം അങ്ങനെ കടന്നുപോയി. അപ്പോഴാണു തിരുമനസ്സുകൊണ്ടു മെത്രാൻ സ്ഥാനത്തേക്കു നിയുക്തനായതും അന്നു ഭാഗ്യമോടെ തിരുസ്സഭയെ ഭരിച്ചിരുന്ന പതിനൊന്നാംപീയൂസു മാർപ്പാപ്പായുടെ തൃക്കരങ്ങളാൽ അഭിഷേചിക്കപ്പെട്ടതു്. തിരുമനസ്സുകൊണ്ടു ഭരണഭാരം കൈയേററശേഷം അതിരൂപത ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുവാൻ തുടങ്ങിയെന്നതു ഏവർക്കും അറിവുള്ള സംഗതിയത്രേ. അടിയുറച്ച ആദ്ധ്യാത്മികത്വം, കൃത്യനിഷ്ഠ, സേവനസന്നദ്ധത, ദീനാനുകമ്പ "എല്ലാവർക്കും എല്ലാമായി തീരുവാൻ" വെമ്പൽകൊള്ളുന്ന ത്യാഗമനോഭാവം ആദിയായ സൽഗുണങ്ങളാണു തിരുമേനിയുടെ ജീവിതയാത്രയിൽ തിരുമേനിയെ സദാ അകമ്പടിസേവിക്കയും വിജയലക്ഷ്യത്തിലെത്തിക്കയും ചെയ്യുന്നതു്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു തിരുമനസ്സുകൊണ്ടു നടത്തിയ വിദേശയാത്ര ഈ രാജ്യങ്ങളിലെ കത്തോലിക്കാപ്രവർത്തനരംഗങ്ങളെപ്പററി അനുഭവജ്ഞാനം സമ്പാദിക്കുന്നതിനു തിരുമേനിയെ സഹായിച്ചിട്ടുണ്ടു്. തിരുമേനിയുടെ നേതൃത്വത്തിൽ പല വിദ്യാലയങ്ങളും പരോപകാരസ്ഥാപനങ്ങളും സമാരംഭിക്കപ്പെട്ടിട്ടുണ്ടു്. അവയെല്ലാം നടുനായകമായും തിരുമേനിയുടെ ദീർഘവീക്ഷണവിചക്ഷണതയുടെയും വിദ്യാദാനപ്രസക്തിയുടെയും മകുടോദാഹരണമായും പരിലസിക്കുന്നതു് എറണാകുളത്തെ സെൻറ് ആൽബർട്ട്സ് കോളേജാണെന്ന സംഗതി അവിതർക്കിതമാണു്. ഏവംവിധം അജഗണങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ അഭ്യുദയത്തിൽ ദത്താവധാനനായി ബഹുജനങ്ങളുടെ ആരാധനാപാത്രമായി, സഭയുടെയും സമുദായത്തിന്റെയും അഭിമാനസ്തംഭമായി, വിരാജിക്കുന്ന ഡോക്ടർ അട്ടിപ്പേററി തിരുമേനി വിജയിപ്പൂതാക.

# ഡോക്ടർ തറയിൽ തിരുമേനി നീണാൾ വാഴട്ടെ!

റോമയിലെ പ്രോപ്പഗാന്താകോളേജിൽ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സിലെ സതീർത്ഥ്യനായിരുന്ന കോട്ടയം രൂപതാദ്ധ്യക്ഷൻ ഡോക്ടർ തോമസ് തറയിൽ തിരുമനസ്സിലെ പൗരോഹിത്യരജതജൂബിലിയും ഈ ദിവസങ്ങളിൽത്തന്നെയാണു സമാഗതമായിരിക്കുന്നതു്. എന്നാൽ തിരുമനസ്സിലെ മുൻഗാമിയുടെ ദേഹവിയോഗാനന്തരം ഒരു വർഷംതന്നെ പൂർത്തിയായിട്ടില്ലാത്തതിനാൽ ബാഹ്യമായ ആഡംബരങ്ങളോടുകൂടി ജൂബിലികൊണ്ടാടുന്നതു അനുചിതമാണെന്ന ന്യായത്താൽ തിരുമേനി അതിനു അനുമതി നല്കാതിരിക്കയാണു ചെയ്തിട്ടുള്ളതു്. എന്നാൽ ആദ്ധ്യാത്മികപരിപാടികൾക്കു എല്ലായ്പ്പോഴും സമുചിതമായ സ്ഥാനമുണ്ടല്ലോ. അതനുസരിച്ചു്, ആരാധനയും മററു ഭക്തകൃത്യങ്ങളും നടത്തി, ദൈവം കഴിഞ്ഞ ഇരുപത്തഞ്ചു വർഷക്കാലമായി തിരുമേനിയുടെമേൽ വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു തിരുമേനിയോടൊന്നിച്ചു് ദൈവത്തിനു നന്ദിപറയുവാൻ തിരുമനസ്സുകൊണ്ടു തന്റെ അജഗണങ്ങളെ ആഹ്വാനം ചെയ്തിരിക്കുന്നു. ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന ഇടയലേഖനത്തിൽ തിരുമനസ്സുകൊണ്ടു്, തനിക്കു് ഈശോയുടെ തിരുഹൃദയത്തോടുള്ള അപരിമിതമായ കടപ്പാടിനെ ഏററവും ഭക്തിനിർഭരവും ഹൃദയാവർജ്ജകവുമായ ഭാഷയിൽ ഏററുപറഞ്ഞിട്ടുമുണ്ടു്. ജൂബിലിസ്മാരകമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു രോഗബാധിതരാകുന്ന വൈദികരുടെ ഉപയോഗാർത്ഥം കോട്ടയം ആശുപത്രിവളപ്പിൽ ഗവണ്മെൻറനുമതിയോടുകൂടി പണിചെയ്യുവാൻ പോകുന്ന "വിയാന്നിവാർഡാ"ണു്. അതുപോലെതന്നെ വൃദ്ധവൈദികർക്കായി കോട്ടയം തിരുഹൃദയക്കുന്നിൽ ഒരു മന്ദിരം നിർമ്മിക്കാൻ തിരുമേനിയുടെ മുൻഗാമിക്കുണ്ടായിരുന്ന അഭിലാഷം സഫലമാക്കുവാനും തിരുമേനി തീരുമാനിച്ചിരിക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങൾക്കായി വൈദികരും അവരെ സ്നേഹിക്കുന്ന അജഗണങ്ങളും എന്നെന്നും തിരുമേനിയോടു കൃതജ്ഞരായിരിക്കും.

തിരുമേനിയുടെ ഹ്രസ്വമായ ഒരു ജീവചരിത്രം അന്യത്ര ചേർത്തിരിക്കുന്ന ഇടയലേഖനത്തിൽത്തന്നെ അടങ്ങിയിട്ടുണ്ടു്. 1945 ഒക്ടോബർ 7-ാം നു-യാണു തിരുമേനി മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതു്. കഴിഞ്ഞ ജനുവരി 8-ാം നു- തിരുമേനിയുടെ പുരോഗാമി റൈററ് റവ. ഡോക്ടർ അലക്സാണ്ടർ ചൂളപ്പറമ്പിൽ ദിവംഗതനായതിനെ തുടർന്നു വന്ദ്യതിരുമേനി രൂപതാഭരണം ഔദ്യോഗികമായി കൈയേൽക്കുകയും ചെയ്തു. ഒരു രൂപതാദ്ധ്യക്ഷനാവശ്യമായ എല്ലാ ഗുണങ്ങളും തിരുമേനിയിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നു നിസ്സംശയം പറയാം. ലൗകികവും വൈദികവുമായ ഉന്നതബിരുദങ്ങൾ, ഹൃദയവിശാലത, ജനരഞ്ജന, ഭക്തിപ്രചുരിമ, വിനയസ്വഭാവം ആദിയായവമൂലം തിരുമേനി ബഹുജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭവിച്ചിരിക്കുന്നു. കോട്ടയം രൂപതയുടെയും ക്രൈസ്തവകേരളത്തിന്റെയും ശ്രേയസ്സിനായി ഉത്തരോത്തരം അദ്ധ്വാനിക്കുന്നതിനു വേണ്ട ആയുസ്സും ആരോഗ്യവും വന്ദ്യതിരുമേനിക്കു സർവ്വശക്തൻ പ്രദാനംചെയ്യുമാറാകട്ടെ. ഡോക്ടർ തറയിൽ തിരുമേനി നീണാൾ വാഴട്ടെ.

# എം. സി. എസ്. എൽ.

എം. സി. എസ്. എൽ. ജനറൽ സെക്രട്ടറി അയച്ചുതന്ന ഒരു പ്രസ്താവന ഞങ്ങൾ അന്യത്ര പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. അതിൽ പറഞ്ഞിരിക്കുന്നതുപോലെ ഇന്നത്തെ സാഹചര്യങ്ങളിൽ എം.സി. എസ്. എൽ. പുനരുദ്ധരിക്കുക ഒരടിയന്തിരാവശ്യമാണെന്നതിനു സംശയമില്ല. നമ്മുടെ കോളേജുകളിലെയും ഹൈസ്കൂളുകളിലെയും സ്ഥിതിഗതികൾ പര്യാലോചിച്ചാൽ ഈ സംഗതി വ്യക്തമാകുന്നതാണു്.

## വിദ്യാലയങ്ങളുടെ സ്ഥിതി

കോളേജുകളും ഹൈസ്കൂളുകളും ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെല്ലാം അച്ചടക്കബോധം പൂർവ്വകാലങ്ങളെ അപേക്ഷിച്ചു് വളരെ കുറവായിരിക്കുന്നുവെന്നു വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു. കേവലം നിസ്സാരമായ കാരണങ്ങൾക്കുകൂടി സ്ട്രൈക്ക് ചെയ്യുവാനുള്ള ഒരു സന്നദ്ധത വിദ്യാർത്ഥികൾ പ്രകടിപ്പിച്ചുവരുന്നു. പരീക്ഷാകാലമാണെങ്കിൽ പറയേണ്ടതുമില്ല. സംസ്കാരത്തിന്റെയും ആത്മസംയമനത്തിന്റെയും മണ്ഡപങ്ങളായിരിക്കേണ്ട വിദ്യാർത്ഥികൾ വിപ്ലവാത്മകമായ മുദ്രാവാക്യങ്ങൾ ഉൽഘോഷിക്കുവാനും തെരുവുകളിൽക്കൂടി ഘോഷയാത്രകൾ നടത്തുവാനും ഇടയാകുന്നതു് ഏററവും ശോചനീയമാണെന്നു് അവരുടെ അഭ്യുന്നതിയെ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏവരും സമ്മതിക്കും. ഈ ബഹളത്തിന്റെയും കോലാഹലത്തിന്റെയുമെല്ലാം പിന്നിൽ ചില വിധ്വംസകശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും ആർക്കും നിഷേധിക്കാവുന്നതല്ല. കേരളത്തിന്റെ ഒരു കോണിൽ സ്ഥിതിചെയ്യുന്ന ഒരു കോളേജിലുണ്ടാകുന്ന കോളിളക്കങ്ങൾ ഉടനടൻ വിദൂരസ്ഥങ്ങളായ മററു കോളേജുകളിൽപ്പോലും അലതല്ലുവാനുള്ള കാരണം ഇതാണു്.

## വിധ്വംസകശക്തികളുടെ സുസംഘടിതമായ പ്രവർത്തനം

വിധ്വംസകശക്തികൾ സുസംഘടിതമായിട്ടാണു് പ്രവർത്തിക്കുന്നതെന്നു നാം വിസ്മരിക്കരുതു്. ഇന്നു 'വിദ്യാർത്ഥി ഫെഡറേഷൻ' പോലുള്ള വിദ്യാർത്ഥിസംഘടനകൾ ഇത്തരം ശക്തികളുടെ പിടിയിൽ അമർന്നിരിക്കുന്നതായി പറയപ്പെടുന്നു. എന്തുതന്നെയായാലും ഏതാദൃശസംഘടനകളും അവയുടെ പിന്നിലുള്ള ശക്തികളും വിദ്യാലയങ്ങളിലെ പഠിപ്പുമുടക്കുകൾക്കും മററു കുഴപ്പങ്ങൾക്കും പ്രചോദനവും പ്രോത്സാഹനവും നേതൃത്വവും നല്കുന്നവരായിട്ടാണു് പരക്കെ വിശ്വസിക്കപ്പെടുന്നതു്. കത്തോലിക്കരും അകത്തോലിക്കരുമായ പല നല്ല വിദ്യാർത്ഥികളും ഈ നിഗൂഢപ്രവർത്തനങ്ങളുടെ നീർച്ചുഴിയിൽ അകപ്പെട്ടു നട്ടംതിരിയാനും സമയവും പണവും നഷ്ടപ്പെടുത്താനും ഇടവരുന്നുണ്ടു്.

## കത്തോലിക്കാ വിദ്യാർത്ഥികൾ സംഘടിക്കണം

ഈദൃശപരിതസ്ഥിതിയിൽ കത്തോലിക്കാ വിദ്യാർത്ഥികൾ സംഘടിക്കേണ്ടതു് ഏററവും ആവശ്യമായിരിക്കുന്നു. തിന്മയെ ചെറുത്തുനിൽക്കുന്നതിനും, ഉത്തമാദർശങ്ങൾക്കു് സർവ്വത്ര പ്രതിഷ്ഠനൽകുന്നതിനും, സുസംഘടിതമായ പ്രവർത്തനമാണു് ആവശ്യമായിരിക്കുന്നതു്. കത്തോലിക്കാ വിദ്യാർത്ഥികൾ അപ്രകാരം ഒരു പ്രത്യേകസംഘടനയുടെ അംഗങ്ങളാകുന്നതു് "വർഗ്ഗീയത"യായി ചിലർ മുദ്രയടിച്ചേക്കാം. എന്നാൽ നമുക്കു് അവരോടു് ഒരു ചോദ്യം ചോദിക്കാവുന്നതാണു്. വിപ്ലവത്തിന്റെ വിഷബീജങ്ങൾ വിതരണം ചെയ്യുന്നതിനായി സംഘടിക്കുന്നതു് വർഗ്ഗീയതയല്ലേ? ഒരു വർഗ്ഗത്തിന്റെ പ്രത്യേകതാല്പര്യങ്ങളെ മാത്രം ലക്ഷ്യമാക്കിയും ഇതരവർഗ്ഗങ്ങളുടെ അവകാശങ്ങളേയും ആവശ്യങ്ങളേയും അവഗണിച്ചുകൊണ്ടും പ്രവർത്തിക്കുന്നതാണു് വർഗ്ഗീയതയെങ്കിൽ, ഇന്നത്തെ വിധ്വംസകപ്രസ്ഥാനക്കാരാണു് ഏററവും വലിയ വർഗ്ഗീയവാദികൾ. "വർഗ്ഗസമരം" മാണല്ലോ മാർക്സ്യൻ തത്വസംഹിത സ്വീകരിച്ചിട്ടുള്ളവരുടെ പ്രധാനപ്പെട്ട പ്രവർത്തനപരിപാടി. കത്തോലിക്കാ വിദ്യാർത്ഥികൾ സംഘടിക്കണമെന്നുള്ളതു് മററാരുടേയും അവകാശങ്ങളെ ചവുട്ടിമെതിക്കാനല്ല, അന്യായമായ മാർഗ്ഗങ്ങളിൽക്കൂടി അധികാരം പിടിച്ചുപററുവാൻ വേണ്ടിയല്ല, ഒരു പ്രത്യേകവർഗ്ഗത്തിന്റെ താല്പര്യങ്ങൾമാത്രം പരിരക്ഷിക്കുവാനുമല്ല. പ്രത്യുത മററുള്ളവരുടെയെല്ലാം ന്യായമായ അവകാശങ്ങളെ ആദരിച്ചുകൊണ്ടു് സനാതനതത്വങ്ങളും ആദർശങ്ങളും സംരക്ഷിക്കുവാനും അവയെ വിദ്യാലയങ്ങളിലും ജനതാമദ്ധ്യത്തിലും പ്രതിഷ്ഠിക്കുവാനുംവേണ്ടിയാണു്. തിരുസ്സഭ പഠിപ്പിക്കുന്ന തത്വങ്ങളും മുറുകെപ്പിടിക്കുന്ന ആദർശങ്ങളും കാതോലികങ്ങളാണു്, സാർവ്വത്രികങ്ങളാണു്, വർഗ്ഗങ്ങളുടേയും രാജ്യങ്ങളുടേയും സ്വാർത്ഥതാല്പര്യങ്ങൾക്കു സർവ്വഥാ അതീതമായി നിലകൊള്ളുന്നവയുമാണു്. സത്യം, നീതി, ധർമ്മം, സ്നേഹം തുടങ്ങിയ പാവനാദർശങ്ങളുടെ സംരക്ഷികയായിട്ടാണു സഭ സദാകാലവും പരിഗണിക്കപ്പെട്ടിട്ടുള്ളതു്. അവയെ ലക്ഷ്യമാക്കിയാണു സഭയുടെ സന്താനങ്ങൾ സംഘടിക്കേണ്ടിയിരിക്കുന്നതും. അത്തരം സംഘടനകൾ എല്ലാ സമുദായങ്ങളുടേയും സുരക്ഷിതത്വത്തിനുള്ള സുശക്തമായ കോട്ടകളായിരിക്കുമെന്നതിനു സംശയമില്ല. തിന്മ പ്രവർത്തിക്കുവാനായി, നാട്ടിൽ ബഹളവും കുഴപ്പവും ഉണ്ടാക്കുവാനായി, മററുള്ളവർക്കു സംഘടിക്കാമെങ്കിൽ, നന്മ പ്രവർത്തിക്കുവാനായി, നാട്ടിൽ സ്വൈരവും സമാധാനവും വളർത്തുവാനായി കത്തോലിക്കാവിദ്യാർത്ഥികൾക്കും സംഘടിക്കാവുന്നതത്രെ.

## എം. സി. എസ്. എൽ.

### ഏററവും യോജിച്ച സംഘടന

കേരളത്തിലെ കത്തോലിക്കാവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്കേററം യോജിച്ച സംഘടന എം. സി. എസ്. എൽ. (മലബാർ കാത്തലിക് സ്റ്റുഡൻ്റ്സ് ലീഗ്) ആണെന്നാണ് തോന്നുന്നതു്. എം. സി. എസ്. എൽ.ൻെറ ലക്ഷ്യങ്ങളെപ്പററിയും കഴിവുകളെപ്പററിയും അനുഭവജ്ഞാനമുള്ള ഒരു പ്രശസ്ത നേതാവായ ഡോക്ടർ ജി. എച്ച്. പാപ്പാളി രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായം ചുവടെ ചേർക്കുന്നു: "കത്തോലിക്കാപ്രവർത്തനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സംഘടനകളിൽ പ്രഥമവും സമ്പൂർണ്ണവുമായ സ്ഥാപനം എം. സി. എസ്. എൽ. ആണെന്നുള്ളതിനു രണ്ടുപക്ഷമില്ല. വിശാലമനോഭാവവും കത്തോലിക്കാ പ്രവർത്തനപരിശീലനവും ഒത്തിണങ്ങിയ ഏക അഖിലകേരള സംഘടന ഇന്നും എം. സി. എസ്. എൽ മാത്രമാണെന്നു നമുക്ക് അഭിമാനിക്കാം. കൂടാതെയും, ആധുനികകാലത്തു സാധാരണമായിട്ടുള്ള എല്ലാ തിന്മകൾക്കും അനുയോജ്യമായ പ്രതിവിധിയും അതുവഴി കാണാൻ ലഭിക്കേണ്ടതു്. ഇന്നത്തെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ എം. സി. എസ്. എൽ പോലെയുള്ള സംഘടനകളെ സസന്തോഷം സ്വാഗതംചെയ്യുമെന്നു തന്നെ വിചാരിക്കണം......

"യുവവിദ്യാർത്ഥികളെ ആകർഷിച്ചു ചൂഷണം ചെയ്യുന്നതിനു ഉദ്ദേശമായ രാഷ്ട്രീയസംഘടനകളും രാഷ്ട്രേതരസംഘടനകളും ധാരാളമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യവും അനുസ്മരിക്കേണ്ടതാണ്. ഏതൽസമഹചര്യങ്ങളിൽ വിശ്വാസം, പഠനം, പ്രവൃത്തനം എന്നീ ആദർശത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന മലബാർ കാത്തലിക് വിദ്യാർത്ഥിലീഗിൻെറ പുനരുജ്ജീവനം ഇന്നത്തെ നേതാക്കന്മാരുടെ കർത്തവ്യമാണെന്നു തന്നെ പറയാം."

### പൂർവ്വചരിത്രം

ഇന്നത്തെ വിദ്യാർത്ഥികളുടെ പിതാക്കന്മാർ വിദ്യാർത്ഥികളായിരുന്ന കാലത്താണ് എം. സി. എസ്. എൽ. രൂപമെടുത്തതു്. ഇപ്പോൾ ഏതാണ്ടു മൂന്നു വ്യാഴവട്ടക്കാലമായി അതു ജനപ്രവേശം ചെയ്തിട്ട്. ഡോക്ടർ പി. ജെ. തോമസ്, ഷെവലിയർ, സി. ജെ വർക്കി, ഷെവലിയർ ജോസഫ് ചെട്ട, ശ്രീ എൽ എം. പൈലി മുതലായവരാണ് പ്രസ്തുത സഖ്യത്തിൻെറ പ്രണേതാക്കൾ. ആരംഭകാലത്തു പ്രതിവർഷം ഒരു പൊതുയോഗം കൂടുകമാത്രമാണ് പ്രധാനമായി ചെയ്തിരുന്നതെങ്കിലും ക്രമേണ ശാഖാസംഘങ്ങൾ ഹൈസ്കൂളുകളിലും കോളേജുകളിലും സ്ഥാപിക്കയും ഊർജ്ജിതമായി പ്രവർത്തനമാരംഭിക്കയുംചെയ്തു.

എം. സി. എസ് എൽ. ൻെറ ചരിത്രത്തിലെ സുവർണ്ണഘട്ടം തൃശ്ശിനാപ്പള്ളി കോളേജ് പ്രൊഫസർ ഫാദർ ഒണോരെ എസ്. ജെ. അതിൻെറ പ്രസിഡൻറായിരുന്ന കാലമാണെന്നുള്ളതു പലർക്കും അറിയപ്പെട്ടിട്ടുള്ളതാണ്. അന്നു കേരളത്തിലെ എല്ലാ കത്തോലിക്കാ ഹൈസ്കൂളുകളിലും തന്നെ സഖ്യശാഖകൾ ഉണ്ടായിരുന്നു. വിദ്യാർത്ഥികൾ ആണ്ടുതോറും ഒരുറുപ്പിക വരിസംഖ്യകൊടുക്കുകയും, സഖ്യംവക ബുള്ളററിൻ വരുത്തുകയും ആഴ്ചതോറും പാഠനക്ലാസ്സുകൾ നടത്തുകയും ചെയ്തുവന്നു. ഫാദർ ഒണോരെയുടെ മരണശേഷം കുമാരൻ ഫാദർ കാർട്ടിയും അതിൻെറ പ്രസിഡൻറായിരുന്നിട്ടുണ്ട്.

### മുദ്രാവാക്യം

എം. സി. എസ്. എൽ. ൻെറ മുദ്രാവാക്യം "വിശ്വാസം, പഠനം, പ്രയത്നം" എന്നാണ്. ആദ്ധ്യാത്മികകർമ്മാനുഷ്ഠാനങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്ന സജീവവിശ്വാസമാണല്ലൊ ഒരു കത്തോലിക്കൻെറ എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം. അതുകൊണ്ടാണു "വിശ്വാസ"ത്തിനു മുദ്രാവാക്യത്തിൽ പ്രഥമസ്ഥാനം നൽകിയിരിക്കുന്നതു്. ഒരു കത്തോലിക്കാവിദ്യാർത്ഥി ലൗകികവിജ്ഞാനം സമ്പാദിക്കുന്നതോടൊപ്പം മതപരമായ വിജ്ഞാനവും സമ്പാദിക്കേണ്ടതു് ആവശ്യമാകയാൽ "പഠന"വും മുദ്രാവാക്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യോഗങ്ങൾ ചേർന്നും സ്റ്റഡിസർക്കിളുകൾ നടത്തിയും നല്ലനല്ല ഗ്രന്ഥങ്ങളും പത്രമാസികകളും വായിച്ചും ഈ കൃത്യം നിർവഹിക്കാവുന്നതാണ്. ആധുനികസാഹചര്യങ്ങളിൽ കത്തോലിക്കാവിദ്യാർത്ഥികൾ മതതത്വങ്ങൾക്കു പുറമെ കമ്മ്യൂണിസം സോഷ്യലിസം മുതലായ പ്രസ്ഥാനങ്ങളെപ്പററിയും ഇതര സാമൂഹിക പ്രശ്നങ്ങളെപ്പററിയും വേണ്ടത്ര അറിവു സമ്പാദിക്കേണ്ടിയിരിക്കുന്നു. എന്നാലവർ വിശ്വാസവും പഠനവുംകൊണ്ടുമാത്രം തൃപ്തിയടയാതെ പ്രവൃത്തിപഥത്തിലിറങ്ങി, സഭയുടേയും സമുദായത്തിൻേറയും സേവനത്തിനായി തങ്ങളുടെ കഴിവുകൾ അർപ്പിക്കേണ്ടതാണ്. അതിനെയാണ് മുദ്രാവാക്യത്തിലെ "പ്രയത്നം" എന്ന ശബ്ദം അനുസ്മരിപ്പിക്കുന്നതു്. തൊഴിലാളിമുതലാളി പ്രശ്നങ്ങൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് അവശരും ആലംബഹീനരുമായ സംഖ്യ അനുദിനം വളർന്നുവരുന്ന ഇക്കാലത്തു്. യുവചൈതന്യം തുളുമ്പുന്ന വിദ്യാർത്ഥികളുടെ മുമ്പിൽ കിടക്കുന്ന സേവനത്തിൻെറ വയൽ അതിവിശാലമാണെന്നു പറയേണ്ടതില്ലല്ലൊ. രോഗികളെ സന്ദർശിക്കുക, ദരിദ്രരെ സഹായിക്കുക; തൊഴിലാളികൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുക, പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക, വേദോപദേശം പഠിപ്പിക്കുക ഇങ്ങിനെയുള്ള നിരവധി നല്ലകാര്യങ്ങൾ ചെയ്യുന്നതിൽനിന്നു വിട്ടുമാറി നിൽക്കാൻ ആഗ്രഹിക്കാത്തവരായ കത്തോലിക്കാ വിദ്യാർത്ഥികൾക്കു സാധിക്കുന്നതാണ്. അതിനു് അവരിൽ ഓളം വെട്ടുന്ന ഐക്യത്യപ്രകർഷത്തെ നേർവഴിക്കു തിരിച്ചുവിടണമെന്നുമാത്രം. ശരിയായ നേതൃത്വവും സംഘടിതപരിശ്രമവും ഉണ്ടെങ്കിലേ ഇതു സാദ്ധ്യമാകയുള്ളു.

### കമ്മ്യൂണിസത്തിനു പ്രതിവിധി

കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളെയെല്ലാം ഇപ്രകാരം "ഒരു ചരടിൽ കോർക്കുന്ന" ഒരു സംഘടനയുണ്ടായാൽ, വിദ്യാലയങ്ങളിൽ തലപൊക്കിവരുന്ന കമ്മ്യൂണിസത്തിനു അതു നല്ലോരു പ്രതിവിധിയായിരിക്കും. അവരെല്ലാം ഏകയോഗക്ഷേമമായി വർത്തിക്കയും ഉൽകൃഷ്ടലക്ഷ്യങ്ങൾക്കായി നിലകൊള്ളുകയും ചെയ്യുന്നപക്ഷം യാതൊരു വിധ്വംസകശക്തിക്കും കത്തോലിക്കാ വിദ്യാലയങ്ങളിൽ നുഴഞ്ഞുകയറി കുഴപ്പം സൃഷ്ടിക്കാനും പണിമുടക്കുകൾ നടത്തിക്കാനും സാധിക്കയില്ല. വിദ്യാർത്ഥികളുടെ ഇടയിൽ ഇന്നു കമ്മ്യൂണിസ്റ്റാശയങ്ങൾ ഒരു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചുവരികയാണെന്ന പരമാർത്ഥം നാം സദാ ഓർത്തിരിക്കണം. കേരളത്തിലെ അകത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ 50 ശതമാനമെങ്കിലും കമ്മ്യൂണിസ്റ്റുകാരോ കമ്മ്യൂണിസ്റ്റനുഭാവമുള്ളവരോ ആണ്. ചില വിദേശീയരാജ്യങ്ങളിലെ കോളേജുകളുടെ സ്ഥിതി ഇതിലും കഷ്ടമത്രെ. പേർഷ്യയുടെ തലസ്ഥാനമായ ടെഹറാനിൽ ഇപ്പോൾ ഗവമ്മെൻറുപക്ഷക്കാരും കമ്മ്യൂണിസ്റ്റുകാരും തമ്മിൽ സംഘട്ടനങ്ങളുണ്ടായിക്കൊണ്ടിരിക്കയാണല്ലൊ. അവിടത്തെ സർവ്വകലാശാലയുടെ ഡീൻ ഈയിടെ പ്രസ്താവിച്ചതനുസരിച്ചു ആ സർവ്വകലാശാലയിലെ വിദ്യാർത്ഥികളിൽ 75 ശതമാനംപേരും, പ്രൊഫസറന്മാർ ഇരുപതു ശതമാനവും കമ്മ്യൂണിസ്റ്റുകാരാണ്. ഇൻഡ്യയിലെ വിദ്യാർത്ഥിഫെഡറേഷൻ കൊറിയൻ യുവജനസംഘടനയുടെ ക്ഷണമനുസരിച്ചു് അടുത്തുതന്നെ ഒരു പ്രതിനിധിയെ അയക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഒരു വാർത്തയിൽ കാണുന്നു. ലോകത്തിൻെറ മററു ഭാഗങ്ങളിൽനിന്നും ഇപ്രകാരം പ്രതിനിധികളെ ക്ഷണിച്ചിട്ടുണ്ട്. "അമേരിക്കൻ പട്ടാളക്കാർ കൊറിയയിൽ നടത്തിയ പൈശാചികകൃത്യങ്ങളെപ്പററി അന്വേഷിക്കുക" യാണത്രെ പ്രതിനിധി സംഘത്തിൻെറ ഉദ്ദേശം. കമ്മ്യൂണിസം ഇവരുടെ മനസ്സിനെ എത്രത്തോളം അന്ധമാക്കിയിരിക്കുന്നു. വാസ്തവത്തിൽ പൈശാചികകൃത്യങ്ങൾ ചെയ്തതു് ഉത്തരകൊറിയയുടേയും കമ്മ്യൂണിസ്റ്റുചൈനയുടേയും സേനകളാണെന്നവസ്തുത കണ്ടറിയാൻ ഇവർക്കു സാധിക്കുമെന്നു തോന്നുന്നില്ല. ഏതാനും മാസങ്ങൾക്കുമുമ്പു് ബർലിനിൽവച്ചു കമ്മ്യൂണിസ്റ്റു നേതൃത്വത്തിൽ നടന്ന "യുവജനമഹോത്സവ"ത്തിൽ എൺപതിനായിരം ബാലികാബാലന്മാരാണ് പങ്കെടുത്തതു്. 1952-ൽ ആസ്ട്രേലിയായിൽവച്ചു് അത്തരമൊരു യുവജനമഹോത്സവം നടത്താൻ പോകുന്നുണ്ട്. ഇപ്രകാരമാണു് ബാഹ്യലോകങ്ങളിൽ കമ്മ്യൂണിസ്റ്റു വിഷംകുത്തിവയ്ക്കാനുള്ള സംഘടിതപരിശ്രമം നടക്കുന്നതു്. അതിൻെറ പ്രത്യാഘാതങ്ങൾ കത്തോലിക്കാ വിദ്യാർത്ഥികളിലും ഉണ്ടാകാവുന്നതാണ്.

"അന്ധകാരത്തിൻെറ മക്കൾ" മേൽവിവരിച്ചവണ്ണം ഉണർന്നു പ്രവർത്തിക്കുമ്പോൾ, സമരസന്നദ്ധരായി മുന്നേറുമ്പോൾ, "പ്രകാശത്തിൻെറ മക്കൾ" ഉദാസീനരായി വർത്തിക്കുന്നതു അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായിരിക്കയില്ലേ? ചില കോളേജുകളിൽ "പാക്സ്റോമാന"യുടെ ശാഖകൾ ഉണ്ടെന്ന സംഗതി ഞങ്ങൾ വിസ്മരിക്കുന്നില്ല. അവ ഉള്ളിടത്തു അവ മതിയായിരിക്കാം. മററുള്ള സ്ഥലങ്ങളിലെങ്കിലും എം. സി. എസ്. എൽ സ്ഥാപിക്കാവുന്നതാണ്. എം. സി. എസ്. എൽ-നെ "പാക്സ്റോമാന"യോടു സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിവില്ല. സംഘടിപ്പിച്ചിട്ടില്ലത്തപക്ഷം, അങ്ങനെ ചെയ്യുന്നതും നന്നായിരിക്കും. ആഗോളവ്യാപകമായ ഒരു സംഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നതു എപ്പോഴും ഗുണകരമാണല്ലൊ. എം. സി. എസ്. എൽ. നേരത്തെ സ്ഥാപിച്ചിട്ടുള്ള കോളേജുകളിലും ഹൈസ്കൂളുകളിലും തൽപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. ഇപ്രകാരം കേരളത്തിലെ കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികളെ കൂട്ടിയിണക്കുന്ന ഒരു പൊതു സംഘടനയായി എം. സി. എസ്. എൽ. പ്രവർത്തിച്ചുതുടങ്ങുന്നതു കാണുവാൻ ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. കേരളത്തിൻെറ ഉററമിത്രവും കർമ്മകുശലനും പുണ്യശ്ലോകനും ദീർഘവീക്ഷണശാലിയും പ്രസിദ്ധശാസ്ത്രജ്ഞനുമായിരുന്ന ഫാദർ ഒണോറെയുടെ കരപരിചരണമേററു തഴച്ചുവളർന്ന ഈ ചെടിയെ വീണ്ടും ഫലസമൃദ്ധമാക്കാൻ യാതൊരു പ്രയാസവുമുണ്ടാകയില്ല. നല്ലാണ്ണം വളംകൊടുക്കയും ജലസേചനംചെയ്യുകയും ചെയ്താൽമതി. അതിനായി വിദ്യാർത്ഥികളും വിദ്യാലയാധികൃതരും മുന്നോട്ടുവരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. എം. സി. എസ്. എൽ. ഇടയെങ്ങനെയുള്ള വിധത്തെപ്പററിയും മററും അറിയുന്നതിനു് മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നും പ്രസിദ്ധംചെയ്തിരിക്കുന്ന "എം. സി. എസ്. എൽ." എന്ന ലഘുഗ്രന്ഥം വരുത്തിവായിക്കുക.

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തലക്കം

സത്യദീപത്തിൻെറ ജനയിതാവും സംരക്ഷകനുമായ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലി സംബന്ധിച്ചുള്ള വിശേഷാൽപ്രതി ഡിസംബർ 26-ാം തിയതി പുറപ്പെടുന്നതാണ്.

## തിരഞ്ഞെടുപ്പുഫലം

തിരു-കൊച്ചി അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ വിജയികളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവരുടെ (ഇതെഴുതുമ്പോൾ) പേരുകൾ താഴെ ചേർക്കുന്നു: ചിററൂർ—ശ്രീ അമ്പാട്ട ഈച്ചരമേനോൻ (കോൺഗ്രസ്). നെന്മാറ—ശ്രീ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ (കോൺഗ്രസ്). ഊരകം—ശ്രീ കെ ഐ വേലായുധൻ (കോൺ). തൃശ്ശൂർ—ശ്രീ സി. അച്യുതമേനോൻ (ഐക്യമുന്നണി) വിയ്യൂർ—ശ്രീ കെ. കരുണാകരൻ (കോൺ). ചങ്ങനാശ്ശേരി—ശ്രീ കെ. എം. കോര (കോൺ). മണലൂർ—ശ്രീ കെ. പി പ്രഭാകരൻ (ഐക്യമുന്നണി). ഞാറയ്ക്കൽ—ശ്രീ കെ. രാമകൃഷ്ണൻ (ഐക്യമുന്നണി) കൊല്ലം—ശ്രീ കളത്തിൽ വേലായുധൻ നായർ (കോൺ). ചാലക്കുടി—ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ (കോൺ). മുളകുളം—ശ്രീ കെ. മേനേ (കോൺ). കുന്നംകുളം—ശ്രീ ടി. കൃഷ്ണൻ (ഐ. മുന്നണി). കടപ്ര—ശ്രീ സദാശിവൻപിള്ള (കോൺ). മൂവാററുപുഴ—ശ്രീ കെ. കെ. ചെല്ലപ്പൻ (കോൺ). തിരുവല്ലായിൽനിന്നു പാർലമെൻററിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺ. സ്ഥാനാർത്ഥി ശ്രീ സി. പി. മാത്തൻ വിജയിയായിരിക്കുന്നു.

## ഒരഭ്യർത്ഥന

(കെ. എം. മാത്തൻ ബി. എ. ജനറൽ സെക്രട്ടറി, *M. C. S. L.*)

കുറച്ചുകാലമായി, *M. C. S. L.* നെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണല്ലൊ. നിർഭാഗ്യവശാൽ ഈ ശ്രമം ഇതുവരെയായിട്ടും വിജയപ്രദമായിട്ടില്ല. ഏതാണ്ടു് പരാജയപ്പെട്ടിരിക്കുന്നതായി തോന്നുന്നു. കത്തോലിക്കാ വിദ്യാലയാധികൃതരുടെ സഹകരണരാഹിത്യമാണ് ഇതിനുള്ള കാരണമെന്നു ഖേദപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. സഹകരണം അഭ്യർത്ഥിച്ചുകൊണ്ടു് ഇതുപര്യന്തം നടത്തിയിട്ടുള്ള അഭ്യർത്ഥനകൾ കേവലം വനരോദനമായിമാത്രം പരിണമിച്ചിരിക്കയാണ്.

ഇന്നത്തെ മതവിരുദ്ധസാഹചര്യങ്ങളിൽ *M. C. S. L.* പോലുള്ള ഒരു സംഘടന എത്രമാത്രം ആവശ്യമാണെന്നും, അതിൻെറ കഴിവുകൾ എത്രമാത്രം വിപുലമാണെന്നും ഉള്ള വസ്തുത ഞങ്ങൾ ശരിക്കു് മനസ്സിലാക്കുന്നുണ്ട്. ഇക്കാരണത്താലാണ്, ഞങ്ങൾക്കു് തുടർച്ചയായ പരാജയമാണു് അനുഭവപ്പെടുന്നതെങ്കിലും, എം. സി. എസ്. എൽ. നെ ഊർജ്ജിതപ്പെടുത്തണമെന്നുള്ള ആത്മാർത്ഥമായ അഭിലാഷത്താൽ പ്രേരിതരായി, ഒരിക്കൽക്കൂടി സഹകരണാഭ്യർത്ഥനയുമായി, കത്തോലിക്കാ വിദ്യാലയാധികൃതരെ സമീപിക്കുന്നതു്.

വിദ്യാർത്ഥികളുടെയിടയിൽ, മതവിരുദ്ധമനോഭാവം വർദ്ധമാനമായി വരുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. ഈ സന്ദർഭത്തിൽ, എം. സി. എസ്. എൽ. പോലുള്ള ഒരു സംഘടനയുടെ ആവശ്യം എന്താണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഇന്നത്തെ വിദ്യാലയാധികൃതരിൽ ഭൂരിപക്ഷവും, എം. സി. എസ്. എൽ-ൻെറ ഊർജ്ജിതകാലത്തു്, അതിൻെറ പ്രവർത്തകരായിരുന്നവരായിരിക്കുമല്ലൊ. അതിനാൽ അതിൻെറ ഘടനയേയൊ, പ്രവർത്തനങ്ങളേപ്പററിയോ എന്തെങ്കിലും പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഓരോ വിദ്യാലയങ്ങളിലും, *M. C. S. L.* ശാഖകൾ സ്ഥാപിതമാകണമെങ്കിൽ, അതിൻെറ അധികൃതരുടെ ആത്മാർത്ഥമായ സഹകരണം അപരിത്യാജ്യമാണ്. ഭാവിയിൽ ഈ സഹകരണം നിർല്ലോഭം ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. അടുത്ത വാർഷികത്തിനു മുമ്പായി, എല്ലാ വിദ്യാലയങ്ങളിലും ശാഖകൾ സ്ഥാപിക്കണമെന്നും, അവയ്ക്കു വേണ്ട സഹകരണവും, നേതൃത്വവും, പ്രോത്സാഹനവും നൽകണമെന്നും, കത്തോലിക്കാ വിദ്യാലയാധികൃതരോടു് അഭ്യർത്ഥിക്കുന്നു. മാനേജിംഗ് കമ്മിററിയിൽ നിന്നും, ഓരോ രൂപതയിലും ശാഖകൾ സംഘടിപ്പിക്കുന്നതിനു് താഴെപ്പറയുന്നവരെ നിയമിച്ചിരിക്കുന്നു. അവരിൽനിന്നും ശാഖാസ്ഥാപനത്തിനു് സഹകരണം പ്രതീക്ഷിക്കാവുന്നതാണ്.

1. റവ. ഫാ. ഫ്രാൻസിസ് കാളാശേരി M. Sc., S. B College, (ചങ്ങനാശേരി രൂപത). 2. മി. വി. ജോർജ്ജ് B. Sc., M. G.D. High School, കല്ലൂപ്പാറ, (തിരുവല്ലാ രൂപത.) 3. റവ. ഫാ. കുര്യാക്കോസ് മ്യാലിൽ, Headmaster, St. George's High School, കൈപ്പുഴ (കോട്ടയം രൂപത) 4. റവ. ഫാ. വി. വി. എബ്രാഹം, Headmaster, സെൻറ് മേരിസ്, ഭരണങ്ങാനം (പാലാ രൂപത.) 5. പ്രൊഫസർ പി. റാ. തോമ്മസ്, St. Albert's College, (എറണാകുളം, വരാപ്പുഴ രൂപതകൾ, 6. കെ. എം. മാത്തൻ (ജ. സെക്രട്ടറി) (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ രൂപതകൾ.)

ഭരണങ്ങാനം

23—10—1951




ചിററാട്ടുകര: ജൂബിലി ദണ്ഡവിമോചനാർത്ഥം ഡിസംബർ 2-ാം-ു ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—കട്ടുത്തുരുത്തി വലിയപള്ളിയിടവകയിൽ ലഭിച്ച പാൽപ്പൊടി, മാവ് മുതലായവ കൊണ്ട് ഇരവിമംഗലം, പൂഴിക്കോൻ, പാഴുത്തുരുത്ത്, കട്ടുത്തുരുത്തി എന്നിവിടങ്ങളിലെ സ്കൂളുകളിൽ രണ്ടാഴ്ച തുടർച്ചയായി പാലും റൊട്ടിയും വിതരണം ചെയ്തിരിക്കുന്നു.

—ചുണ്ടശേരി ചെറുപുഷ്പ മിഷൻ ലീഗിന്റെ ദ്വിതീയവാർഷികം ഡിസം. 2-ാംനു- റവ. ഫാ. അന്നം പ്രേമാനന്ദം അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. റവ. ഫാ. ജെ. മാച്ചിപ്പറമ്പിൽ ഒരു പ്രസംഗം ചെയ്തു.

—മണ്ണക്കനാട്ട്: ചെറുപുഷ്പ മിഷൻ ലീഗിന്റെ ഒരു ശാഖ നവം. 18-ാം-ു റവ. ഫാ. സിറിയക്ക് കുന്നത്ത് അവർകൾ ഉൽഘാടനം ചെയ്തിരിക്കുന്നു.

—ഉട്ടമ്പന്നൂർ: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലിപ്രമാണിച്ച് നവം. 26-ാം-ു പൊതുധ്യാനവും യുവതീയുവാക്കന്മാർക്കായുള്ള പ്രത്യേക കോൺഫറൻസുകളും ഡിസം. 2 ാംനു- പന്ത്രണ്ടു മണിക്കൂറാരാധനയും നടത്തപ്പെട്ടു. ഇടവകയിൽ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖയും സ്ഥാപിതമായിട്ടുണ്ട്.

—പുളിങ്കുന്നു: സൊഡാലിററിയുടെ രജതജൂബിലി ഡിസം. 2-ാംനു- തൃശ്ശൂർമെത്രാൻ ഡോ. ആലപ്പാട്ട തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. പൊതുയോഗത്തിൽ മോൺ പോൾ കാക്കശ്ശേരി ഒരു പ്രസംഗം ചെയ്കയും ശ്രീ ജോസഫ് കൈമാപ്പറമ്പൻ ഒരു കഥാപ്രസംഗം നടത്തുകയുമുണ്ടായി.

—അകപ്പറമ്പ്: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ച് നവം. 28 മുതൽ ഡിസം. 2 വരെ തീയതികളിൽ പൊതുധ്യാനവും, ഡിസം. 4, 5, 6 എന്നീ തീയതികളിൽ നാല്പതുമണിയാരാധനയും ആരാധനാദിവസങ്ങളിൽ യഥാക്രമം സുറിയാനി, ലത്തീൻ, മലങ്കര എന്നീ റീത്തുകളിൽ സ്തപസ്സുകർബാനയും പൊന്തിഫിക്കൽ കുർബാനയും നടത്തപ്പെട്ടു.

—കോട്ടയം രൂപതയുടെ എ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ ഗുരുപ്പട്ട രജതജൂബിലിസ്മാരകമായി ഡിസംബർ 21-ാംനു- പുന്നത്തുറ പുതുതായി പണിയാൻ ഉദ്ദേശിക്കുന്ന സെയിന്റ് തോമസ് പള്ളിയുടെ ശിലാസ്ഥാപനം വന്ദ്യ തിരുമേനി നിർവഹിക്കുന്നതാണെന്നറിയുന്നു.

## ചരമം

കൂത്താട്ടുകുളം: ശ്രീ ടി. വി. തോമസിന്റെ പുത്രൻ വറുഗീസുകുട്ടി അവർകൾ നവം. 27-ാം തീയതി 40-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—വൈക്കം ഫൊറോനാപ്പള്ളി ഇടവക പുത്തനങ്ങാടിയായ പടിഞ്ഞാറേക്കുററ് ശ്രീ പി. ഐ വക്കി ബി എ ബി എൽ ഡിസം. 7-ാം തീയതി നിര്യാതനായിരിക്കുന്നു.

R. I. P.

(5-ാം പേജ് തുടർച്ച)

ബന്ധിക്കുകയും കഴിവുള്ളവർ ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യണമെന്നു നാം അഭിലഷിക്കുന്നു. മേൽപറഞ്ഞ രണ്ടിലേതെങ്കിലുമൊരുദിവസം കുമ്പസാരിച്ചു ശുദ്ധ. കുർബാന സ്വീകരിക്കുന്നവർക്കു സാധാരണവ്യവസ്ഥയിൽ പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. നമുക്കു വേണ്ടിയും നമ്മുടെ രൂപതയുടെ എല്ലാവിധ അഭിവൃദ്ധിക്കുവേണ്ടിയും ഈ നാളുകളിൽ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്നു വീണ്ടും അഭ്യർത്ഥിക്കുന്നു.

നമ്മുടെ മെത്രാപ്പോലീത്താ മാർ ആഗസ്തിനോസ് കണ്ടത്തിൽ തിരുമേനിയുടെ ഗുരുപ്പട്ട സ്വർണ്ണജൂബിലിയും, റോമായിൽ നമ്മുടെ സഹപാഠിയായിരുന്ന വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ അട്ടിപ്പേറ്റി തിരുമേനിയുടെ ഗുരുപ്പട്ടരജതജൂബിലിയും ഈ വർഷമാകയാൽ ഈ അഭിവന്ദ്യ തിരുമേനിമാർക്കുവേണ്ടിയും നമ്മുടെ പ്രിയപ്പെട്ട മക്കൾ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർപ്പിക്കുന്നു.




മജിസ്ട്രേട്ട്: "എടോ, തന്റെ പ്രാവുകളെ ഈ മനുഷ്യൻതന്നെയാണ് വെടിവച്ചതെന്ന് നിങ്ങൾക്ക് സത്യംചെയ്യാമോ?"

വാദി: "ഈ ആൾ വെടിവെച്ചു എന്നു ഞാൻ പറഞ്ഞില്ല. അപ്രകാരം ചെയ്തു എന്നു ബലമായി സംശയിക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്."

മജി: "എന്തു കാരണത്താലാണ് നിങ്ങൾ അപ്രകാരം സംശയിച്ചത്?"

വാദി: "ഒന്നാമതായി, എന്റെ സ്ഥലത്തുവച്ചു തോക്കോടുകൂടി അയാളെ ഞാൻ പിടികൂടി. രണ്ടാമതായി, ഒരു തോക്കിന്റെ നിറ ഒഴിക്കുന്നശബ്ദം ഞാൻ കേൾക്കുകയും, കുറെ പ്രാവുകൾ നിലംപതിക്കുന്നതു ഞാൻ കാണുകയും ചെയ്തു. മൂന്നാമതായി, എന്റെ പ്രാവുകളിൽ നാലെണ്ണം അയാളുടെ കീശയിൽനിന്നു ഞാൻ കണ്ടെടുത്തു. പ്രാവുകൾ അങ്ങോട്ടു പറന്നുചെന്നു ആത്മഹത്യചെയ്തു എന്നു ഞാൻ വിചാരിക്കുന്നില്ല."

* * *

ഡാക്ടർ രോഗികളെ സന്ദർശിക്കയായിരുന്നു. "ഈ ആൾ എങ്ങനെ ഇരിക്കുന്നു?" ഡാക്ടർ നേഴ്സിനോടു ചോദിച്ചു.

നേഴ്സ്: "കുറച്ചു കൂടുതലാണ്, ഡാക്ടർ. പനി വളരെ അധികമുണ്ട്."

ഡാക്ടർ: "അപ്രകാരം പറയരുതെന്നു ഞാൻ എത്രപ്രാവശ്യം നിങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്? അയാൾക്കു പനി കൂടുതലാണെന്ന് അയാൾ സംശയിക്കുന്നു, എന്നു പറയണം."

രണ്ടാംദിവസം ഡാക്ടർ രോഗിയെ സന്ദർശിക്കാൻ വന്നപ്പോൾ നേഴ്സിനോട്: "ഇപ്പോൾ എങ്ങനെ ഇരിക്കുന്നു?"

നേഴ്സ്: "ഇന്നു കാലത്തു അയാൾ അനങ്ങിയിട്ടുപോലുമില്ല. അയാൾ മരിച്ചുവെന്നാണ് അയാളുടെ സംശയം."

* * *

നവസന്യാസി നൊവിസ്യാത്തുഗുരുവിന്റെ അടുക്കൽച്ചെന്നു പറഞ്ഞു: "അച്ചാ! ഞാനിന്നൊന്നു ഉരുണ്ടുവീണു. എന്നിട്ട് എന്റെ കണ്ണടയുടെ ചില്ലു പൊട്ടിപ്പോയി; എന്റെ കുടയുടെ കാല് ഒടിഞ്ഞുപോയി."

ഗുരു: "എന്റെ കണ്ണട, എന്റെ കുട എന്നൊന്നും പറയരുത്. ഞാനുപയോഗിക്കുന്ന കണ്ണട, ഞാനുപയോഗിക്കുന്ന കുട എന്നൊക്കെയേ പറയാവൂ. എല്ലാം പൊതുസ്വത്തല്ലേ?"

അന്നു വൈകുന്നേരം നവസന്യാസി ഗുരുവിന്റെ പക്കൽചെന്നു ആവലാതിപ്പെടുകയാണ്: "അച്ചാ! ഞാനുപയോഗിക്കുന്ന തലയ്ക്കൊരു വേദന!"

* * *

"കണ്ടില്ലേ! ഒരു കമ്മ്യൂണിസ്റ്റു ലഘുലേഖയിൽ പറഞ്ഞിരിക്കുന്നതു്? റഷ്യയിൽ 40 പേർകൂടി ഒപ്പിട്ട് പള്ളിക്കുവേണ്ടി അപേക്ഷ അയച്ചാൽ ഉടനെ അതു് അനുവദിക്കുമെന്ന്."

"അതു ശരിയാണ്! പള്ളിക്കുവേണ്ടി സ്വന്തം ഒപ്പിട്ടൊരു അപേക്ഷ അയക്കാൻ ധൈര്യമുള്ള 40 പേരെ റഷ്യയിൽ കാണുമോ എന്നതാണു സംശയം."

* * *

A negro was hauled into court on a charge of stealing chickens. He arrived with his lawyer, and both took their seats. The judge pointed down at tle coloured gentleman angrily:

"Are you the defendant?" he thundered.

"Oh, no, yoah worsoop," said the negro, jerking his thumb in the direc[illegible]n ot the lawyer, "he's the defe[illegible]dant. I'se the gentleman what stole the chickens!!"



ചാരിത്രസംരക്ഷണത്തിന്റെ മദ്ധ്യസ്ഥയും കരിയാനവ്യത്തിന്റെ പ്രധാനമദ്ധ്യസ്ഥയുമായി ഇന്നു് സ്വർഗ്ഗത്തിൽനിന്നും അനുഗ്രഹങ്ങൾ അനർഗ്ഗളം വർഷിച്ചുകൊണ്ടിരിക്കുന്ന

"വി. മരിയാ ഗൊരേത്തി"

ചാരിത്രസംരക്ഷണാർത്ഥം പന്ത്രണ്ടാമത്തെ വയസ്സിൽ സ്വജീവൻ ബലിയർപ്പിച്ച ഈ കൊച്ചുപുണ്യവതിയുടെ പുളകപ്രദമായ പുണ്യചരിതമാണ് നിങ്ങളുടെ പ്രിയപ്പെട്ട കാഥികൻ ജോസഫ് ചിറ്റേടൻ പാർട്ടിയുടെ ഇക്കൊല്ലത്തെ സുപ്രധാനകഥ.

വിദ്യാസംഗീതസമിതിയുടെ സഹകരണത്തിൽ, വി. വേദപുസ്തകപശ്ചാത്തലത്തിൽ തിരുനാൾ, ക. സംഘടനാവാർഷികം എന്നീ ആഘോഷപരിപാടികൾക്കനുയോജ്യമായവിധത്തിൽ പ്രത്യേകം തയ്യാറായിരിക്കുന്ന ഈ കഥയ്ക്കു് ജനുവരിമാസം മുതൽക്കുള്ള ബുക്കിങ്ങ് ആരംഭിച്ചുകഴിഞ്ഞു. നിങ്ങളുടെ ആർഡർ നിശ്ചിത തീയതി കാണിച്ച് ഉടൻ അയക്കുക.

കൃപ്തകൈയോടെ

*Booking Agent*

**K. P. Joseph, Optician, opp. Old Diwan'ns House, Broadway, Ernakulam.**

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം, ആലുവാ

അങ്കമാലി—എറണാകുളം—പെരുമ്പാവൂർ—ചാലക്കുടി

ഡെപ്പോസിററുകൾ സ്വീകരിക്കുന്നു.

| | |
|---|---|
| 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് | 3% |
| ഒരു കൊല്ലം | 4½% |
| രണ്ടു കൊല്ലം | 5% |
| മൂന്നു കൊല്ലം | 5½% |

## തിരുവവതാരം

(ഹിന്ദി "ബർസാത്തി"ലെ 'ഓ... മുഝേകിസിസെ" എ. മ.)

ഓ.... നാകരാജ്യാധീശ്വാഗമിച്ചു ഹാ!
ആഗമിച്ചു ഹാ!, പുതുശോഭയാർന്നണഞ്ഞിതാ
ശോഭയാർന്നണഞ്ഞിതാ. (ഓ... നാക....

കന്യകാമേരി തൻസൂനുവായി
മർത്ത്യപാപത്തിൻ മോചനിക്കാൻ
പരനിശസുതൻ — പുരുമോദാൽ ഭുവി -
അവതാരം ചെയ്തു! (ഓ... നാക....

ആശിസ്സുകൾ നേടിടുവാൻ
ചേരുന്നു മോദമായ്
യേശുനാഥ സന്നിധൗ
ആ മേഷപാലകർ. (ഓ... നാക...

പരലോകാധിനാഥൻ മഹേശൻ
ശയിച്ചിടുന്നു പുൽക്കൂട്ടിൽ ഹീനം
വിറപൂണ്ടിടുന്നു ശീതമാരുതനിൽ-
പിടയുന്നു പൂമെയ്. (ഓ... നാക....

മോദമാർന്നു ലോകരെല്ലാം
വാഴ്ത്തും തവോദയം
നൽകിടേണെ നൽവരം
കാരുണ്യസാരമേ. (ഓ.... നാക...

വാനദൂതന്മാർ വാനിൽനിന്നു
തവ ഗീതങ്ങൾ പാടുന്നു ഭക്ത്യാ
അണഞ്ഞിടുന്നു ഞാൻ തവ പാദാന്തികേ-
കനിവാർന്നിടേണെ. (ഓ... നാക...

— ജോസ് കഴിപ്പറമ്പിൽ.

## തിരുപ്പിറവി

("വദൻകിരാഹമേ" എ. മ.)

പിറന്നിതാ പരാപരൻ ധരാതലെ മനുഷ്യനായ്
ഓ.... നിറഞ്ഞസ്നേഹമോടെയുണ്ണിയേശുവെ നമിച്ചിടാം. (പിറന്നിതാ... ...
പശുത്തൊഴുത്തിൽ ഈശസൂനു പുല്ലണിവിരിപ്പതിൽ
പഴന്തുണിയണിഞ്ഞു ശീതവാതമേററു താന്തനായ്
പദങ്ങൾ പാണികൾ കുടഞ്ഞു പള്ളികൊൾവു കാണ്മതാ. (പിറന്നിതാ.......
മുഴങ്ങിടുന്നു ദിവ്യഗാന മാധുരി മനോഹരം.
അണഞ്ഞിടുന്നു പുൽത്തൊഴുത്തിൽ ദൈവദൂതരാകവേ,
പണിഞ്ഞിടുന്നു സ്നേഹമൂർത്തി തൻതിരുവടികളെ. (പിറന്നിതാ.... ...
മനുഷ്യനായവതരിച്ച ദൈവമേ, ദയാനിധേ!
മഹിമയെ വെടിഞ്ഞ ത്യാഗധീരനേ, ശ്രീയേശുവേ.
മഹിതമിമഹോത്സവത്തിൽ നിൻകരുണ തൂകണേ! (പിറന്നിതാ.......

— ഉമ്മൻ അയ്യനത്ത്.




# വൈദികവിമർശം

ഞങ്ങൾ മിശിഹായുടെ ശുശ്രൂഷികളും ദൈവരഹസ്യങ്ങളുടെ വീട്ടുകാര്യസ്ഥന്മാരുമായി നിങ്ങളാൽ കരുതപ്പെടണം. വീട്ടുകാര്യസ്ഥന്മാരിൽ ഏവനും വിശ്വസ്തനായി കാണപ്പെടണം എന്നതാണു് ഇനി ഇവിടെ ആവശ്യമായിരിക്കുന്നതു്. നിങ്ങളാലോ ഏതു മനുഷ്യനാലുമോ ഞാൻ വിധിക്കപ്പെടുന്നതു് എനിക്കു നിസ്സാര കാര്യമാകുന്നു. എന്നല്ല, ഞാൻ എന്നെത്തന്നെ വിധിക്കുന്നുമില്ല. എനിക്കു ഒന്നിനെപ്പററിയും ബോധമില്ല. എങ്കിലും ഇതിനാൽ ഞാൻ നീതീകരിക്കപ്പെട്ടിട്ടില്ല. എന്നെ വിധിക്കുന്നവൻ കർത്താവു് ആകുന്നു. ഇതിനാൽ ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെ പ്രകാശിപ്പിക്കുകയും, ഹൃദയങ്ങളുടെ വിചാരങ്ങൾ വെളിവാക്കുകയും ചെയ്യുന്ന കർത്താവു് വരുന്നതുവരെ സമയത്തിനുമുമ്പു് നിങ്ങൾ വിധിക്കരുതു്. അപ്പോൾ ഓരോരുത്തനും ദൈവത്തിൽനിന്നു പുകഴ്ചയുണ്ടാകും (ആഗമനം 4-ാം ഞായർ; ലേഖനം: 1. കോറി. IV. 1—5)

നിയമനിർമ്മാണസഭകളിലേക്കു പ്രതിനിധികളെ വോട്ടുമൂലം തിരഞ്ഞെടുക്കുന്നതുസംബന്ധിച്ചു് കത്തോലിക്കരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകേണ്ട ചില കാര്യങ്ങളെ ഉള്ളടക്കിക്കൊണ്ടുള്ള മെത്രാന്മാരുടെ ഇടയലേഖനങ്ങൾ ഈയിടെ പള്ളികളിൽ വായിക്കയുണ്ടായി; വൈദികർ അവയെ വിശദീകരിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും നടത്തി. എന്നാൽ കത്തോലിക്കരിൽത്തന്നെ ചിലർ—ഒരുപക്ഷെ ഉപരിപ്ലവമായ മതവിശ്വാസം മാത്രമുള്ളവരായിരിക്കാം—മെത്രാന്മാരുടേയും വൈദികരുടേയും ഈ പ്രവൃത്തിയെ വിമർശിക്കയും അപലപിക്കയും പ്രതിഷേധിക്കയും ചെയ്യുന്നുണ്ടത്രെ! വിശ്വാസസംബന്ധമായും സന്മാർഗ്ഗസംബന്ധമായുമുള്ള കാര്യങ്ങൾ വിശദമായും മുഖംനോക്കാതെയും സധൈര്യം പ്രഖ്യാപിക്കയും പഠിപ്പിക്കയും ചെയ്യേണ്ടതായ ചുമതല സഭയിലെ പുരോഹിതന്മാർക്കുണ്ടു്. ദൈവം ഇല്ല, മതം വേണ്ട, സന്മാർഗ്ഗികനിയമങ്ങൾ ആവശ്യമില്ല, മരണാനന്തരജീവിതം ഇല്ല—എന്നിങ്ങനെയുള്ള അബദ്ധങ്ങളായ ഭൗതികതത്വസിദ്ധാന്തങ്ങൾ സംഘടിതമായോ വ്യതിരിക്തമായോ, പ്രത്യക്ഷമായോ പരോക്ഷമായോ, വെളിവിലോ ഒളിവിലോ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവർക്കെതിരായി സഭയിലെ പുരോഹിതന്മാർ സ്വരമുയർത്തുന്നതിൽ എന്താണു് അസാംഗത്യമുള്ളതു്? ശരിയായ സിദ്ധാന്തങ്ങൾ—ദൈവം ഉണ്ടു്, മതം വേണം, സന്മാർഗ്ഗനിയമങ്ങൾ അനുസരിക്കണം, മരണാനന്തരം ഒരു നിത്യജീവിതമുണ്ടു്\ എന്നിങ്ങനെയുള്ള സനാതനതത്വങ്ങൾ—വിശ്വാസികളെ പറഞ്ഞു മനസ്സിലാക്കുകയും അവയ്ക്കെതിരായുള്ള അബദ്ധസിദ്ധാന്തങ്ങൾവെച്ചുപുലർത്തുന്നവർക്കു്, അക്കാര്യത്തിൽ യാതൊരു സഹായമോ പ്രോത്സാഹനമോ നൽകുവാൻ പാടില്ലെന്നു കർശനമായി നിരോധിക്കയും ചെയ്യേണ്ടതു് വൈദികരുടെ കടമയല്ലേ? വിവാഹമോചനം, കൃത്രിമമായ ജനനനിയന്ത്രണം, കാരുണ്യവധം, സ്വകാര്യസ്വത്തുടമയുടെ നിരോധനം, വിദ്യാലയങ്ങളുടെ ദേശിയവൽക്കരണം, വ്യക്തിസ്വാതന്ത്ര്യനിഷേധം, തുടങ്ങിയുള്ള അധാർമ്മികങ്ങളായ പരിപാടികൾ നടപ്പിലാക്കുവാൻ ഒരു ഗവമെൻറു് പരിശ്രമിക്കുമ്പോൾ അതിനെതിരായി വൈദികർ സ്വരമുയർത്തുന്നെങ്കിൽ അതിൽ "രാഷ്ട്രീയ"മെന്നു പറഞ്ഞപലപിക്കുവാൻ എന്താണുള്ളതു്? അവരല്ലെ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും പരിരക്ഷിക്കേണ്ടവർ? അല്പം ആലോചിച്ചാൽ ഇതെത്രയോ ന്യായയുക്തമാണെന്നും ഈ കോലാഹലമെല്ലാം വൈദികരോടു "പുളി"യുള്ള ചില വിദ്വേഷികളുടേയും ഈസക്കാരുടേയും കുപ്രചരണമാണെന്നും ഏവർക്കും മനസ്സിലാക്കാവുന്നതാണു്.

ഇന്നത്തെ ലേഖനം ആരംഭിക്കുന്നതുതന്നെ പുരോഹിതന്മാരെ ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരായി ഓരോരുത്തരും പരിഗണിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണു്. വി. പൗലോസിനെയും മററു സുവിശേഷപ്രസംഗകരേയുംനിരീതമായി വിമർശിച്ചുകൊണ്ടിരുന്ന കൊറിന്തുകാർക്കുള്ള ഒരു താക്കീതാണു് ഈ ഭാഗം. തൻെറ വീട്ടുകാര്യങ്ങളെല്ലാം ശരിയായി നിയന്ത്രിക്കുന്നതിനു് വീട്ടുടമസ്ഥൻ നിശ്ചയിക്കുന്ന ജോലിക്കാരനെയാണു് കാര്യസ്ഥൻ—ഗ്രീക്കുഭാഷയിൽ "എക്കോണൊമോസ്"—എന്നു വിളിക്കുന്നതു്. മററു ജോലിക്കാർ ചെയ്യേണ്ട ജോലികൾ നിർദ്ദേശിച്ചുകൊടുക്കുന്നതു ഈ കാര്യസ്ഥനാണു്. അയാൾക്കു് വീട്ടുടമസ്ഥനോടുമാത്രമേ ഉത്തരവാദിത്വമുള്ളു. തന്നിമിത്തം മററു ജോലിക്കാർക്കു് കാര്യസ്ഥൻെറ നടപടികളെ വിമർശിക്കാൻ അവകാശമില്ല. ഈ കാര്യസ്ഥനു് വീട്ടുടമസ്ഥനോടുള്ള ഉത്തരവാദിത്വമാണു് ക്രിസ്തീയസഭയിൽ പുരോഹിതന്മാർക്കുള്ളതു്. അവർ ക്രിസ്തുവിൻെറ കാര്യസ്ഥന്മാർ—പഠിപ്പിക്കയും, വിശുദ്ധീകരിക്കയും, ഭരിക്കയുംചെയ്യുന്നവർ—ആണു്. അവർക്കു ക്രിസ്തുവിനോടു മാത്രമാണു് ഉത്തരവാദിത്വമുള്ളതു്. എന്നാൽ ബലഹീനരായ മനുഷ്യരിൽനിന്നാണു് പുരോഹിതന്മാർ തിരഞ്ഞെടുക്കപ്പെടുന്നതെന്നു് മനസ്സിലാക്കിയിട്ടുള്ള ക്രിസ്തുനാഥൻതന്നെ, അവർക്കു വിശ്വാസസത്യങ്ങളും, സന്മാർഗ്ഗസിദ്ധാന്തങ്ങളും, ശുദ്ധീകരണമാർഗ്ഗങ്ങളും സംബന്ധിച്ചിടത്തോളം ഒരിക്കലും തെററുപററാതിരിപ്പാൻ വേണ്ടതായ മുൻകരുതലുകളെല്ലാം ചെയ്തുവെച്ചിട്ടുണ്ടു്. ഒരു വൈദികനു തെററുപററാതിരിപ്പാൻ മെത്രാൻ ശ്രദ്ധിച്ചുകൊള്ളും; മെത്രാനു തെററുപിണയാതിരിപ്പാൻ പരി. മാർപ്പാപ്പാ ശ്രദ്ധാലുവായിരിക്കും; പരി. മാർപ്പാപ്പാ തെററിൽ ഉൾപ്പെടാതിരിപ്പാൻ പരിശുദ്ധാത്മാവും ജാഗ്രതയുള്ളവനായിരിക്കും. നമുക്കു് ഒന്നുകൊണ്ടും ഭയപ്പെടുവാനൊ ഉൽക്കണ്ഠാകുലരാകുവാനൊ അവകാശമില്ല. വി. പത്രോസിൻെറ നൗകയിൽ നാം സുരക്ഷിതരായിരിക്കും.

വീട്ടുകാര്യസ്ഥന്മാർ എന്നുള്ള നിലയ്ക്കു് പുരോഹിതന്മാർ തങ്ങളുടെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കണം. ഇങ്ങനെ വിശ്വസ്തതയോടെ സ്വകർത്തവ്യങ്ങൾ അനുഷ്ഠിക്കുന്ന ഒരു പുരോഹിതൻ മനുഷ്യരുടെ വിമർശനങ്ങളെ കാര്യമായി വിചാരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണു് വി. അപ്പസ്തോലൻ, "നിങ്ങളാലോ ഏതു മനുഷ്യരാലോ വിധിക്കപ്പെടുന്നതു ഏററവും നിസ്സാരകാര്യമായി ഞാൻ കരുതുന്നു" എന്നു് പറയുന്നതു്. ഇപ്രകാരം മനുഷ്യരുടെ വിമർശനവും ഭീഷണിയും മററും വകവയ്ക്കാതെ, പലപ്പോഴും ജീവൻതന്നെ ബലികഴിച്ചുകൊണ്ടു്, സ്വകൃത്യനിർവ്വഹണത്തിൽ ജാഗ്രതയുള്ളവരായിരുന്നിട്ടുള്ള മാർപ്പാപ്പാമാരുടേയും മെത്രാന്മാരുടേയും, വൈദികരുടേയും സന്യാസിനീസന്യാസികളുടേയും ജീവിതചെയ്തികൾ സഭാചരിത്രത്തെ സമലങ്കരിക്കുന്നില്ലേ? ശ്ലൈഹികകാലത്തും ആദ്യത്തെ മുന്നൂറുവർഷത്തെ മതമർദ്ദനകാലത്തും മാത്രമല്ല ഈ ഇരുപതാം നൂററാണ്ടിലും എത്രയോ മെത്രാന്മാരും പുരോഹിതന്മാരുമാണു് സ്വകൃത്യനിർവ്വഹണത്തിനുവേണ്ടി വിമർശനങ്ങളും ഭീഷണികളും മററും മരണവും വരിച്ചുകൊണ്ടു തടങ്കൽപ്പാളയങ്ങളിലെ നരകയാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതു്? വൈദികർക്കു മാത്രമല്ല അൽമേനികൾക്കും, "മനുഷ്യരാൽ വിധിക്കപ്പെടുന്നതു് ഏററം നിസ്സാരമായി ഞാൻ കരുതുന്നു" എന്ന വി. ശ്ലീഹായുടെ വാക്യം തികച്ചും ബാധകമാണു്. മനുഷ്യബഹുമാനത്തെ കാംക്ഷിച്ചുകൊണ്ടു്—മനുഷ്യരുടെ വിധികളേയും വിമർശനങ്ങളേയും ഭീഷണികളേയും ഭയപ്പെട്ടുകൊണ്ടു്—ഒരു കത്തോലിക്കൻ തൻെറ മതവിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാനും തദനുസാരമുള്ള കടമകൾ നിർവ്വഹിക്കുവാനും ഒരിക്കലും വൈമനസ്യം പ്രകടിപ്പിക്കാൻ പാടില്ല. അന്യരെ മുഷിപ്പിക്കാതിരിക്കുവാനും, അവരുടെ പ്രീതി സമ്പാദിക്കുവാനുംവേണ്ടി—അവരുടെ വിമർശനശരങ്ങളും പരിഹാസസൂക്തങ്ങളും ഭയപ്പെട്ടുകൊണ്ടു് കൊന്തയും വെന്തിങ്ങായും, ഉപവാസവും, ത്രികാലജപവും, പള്ളിയിൽപോക്കും, കുമ്പസാരവും, ദിവ്യകാരുണ്യസ്വീകരണവും, മതഗ്രന്ഥപാരായണവും എല്ലാം ഒരു കത്തോലിക്കൻ ഉപേക്ഷിക്കയോ ഒളിവിൽമാത്രം അനുഷ്ഠിക്കയോ ചെയ്യുന്നതു് തീർച്ചയായും പരിതാപകരംതന്നെ.

ഇന്നു് വൈദികവിമർശവും വിദ്വേഷവും പണ്ടേടത്തും വർദ്ധിച്ചുവരുന്നുണ്ടു്. മതത്തെ പാടെ വിപാടനംചെയ്യുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന നാസ്തികന്മാർ മതത്തിൻെറ സംരക്ഷകരായ പുരോഹിതന്മാരെ അടിച്ചമർത്തുവാനുള്ള പരിശ്രമത്തിൽ ഈ വിമർശബുദ്ധിയും വിദ്വേഷമനസ്ഥിതിയും അഴിച്ചുവിട്ടിരിക്കയാണു്. വൈദികരെ അപഹാസ്യരും ആഭാസന്മാരും പിന്തിരിപ്പന്മാരുമായി ചിത്രീകരിച്ചുകാണിക്കുവാൻ അവർ പത്രമാസികകളും പ്രസംഗങ്ങളും കഥാഗ്രന്ഥങ്ങളും മററുംവഴിയായി ശക്തിയായ പ്രചരണങ്ങൾ നടത്തുന്നുണ്ടു്. ഇക്കൂട്ടരുടെ ഉദ്ദേശം എന്താണെന്നു മനസ്സിലാക്കിക്കൊണ്ടു് കത്തോലിക്കർ അവരുടെ പ്രചരണവലയിൽ കുടുങ്ങിപ്പോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. വൈദികരിൽ കുററങ്ങളുണ്ടാകാം. അവർ ആകാശത്തുനിന്നു് ഇറങ്ങിവന്ന പ്രത്യേകസൃഷ്ടികളൊന്നുമല്ല. നമ്മുടെ കുടുംബങ്ങളിൽ ജനിച്ചുവളർന്നിട്ടുള്ളവരാണു് അവരും. അവർ ഒരു പ്രത്യേകവർഗ്ഗക്കാരാണെന്നുള്ള അകൽച്ചമനോഭാവം നമുക്കുണ്ടാകരുതു്. അവർ നമ്മുടെ സഹോദരന്മാരും ബന്ധത്തിൽപ്പെട്ടവരുമല്ലേ? നല്ല കുടുംബങ്ങളിൽനിന്നേ നല്ല വൈദികരുണ്ടാകൂ എന്നുള്ള തത്വം നാം വിസ്മരിക്കരുതു്. മലർന്നുകിടന്നു തുപ്പാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ വൈദികർ വിശ്വാസത്തേയും സന്മാർഗ്ഗനിയമങ്ങളേയും സംരക്ഷിക്കുന്നതിനുവേണ്ടി സുധീരം പോരാടുന്നതുകാണുമ്പോൾ നാം സന്തോഷിക്കയും അവരോടു സഹകരിക്കയുമാണു് വേണ്ടതു്. മുഖംനോക്കാതെയും വിമർശനങ്ങളും ഭീഷണിയും മററുംതന്നെയും വകവെക്കാതെയും സ്വകൃത്യനിർവ്വഹണത്തിൽ ജാഗരൂകരായ വൈദികരാണല്ലൊ നമുക്കു് ഇന്നാവശ്യവും. വൈദികരെ വിമർശിക്കുന്നവർ അവർക്കുവേണ്ടി വല്ലപ്പോഴും പ്രാർത്ഥിക്കാറുണ്ടോ? (ജെ. ചെമ്മണ്ണൂർ)

ഒരു ചെറിയ സമ്പാദ്യമെങ്കിലും ഉണ്ടാക്കാൻ ആഗ്രഹിക്കാത്ത മനുഷ്യർ ചുരുക്കമാണു്. ആകർഷണീയമായ ആദായവ്യവസ്ഥകൾ ഉള്ള ഞങ്ങളുടെ

"ചിട്ടി മാതൃകാനിക്ഷേപ സർട്ടിഫിക്കേററുകൾ"

സമ്പാദ്യത്തിനു് ഏററവും പററിയതാണു

മാസംതോറും ഒരു ചെറിയതുക നിക്ഷേപിച്ചു ഇരുപത്തി ഒൻപതു മാസംകൊണ്ടു് ഒരു വലിയ തുക പിരിച്ചുവയ്ക്കുന്നതിനു് അവ നിങ്ങളെ സഹായിക്കും. പ്രതിമാസം പിരിച്ചിടാവുന്ന തുക എത്രതന്നെ ചെറുതായാലും അതിനു അനുരൂപമായ ഒരു സർട്ടിഫിക്കേററു് ഈ പട്ടികയിൽനിന്നു് നിങ്ങൾക്കു് തിരഞ്ഞെടുക്കാം.

പട്ടിക

| മുഖവില | തവണകൾ | ഒരു തവണ അടയ്ക്കേണ്ടസംഖ്യ രൂ. | ണ. | പ. | മൊത്തം അടയ്ക്കേണ്ടസംഖ്യ രൂ. | ണ. | മൊത്തം ലഭിക്കുന്നപലിശ രൂ. | ണ. | ലഭിക്കുന്ന പലിശ നിരക്കു് |
|---|---|---|---|---|---|---|---|---|---|
| 125 | 30 | 3 | 14 | 6 | 117 | 3 | 7 | 13 | 5½% |
| 250 | „ | 7 | 13 | 0 | 234 | 6 | 15 | 10 | „ |
| 500 | „ | 15 | 10 | 0 | 468 | 12 | 31 | 4 | „ |
| 1000 | „ | 31 | 4 | 0 | 937 | 8 | 62 | 8 | „ |
| 1500 | „ | 46 | 14 | 0 | 1406 | 4 | 93 | 12 | „ |
| 2000 | „ | 62 | 8 | 0 | 1875 | 0 | 125 | 0 | „ |
| 3000 | „ | 93 | 12 | 0 | 2812 | 8 | 187 | 8 | „ |
| 4000 | „ | 125 | 0 | 0 | 3750 | 0 | 250 | 0 | „ |
| 5000 | „ | 156 | 4 | 0 | 4687 | 8 | 312 | 8 | „ |
| 10000 | „ | 312 | 8 | 0 | 9375 | 0 | 625 | 0 | „ |

കൂടുതൽ വിവരങ്ങൾക്കു് ആവശ്യപ്പെടുക

സാഷ്യ ബാങ്ക് ക്ലിപ്തം

(തിരു-കൊച്ചിയിൽ സ്ഥാപിതമായതു്: അംഗത്വബാദ്ധ്യത ക്ലിപ്തം.)

ഹെഡാഫീസ്;—ആലപ്പുഴ

സബാഫീസ്:—പുളിങ്കുന്നു്. മണിമല

—

## ഒരു വാച്ചിൻെറ ഗതി

സോവിയററു രഹസ്യപ്പോലീസിലെ ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്ന വാസിലി കോർഷെങ്കോസ്സു് കമാൻഡിങ്ങു് ഓഫീസറായിരുന്ന ജനറൽ ഉബ്രോവിച്ചു് ഒരു സ്വർണ്ണവാച്ചു് സമ്മാനിക്കയുണ്ടായി. ആ വാച്ചിൻെറ അടിഭാഗത്തു് ആ ഉദ്യോഗസ്ഥൻെറ സേവനങ്ങളിൽ അഭിനന്ദനവും കമാണ്ടറിൻെറ പേരും രേഖപ്പെടുത്തിയിരുന്നു. കമാണ്ടർക്കു് തന്നോടുള്ള സ്നേഹത്തിൻെറ സൂചനയായ ആ വാച്ചു് ആ ഉദ്യോഗസ്ഥൻ തൻെറ യൂണിഫോറത്തോടുകൂടി അഭിമാനപൂർവ്വം ധരിക്കുകയും പലരേയും കാണിക്കുകയും ചെയ്തിരുന്നു.

മൂന്നുകൊല്ലത്തിനുശേഷം റഷ്യയിലെ മൂന്നു പ്രധാന സേനാനായകന്മാരിൽ ഒരാളായ മാർഷൽ ഇക്കോ ചെവിസ്റ്റി മററു് ഏഴു് ഉയന്ന സൈനിക ഉദ്യോഗസ്ഥന്മാരോടുകൂടി ചാരവൃത്തിക്കുററം ചുമത്തപ്പെട്ടു് കൊലയ്ക്കു വിധിക്കപ്പെട്ടു. ഇക്കോ ചെവിസ്റ്റിയോടുകൂടി കുററം വിധിക്കപ്പെട്ടവരിൽ ഒരാൾ കൊർഷെങ്കോസ്സു് വാച്ചു സമ്മാനിച്ച കമാണ്ടർ ആയിരുന്നു. ഈ വസ്തുത അറിഞ്ഞ ഉടൻതന്നെ പരിഭ്രാന്തചിത്തനായ ആ ഉദ്യോഗസ്ഥൻ കമാണ്ടറിൻെറ പേരു രേഖപ്പെടുത്തിയിരുന്ന വാച്ചിൻെറ അടിഭാഗം പൂർണ്ണമായി മാററിക്കളഞ്ഞു. പിന്നീടു് ആ വാച്ചു് മുമ്പത്തെപ്പോലെ അന്യരെ കാണിക്കുന്നതിൽ അദ്ദേഹം ഉത്സാഹം പ്രകടിപ്പിച്ചില്ല. കൊലയ്ക്കു വിധിക്കപ്പെട്ട കമാണ്ടറുടെ സ്നേഹിതനാണു് താനെന്നറിഞ്ഞാൽ തൻെറ സ്ഥിതി എന്തായിരിക്കും എന്ന ഭീതിയാണു് ആ ഉദ്യോഗസ്ഥനെ അലട്ടിക്കൊണ്ടിരുന്നതു്. ഏറെത്താമസിയാതെ അദ്ദേഹം സൈബീരിയായിലെ തടങ്കൽകേന്ദ്രത്തിലേക്കു് അയക്കപ്പെട്ടു. ഇതാണു സോവിയററു റഷ്യ!




### ജീവരക്ഷാർത്ഥം

അമേരിക്കയിൽ സെൻറ് ലൂയി എന്ന സ്ഥലത്തെ ഒരു വ്യവസായശാലയിൽ ജോലിചെയ്തിരുന്ന ഒരാളുടെ വലതുകൈ, തിളച്ച ലോഹങ്ങൾ വഹിച്ചുകൊണ്ടിരുന്ന ഒരഗ്നികുണ്ഡത്തിൻെറ വാതിലിൻെറ ഇടയ്ക്കു പോയി. കൈ പുറകോട്ടു വലിച്ചു രക്ഷപെടാൻ ശ്രമിച്ചിട്ടു സാധിച്ചില്ല. ഗത്യന്തരമില്ലാഞ്ഞിട്ടു് അയാൾ പോക്കററിൽനിന്നു ഒരു പേനാക്കത്തിയെടുത്തു് വലതുകൈയുടെ പകുതി ഛേദിച്ചുകളകയാണു ചെയ്തതു്. അയാൾക്കു അംഗവൈകല്യം സംഭവിച്ചെങ്കിലും അയാളുടെ ജീവൻ സംരക്ഷിക്കപ്പെട്ടു.

ശാരീരികജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി ഇത്ര വലിയ ത്യാഗമനുഷ്ഠിക്കാമെങ്കിൽ, നിത്യജീവൻ സംരക്ഷിക്കാൻവേണ്ടി എന്തുതന്നെ ചെയ്യേണ്ടിവന്നാലും അതു് അധികമാകുമോ?

### "ഇതാ മറെറാരു മെത്രാപ്പോലീത്താക്കൂടി"

കർദ്ദിനാൾ സ്പെൽമൻ അന്നും സമാധാനസവാരിക്കിറങ്ങി ഒരുകത്തോലിക്കാസുഹൃത്തുമൊരുമിച്ചു്. ഈസവാരിക്കിടയ്ക്കു് പാവപ്പെട്ട പള്ളികളും ആതുരാലയങ്ങളും സന്ദർശിക്കയെന്നതു് അദ്ദേഹത്തിൻെറ പതിവാണു്. ക്ലാരപ്പുണ്യവതിയുടെ നാമത്തിൽ അറിയപ്പെടുന്ന ഒരാശുപത്രിയിലാണു് അന്നു് അദ്ദേഹം പ്രവേശിച്ചതു്. സാധാരണ സന്ദർശകരുടെ ഗണത്തിൽപ്പെട്ട ഒരു വൈദികനായിട്ടേ അവിടത്തെ കന്യാസ്ത്രീകൾ മനസ്സിലാക്കിയുള്ളു അദ്ദേഹത്തേയും; രണ്ടു കന്യാസ്ത്രീകൾ ഇരുസന്ദർശകരേയും സ്വീകരിച്ചു് ആശുപത്രിയിലെ വിവിധരംഗങ്ങൾ അവർക്കു പരിചയപ്പെടുത്തിക്കൊടുത്തു. അതിനിടയ്ക്കു് കർദ്ദിനാളിൻെറ കൂടെയുണ്ടായിരുന്ന അകത്തോലിക്കൻ ഒരു കന്യാസ്ത്രീയോടു പറഞ്ഞു: "ന്യൂയോർക്ക മെത്രാപ്പോലീത്തായായ കർദ്ദിനാൾ സ്പെൽമനാണു് നിങ്ങളുടെ അതിഥി" എന്നു്. അപ്പോൾ ആ കന്യാസ്ത്രീ പറയുകയാണു്: "കൊള്ളാം, ഇവിടെ വരുന്ന വൈദികരെല്ലാം ഇതുതന്നെയാണു് ഞങ്ങളോടു പറയാറുള്ളതു്." അനന്തരം ആ കന്യാസ്ത്രീ കൂടെയുണ്ടായിരുന്ന സഹോദരിയോടു മന്ദഹാസപൂർവ്വം മന്ത്രിച്ചു: "ഇതാ മറെറാരു മെത്രാപ്പോലീത്തായുംകൂടി വന്നിരിക്കുന്നു" എന്നു്. ഇതുകൂടി കേട്ടപ്പോൾ ആ അകത്തോലിക്കൻ അന്ധാളിച്ചുപോയി. ഇത്തരുണത്തിൽ കർദ്ദിനാൾ തിരുമേനിതന്നെ കന്യാസ്ത്രീകളുടെനേരെ തിരിഞ്ഞു് ഇപ്രകാരം പറഞ്ഞു; "സഹോദരി! ഞാൻ ഇവിടത്തെ മെത്രാപ്പോലീത്തായാണു്." ഈ പ്രസ്താവം അവരിൽ കൂടുതൽ സംശയമുദിപ്പിക്കുന്നതിനേ പര്യാപ്തമായുള്ളു. ആകയാൽ അവരെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി തൻെറ മേൽവിലാസമടങ്ങിയ കാർഡുതന്നെ (Identification Card) അദ്ദേഹം അവർക്കു കാണിച്ചുകൊടുത്തു. ഒരു കന്യാസ്ത്രീ അതു ശ്രദ്ധാപൂർവ്വം പരിശോധിച്ചശേഷം അല്പം ഈർഷ്യ കലർന്ന സ്വരത്തിൽ ഉറക്കെ ചോദിക്കയാണദ്ദേഹത്തോടു്: "അച്ചോ! എവിടെനിന്നും കിട്ടി ഇതു്?"

### "വെള്ളിയാഴ്ചയാകയാൽ തൊട്ടേയില്ല."

"കോംഗോ" എന്ന ദേശത്തു് നരഭക്ഷകരുടെ ഇടയിലാണു് ആ വൈദികവര്യൻ തൻെറ പ്രേഷിതവേല നടത്തിയിരുന്നതു്. അവിടത്തെ ഒരു പ്രധാനവ്യക്തിയുടെ രണ്ടു പുത്രർ അദ്ദേഹത്തിൻെറ കീഴിൽ മതപഠനം നടത്തിവന്നു. അവരുടെ സന്മനോഭാവത്തെപ്പററി അശേഷംപോലും അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. പക്ഷേ അവിചാരിതമായി അവരെവിട്ടു് മറെറാരു പ്രദേശത്തേക്കു പോകേണ്ടിവന്നു ആ വൈദികനു്. തിരികെ വന്നപ്പോൾ അദ്ദേഹത്തിനു ലഭിച്ച വാർത്ത ഹൃദയഭേദകമായിരുന്നു. "മതപഠനം" ഉത്സാഹപൂർവ്വം നടത്തിവന്ന ആ കുട്ടികൾ തങ്ങളുടെ കൂട്ടരോടൊത്തു് നരമാംസഭോജനം തുടങ്ങിയ പഴയ പരിശീലനങ്ങൾ ആരംഭിച്ചിരിക്കുന്നു എന്നതായിരുന്നു അവരെപ്പററി അദ്ദേഹത്തിനു ലഭിച്ച അറിവു്. ഉൽക്കണ്ഠാപൂർവ്വം ഇരുവരേയും വിളിച്ചു് വിവരങ്ങൾ ആരാഞ്ഞു ആ പ്രേഷിതവീരൻ. അവരുടെ ഉത്തരം അദ്ദേഹത്തെ പ്രത്യാശാഭരിതനാക്കി. അവർ പറഞ്ഞു: "അച്ചോ, അച്ചൻ കേട്ടതു മുഴുവൻ ശരിയല്ല. ഞങ്ങളുടെ കൂട്ടക്കാർക്കു ശത്രുക്കളോടു യുദ്ധം ചെയ്യേണ്ടിവന്നപ്പോൾ കുറെനാൾ ഞങ്ങളും അവരോടൊത്തു ജീവിച്ചെന്നതു വാസ്തവംതന്നെ. ആ യുദ്ധത്തിൽ ശത്രുക്കളിൽ പലരും കൊല്ലപ്പെട്ടു. അവരുടെ മാംസം നന്നായി വറുത്തു പാകംചെയ്തു കൊണ്ടുവന്നപ്പോൾ ഞങ്ങൾക്കും കൊതിവന്നുപോയി. പക്ഷേ അന്നൊരു വെള്ളിയാഴ്ചയായിരുന്നതിനാൽ ഞങ്ങൾ തൊട്ടേയില്ല അതു്."

Church Distribution
Pictures Calendars
& Xmas Cards
ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ട്പേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.
പ്രഥമദിവ്യകാരുണ്യസ്വീകരണസ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.
1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.
65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. യ്ക്കു് തപാൽ സ്റ്റാമ്പയക്കുക.
എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം
Fatima Publications,
58/3 Dubash Chambers,
Kumota Street, Ballard Estate
Bombay 1

"ഗ്രൂപ്പ്ഫോട്ടോ"
വമ്പിച്ച സൈസ്സിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിൽ കൃത്യസമയത്തു ചെയ്തുകിട്ടണമെന്നുള്ളവർ ഞങ്ങളെ സമീപിക്കുക.
ലോയൽസ്ററുഡിയോ
H. O. തൊടുപുഴ Br ആലുവാ

കോതമംഗലം ഫൊ. പള്ളിയിലെ
ദർശനതിരുനാൾ തിയതിമാററി
ഈ പള്ളിയിലെ കർമ്മലമാതാവിൻെറ ദർശനതിരുനാൾ 1951 ഡിസംബർ 28, 29, 30, 31 എന്നി തിയതികളിലാണു ആണ്ടുതോറും ആഘോഷിച്ചിരുന്നതു്. എന്നാൽ, ഇക്കൊല്ലം മെത്രാപ്പോലീത്താച്ചൻെറ ജൂബിലി പ്രമാണിച്ചു് പ്രസ്തുത തിരുനാൾ 1952 ജനുവരി 4, 5, 6, 7 എന്നി തിയതികളിലേക്കു പ്രത്യേക അനുവാദപ്രകാരം മാററിയിരിക്കുന്ന വിവരം എവരേയും തീര്യപ്പെടുത്തിക്കൊള്ളുന്നു.
എന്നു്
വികാരി

(3-ാം പേജു് തുടർച്ച)

പ്രകാശിപ്പിക്കണം. ഒരു വൈദികനെന്നനിലയിലും, നിങ്ങളുടെ മേലദ്ധ്യക്ഷനെന്നനിലയിലും വല്ലതും നമുക്കു ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിനു നാം ദൈവാനുഗ്രഹത്തോടാണു കടപ്പെട്ടിരിക്കുന്നതു്. നല്ലവനായ ദൈവത്തിൻെറ അനുഗ്രഹസഹായങ്ങൾ ഇല്ലാതിരുന്നുവെങ്കിൽ നമുക്കു് ഒന്നും തന്നെ സാധിക്കുമായിരുന്നില്ല. നമ്മുടെ അപ്രാപ്തിയും പരിമിതികളും നമ്മെക്കാൾ നല്ലവണ്ണം നിങ്ങൾക്കുതന്നെ അറിയാവുന്നതാണല്ലോ. അതിനാൽ വല്ലതും സാധിതമായിട്ടുണ്ടെന്നു് നിങ്ങൾ കരുതുന്നുവെങ്കിൽ, അതു് അനുഗ്രഹദാതാവായ ദൈവത്തിൻെറ തൃക്കരങ്ങളിൽ നാം ഒരു എളിയ ഉപകരണമായിരുന്നതുകൊണ്ടുമാത്രമാണെന്നു് നിങ്ങൾ മനസ്സിലാക്കണം. ആയതുകൊണ്ടുതന്നെയാണു് നാം പറയുന്നതു് നിങ്ങൾ നമുക്കുവേണ്ടി ദൈവത്തോടു അകമഴിഞ്ഞു കൃതജ്ഞത പറയണമെന്നു്. അതേസമയംതന്നെ ഈ കാലയളവിനുള്ളിൽ നമ്മിൽനിന്നും വന്നുപോയിട്ടുള്ള വീഴ്ചകൾക്കും പോരായ്മകൾക്കും നിങ്ങൾ നമുക്കുവേണ്ടി ദൈവത്തോടു് മാപ്പപേക്ഷിക്കയും ചെയ്യണം. ഇങ്ങനെ കൃതജ്ഞതാപ്രകാശനത്തിൻെറയും ക്ഷമായാചനത്തിൻെറയും ചൈതന്യവികാരങ്ങളോടുകൂടിയാണു് ഈ ജൂബിലി ആഘോഷിക്കേണ്ടതു്. മാത്രമല്ല, ദൈവം നമ്മുടെ ബലഹീനങ്ങളായ ഹസ്തങ്ങളിൽ സമർപ്പിച്ചിരിക്കുന്ന ദുർവഹമായ ഭാരം യഥാവിധി വഹിക്കുന്നതിനു് ആവശ്യമായ ദൈവാനുഗ്രഹങ്ങൾക്കായി നിങ്ങൾ ദൈവത്തോടു പൂർവ്വാധികം ഭക്തിശുഷ്കാന്തിയോടുകൂടി പ്രാർത്ഥിക്കണമെന്നു് നാം നിങ്ങളോടാത്മാർത്ഥതയോടും അഭ്യർത്ഥിക്കയും ചെയ്യുന്നു. ഈ ദിവസങ്ങളിൽതന്നെയാണു് റോമിൽ നമ്മുടെ സഹപാഠിയായിരുന്ന കോട്ടയം മെത്രാൻ മെററു് റവ. ഡോക്ടർ തോമസ് തറയിൽ തിരുമേനിയുടെ പൗരോഹിത്യരജതജൂബിലിയും, എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ അഗസ്റ്റീൻ കണ്ടത്തിൽ തിരുമേനിയുടെ പൗരോഹിത്യസുവർണ്ണജൂബിലിയും ആഘോഷിക്കപ്പെടുന്നതു്. ഈ രണ്ടു അഭിവന്ദ്യതിരുമേനിമാർക്കുവേണ്ടി കൂടെയും പ്രത്യേകം പ്രാർത്ഥിക്കണമെന്നു് നിങ്ങളെ അനുസ്മരിപ്പിക്കുന്നതിനും ഈ അവസരം നാം വിനിയോഗിച്ചുകൊള്ളുന്നു.

നമ്മുടെ ഭരണത്തിൻകീഴ് ഇതിനകം എന്തെങ്കിലും ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിൽ, അതു്, ദൈവംകഴിഞ്ഞാൽ, നമ്മുടെ പ്രിയസഹോദരങ്ങളായ ബ. വൈദികരുടെയും മക്കളായ നമ്മുടെ വിശ്വാസികളുടെയും സഹകരണവും സന്മനോഭാവവുംകൊണ്ടു മാത്രമാണെന്നു് ഇന്നു പ്രസ്താവിക്കുവാൻ നമുക്കു വലിയ സന്തോഷമുണ്ടു്. ഈ സൗഹൃദമനസ്ഥിതി തുടർന്നുപോകുന്നപക്ഷം നമുക്കു് വല്ലതും ചെയ്യാൻ സാധിക്കുമെന്നുള്ളതിനു സംശയമില്ല. "എല്ലാവർക്കും എല്ലാം ആയിത്തീരുക"യെന്ന നമ്മുടെ മുദ്രാവാക്യം അന്വർത്ഥമാക്കുവാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ടെന്നാണു് നമ്മുടെ ബോദ്ധ്യം. അതു് എത്രകണ്ടു് വിജയിച്ചിട്ടുണ്ടെന്നു വിധിക്കേണ്ടതു് നിങ്ങളാണു്. ഏതായാലും ആ ഉദ്ദേശ്യത്തിൽനിന്നു് അണുപോലും വ്യതിചലിക്കാൻ നാം കരുതുന്നില്ല. നമ്മുടെ ഈ ആദർശം സാഫല്യമാക്കുന്നതിനു് വേണ്ട എല്ലാ സഹായസഹകരണങ്ങളും നിങ്ങളുടെ ഭാഗത്തുനിന്നു് ഉണ്ടാകുമെന്നു് പ്രത്യാശിക്കുകയും അതിനായി നിങ്ങളോടു അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വന്ദ്യ വൈദികരേ, പ്രിയ മക്കളേ, നമ്മുടെ അതിരൂപതയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കായി നിങ്ങൾ എല്ലാവരും ഒത്തൊരുമിച്ചു് പ്രവർത്തിക്കണമെന്നുള്ളതാണു് നാം ഈ അവസരത്തിൽ ചെയ്യുന്ന വേറൊരഭ്യർത്ഥന. ആത്മാക്കളുടെ രക്ഷയിലാണു്, അതേ മാനസാന്തരവിഷയത്തിലാണു്, നിങ്ങൾ സർവ്വപ്രധാനമായി ശ്രദ്ധിക്കേണ്ടതു്. ഈ കാര്യത്തിൽ ഇതിനകം ഉണ്ടായിട്ടുള്ള നേട്ടം കേവലം പരിമിതമാണു്. അതിനാൽ വേദപ്രചാരണമനസ്ഥിതി നമ്മിലോരോരുത്തരിലും ബദ്ധമൂലമാക്കുവാൻ ശ്രമിക്കണം. ഇതിനു ആവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകുന്ന ഒരു സംഭവവിശേഷം നമ്മുടെ പൗരോഹിത്യജൂബിലിയുമായി ഒത്തിണങ്ങി വന്നിട്ടുണ്ടെന്നുള്ള സംഗതി നിങ്ങളെ അറിയിക്കുവാൻ നമുക്കു അതിയായ സന്തോഷമുണ്ടു്. അതു മറെറാന്നുമല്ല: ഇന്ത്യയിലെ രൂപതകളിൽവെച്ചു് നമ്മുടെ അതിരൂപതയിലാണു് വൈദികരുടെ മിഷനറി യൂണിയൻ ആദ്യമായി സ്ഥാപിച്ചതു്. അതു് 1926-ൽ ആയിരുന്നു. നമുക്കെല്ലാവർക്കും വളരെ അഭിമാനകരമായ ഒരു വസ്തുതയാണു് അതു്. ഇങ്ങനെ നമ്മുടെ അതിരൂപതയിലും ഇന്ത്യയിലും പ്രസ്തുത യൂണിയൻ സ്ഥാപിതമായതിൻെറ രജതജൂബിലിയും ഈ വർഷത്തിൽതന്നെയാണു് ആഘോഷിക്കേണ്ടതു്. അതിനാൽ വി. തോമസ് ശ്ലീഹായുടെ തിരുനാളായ ഡിസംബർ 21-ാം തീയതി മിഷനറി യൂണിയൻ സ്ഥാപനത്തിൻെറ ജൂബിലിദിനമായി അതിരൂപതമുഴുവൻ ആഘോഷിക്കപ്പെടണമെന്നു നാം ആഗ്രഹിക്കുന്നു. അന്നു് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പാട്ടുകുർബാന, പ്രസംഗം പരിശുദ്ധകുർബാനയുടെ ആശീർവ്വാദം, തെരേവും മുതലായ ആഘോഷങ്ങൾ നടത്തുകയും, വേദപ്രചാരവിഷയത്തിൽ കൂടുതൽ പ്രചോദനവും പ്രോത്സാഹനവും ലഭിക്കുമാറു് ഈ അവസരം എല്ലാവരും ഉപയോഗപ്പെടുത്തുകയും ചെയ്യണം. പ്രസ്തുത മിഷനറി യൂണിയൻെറ നാഷനൽ പ്രസിഡണ്ടു് ആയി അയോഗ്യനായ നാം നിയമിതനായിരിക്കുന്നതുകൊണ്ടു നമ്മുടെ അതിരൂപത ഈ വിഷയത്തിൽ മററു രൂപതകൾക്കു മാതൃകയായിരിക്കേണ്ടതു് ആവശ്യമാണു്. അതിനാൽ ഈ മിഷനറി യൂണിയൻെറ പ്രവർത്തനം നമ്മുടെ അതിരൂപതയിൽ പൂർവ്വാധികം ഊർജ്ജസ്വലവും കാര്യക്ഷമവും ആകുന്നതിനു് പരിശ്രമിക്കണമെന്നു എല്ലാവരേയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ഈ യൂണിയൻെറ പ്രവർത്തനത്തിൽ ആത്മാർത്ഥമായി നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്ന നാഷനൽ ഡയറക്ടർ റവ. ഫാ. സാമ എസ്. ജെ. അവർകളോടും, ഇതിൻെറ ഇൻറർനാഷണൽ ജനറൽ സെക്രട്ടറി മോൺസിഞ്ഞോർ ഫെലിക്സ് ബെററ അവർകളോടും നമുക്കുള്ള അപാരമായ കൃതജ്ഞത രേഖപ്പെടുത്തുന്നതിനും ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

അവസാനമായി, നമ്മുടെ പൗരോഹിത്യസ്വീകരണത്തിൻെറയും യൂണിയൻ സ്ഥാപനത്തിൻെറയും ജൂബിലിപ്രമാണിച്ചു് വേദപ്രചാരവിഷയത്തിൽ ബ. വൈദികരും വിശ്വാസികളും പൂർവ്വാധികം ഉത്സാഹവും ശുഷ്കാന്തിയും ഉള്ളവരായിത്തീരുന്നതിനു് ആവശ്യമായ പ്രായോഗികപദ്ധതികൾ ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും രൂപീകരിച്ചു് പ്രവർത്തിക്കുന്നപക്ഷം അതായിരിക്കും നിങ്ങൾ നമുക്കു നൽകുന്ന ഏററം വിശിഷ്ടവും ഉപകാരപ്രദവും ശാശ്വതവുമായ ജൂബിലിസ്മാരകമെന്നു എല്ലാവരേയും അനുസ്മരിപ്പിച്ചുകൊണ്ടും, ആസന്നമായ ക്രിസ്മസിൻെറയും നവവത്സരത്തിൻെറയും മംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ടും, നിങ്ങളുടെ നേരെ നമുക്കുള്ള പൈതൃകസ്നേഹത്തിൻെറ ലക്ഷ്യമായി നിങ്ങളെ എവരേയും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധരൂപിയുടെയും നാമത്തിൽ നാം ഹൃദയപൂർവ്വം ആശീർവ്വദിച്ചുകൊള്ളുന്നു.

——

(12-ാം പേജു് തുടർച്ച)

മോൺ. ഷീനിന്റെ ഓഫീസിലേക്കു് ഒരു ഡോളർപ്രവാഹംതന്നെ ആരംഭിച്ചു.

പഞ്ചവർണ്ണക്കൊന്ത

പ്രക്ഷേപണംമാത്രം പോരല്ലോ മിഷൻപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ. നാനാവിധങ്ങളായ പ്രതികൂല സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു് ഒരുപക്ഷേ പ്രാർത്ഥനയായിരിക്കും പണത്തേക്കാൾ കൂടുതൽ പ്രയോജനകരമെന്നു് അദ്ദേഹത്തിനറിയാം. പുതിയ ഉദ്യോഗം സ്വീകരിച്ചു് മൂന്നു [illegible] ന്നതിനുമുമ്പത്രേ ഇ



ന്നു് ലോകപ്രസിദ്ധി ആർജ്ജിച്ചിരിക്കുന്ന ആഗോളമിഷൻ ജപമാലയ്ക്കു് (World Mission Rosary) അദ്ദേഹം രൂപം കൊടുത്തതു്. ഈ ആഗോളമിഷൻ ജപമാലയുടെ ഓരോ ദശകവും [illegible] ണ്ണത്തിലുള്ള മണികൾകൊണ്ടത്രേ ഉണ്ടാക്കപ്പെട്ടിരിക്കുന്നതു്. (കൂടുതൽ വിവരങ്ങൾക്കു് 14-ാം ലക്കം "സത്യദീപം" കാണുക) ഓരോ ദശകവും ഓരോ ഭൂഖണ്ഡത്തെ പ്രതിനിധീകരിക്കുന്നു. ഇങ്ങനെ പഞ്ചവർണ്ണത്തിലുള്ള ആഗോളമിഷൻ ജപമാല നാം ചൊല്ലുമ്പോൾ ലോകമെങ്ങുമുള്ള മിഷൻപ്രവർത്തനങ്ങളുടെ വിജയത്തിനായി നാം പ്രാർത്ഥിക്കുകയത്രേ ചെയ്യുന്നതു്. നോക്കണം എത്ര മനോഹരമായ, എത്ര ക്രിസ്തീയമായ ഒരു ആശയമത്രേ മോൺ. ഷീനിന്റെ ഭാവനയിൽനിന്നും രൂപംകൊണ്ടിട്ടുള്ളതെന്നു്! ഷീനിന്റെ അതിസുന്ദരമായ ഈ ആശയം റേഡിയോ പ്രഭാഷണങ്ങളിലൂടെയും പത്രപംക്തികളിലൂടെയും പ്രസിദ്ധമാകാഞ്ഞ താമസം അമേരിക്കൻ കത്തോലിക്കർ അതിനു ആത്മാർത്ഥമായ പ്രോത്സാഹനം നല്കുവാൻ. ആഗോളമിഷൻ ജപമാലയ്ക്കുള്ള, അതേ പഞ്ചവർണ്ണക്കൊന്തയ്ക്കുള്ള അപേക്ഷകൾ വേദപ്രചാര ഓഫീസിലേക്കു് ആയിരക്കണക്കിനു പ്രവഹിക്കുവാൻ തുടങ്ങി. 2 ഡോളർ നിരക്കിനു് ഒരുലക്ഷം കൊന്തകൾ ഈ കുറഞ്ഞ നാളുകൾക്കുള്ളിൽത്തന്നെ അമേരിക്കയിൽ ചെലവായിക്കഴിഞ്ഞു.

ഒരു ക്ഷണം

കഴിഞ്ഞ വസന്തത്തിൽ നമ്മുടെ കഥാപുരുഷനു റോമായിൽനിന്നും ഒരു ക്ഷണം ലഭിച്ചു; അവിടെ ചേരുവാൻപോകുന്ന വേദപ്രചാരഡയറക്ടറന്മാരുടെ ആലോചനായോഗത്തിൽ സംബന്ധിക്കുവാനായി. യാത്ര പുറപ്പെടുന്നതിനു അല്പനാളുകൾ മുമ്പായി അദ്ദേഹത്തിനു മറ്റൊരു കത്തുകിട്ടി. പ. സിംഹാസനം അദ്ദേഹത്തെ ഒരു മെത്രാനായി ഉയർത്തുവാൻ തിരുമാനിച്ചിരിക്കുന്നുവെന്നു്. റോമിലേക്കു പോരുമ്പോൾ അഭിഷേകകർമ്മത്തിനായിക്കൂടി ഒരുങ്ങിക്കൊള്ളണമെന്നുമായിരുന്നു ആ കത്തിലെ സാരം. അപ്പോസ്തോലിക ഡെലിഗേററിൽനിന്നും ലഭിച്ച കത്തിലെ ഉള്ളടക്കം തന്റെ സെക്രട്ടറിമാർ മനസ്സിലാക്കിയാലോ എന്നു ഭയപ്പെട്ട അദ്ദേഹം അതു് ഒന്നു് ഓടിച്ചുനോക്കിയശേഷം മടക്കിവയ്ക്കുകയാണുണ്ടായതു്. മുറപ്രകാരമുള്ള ജോലികൾ തീർത്തശേഷമത്രേ കത്തിലെ വിശദാംശങ്ങൾ അദ്ദേഹം വായിച്ചു മനസ്സിലാക്കിയതു്.

പട്ടാഭിഷേകം

കഴിഞ്ഞ മെയ്മാസത്തിൽ അമേരിക്കയിൽനിന്നു തിരിച്ച അദ്ദേഹം അമേരിക്കൻ ഗവർമ്മെന്റിന്റെ ക്ഷണപ്രകാരം ബർലിൻ, മ്യൂണിച്ചു് മുതലായ പട്ടാളകേന്ദ്രങ്ങളിൽ പ്രസംഗങ്ങൾ നടത്തിയശേഷമത്രേ അഭിഷേകകർമ്മത്തിനായി റോമിലേക്കു് തിരിച്ചതു്. ഈ സമയംകൊണ്ടു് ഷീൻ മെത്രാനാകുവാൻ പോകുന്നുവെന്നുള്ള വർത്തമാനം ലോകമെങ്ങും പരക്കുകയും പട്ടാഭിഷേകച്ചടങ്ങുകളിൽ സംബന്ധിക്കുവാനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി വൈദികരും മെത്രാന്മാരുമായ അദ്ദേഹത്തിന്റെ നിരവധി സുഹൃത്തുക്കൾ റോമിൽ തടിച്ചുകൂടുകയുമുണ്ടായി. ഈ ചടങ്ങുകളിൽ സംബന്ധിക്കുവാനായി അമേരിക്കക്കാരായ 19 മിലിട്ടറി ചാപ്ലെൻമാർ റോമിൽ വന്നതു് ഒരു ബോംബർ വിമാനത്തിലായിരുന്നു. അനാഗതരെ മനസ്സാന്തരപ്പെടുത്തുവാനായി വി. പൗലോസിന്റെ മേൽ അസാമാന്യമായ സ്വാധീനം ചെലുത്തിയ വി. ബർണ്ണബാസിന്റെ തിരുനാൾ ദിനമായ ജൂൺ 11-ാംനു-യത്രേ അദ്ദേഹത്തിന്റെ പട്ടാഭിഷേകം നടന്നതു്. രക്തസാക്ഷികളെന്ന നിലയിൽ റോമയിൽ ആദ്യമായി പരസ്യവണക്കം ലഭിച്ച വി. യോഹന്നാന്റെയും പൗലോസിന്റെയും നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിൽവച്ചത്രേ അഭിഷേകകർമ്മം നടന്നതു്. "തിരുസംഘ"ത്തിന്റെ ശ്രേഷ്ഠനായ കർദ്ദിനാൾ അഡെയോദാത്തെ പിയാസാ തിരുമേനിയായിരുന്നു പ്രധാനകാർമ്മികൻ. അഭിഷേകം നടക്കുമ്പോൾ ദേവാലയം വൈദികാദ്ധ്യക്ഷന്മാർ, നയതന്ത്രപ്രതിനിധികൾ, സന്യാസസഭാശ്രേഷ്ഠന്മാർ, കന്യാസ്ത്രീകൾ, വൈദികവിദ്യാർത്ഥികൾ മുതലായവരെക്കൊണ്ടു് നിറഞ്ഞിരുന്നു.

രണ്ടു സന്ദർശനങ്ങൾ

പട്ടാഭിഷേകം കഴിഞ്ഞയുടനെ ഷീൻ തിരുമേനി സുപ്രധാനങ്ങളായ മൂന്നു കാര്യങ്ങൾ ചെയ്തു. ആദ്യമായിത്തന്നെ അദ്ദേഹം തന്റെ കൂടെയുണ്ടായിരുന്നവരിൽനിന്നും വഴുതിമാറി—പ. പിതാവിനെ രഹസ്യമായി ഒന്നു സന്ദർശിക്കുവാൻ! സന്ദർശനമദ്ധ്യേ പരിശുദ്ധപിതാവു് താൻ വളരെ കാര്യമായി സൂക്ഷിച്ചിരുന്ന ഒരു പൊൻകുരിശു് ഷീനിനു് സമ്മാനിച്ചു. സംഭാഷണമദ്ധ്യേ പ. പിതാവു് പറഞ്ഞു. "പുതിയ മെത്രാൻ കുറേ ആഴ്ചകൾ റോമയിൽ താമസിച്ചു് വിശ്രമിച്ചശേഷം പോയാൽ മതി"യെന്നു്. പക്ഷേ നേരത്തെതന്നെ പരിപാടികൾ എല്ലാം തീരുമാനിച്ചിരുന്ന ഷീനുണ്ടോ വിശ്രമിക്കുവാൻ പോകുന്നു? "തിരുമേനി എന്നെ മെത്രാനായി അഭിഷേകം ചെയ്തതു് എന്നെക്കൊണ്ടു് എന്തെങ്കിലും ജോലി ചെയ്യിക്കാമെന്നു് വിചാരിച്ചല്ലയോ" എന്നു ചോദിച്ചുകൊണ്ടു് അദ്ദേഹം മാർപ്പാപ്പാ തിരുമനസ്സിലെ ക്ഷണം സവിനയം നിരസിക്കുകയത്രേ ഉണ്ടായതു്. മാർപ്പാപ്പാതിരുമേനിയുമായുള്ള രഹസ്യസന്ദർശനം അവസാനിച്ച ഉടൻതന്നെ തിരുമേനി റോമിലേക്കു് പാഞ്ഞു. ലൂർദ്ദ്! അതു് അദ്ദേഹത്തിന്റെ കരളിനു കുളിർമ്മനല്കുന്ന ഒരു പുണ്യഭൂമിയായിരുന്നു. അന്നു് തിരുമേനി ഗ്രോട്ടോ സന്ദർശിക്കുന്നതു് ഇരുപത്തിമൂന്നാമത്തെ പ്രാവശ്യമായിരുന്നു. ഗ്രോട്ടോ സന്ദർശനം കഴിയാത്ത താമസം അദ്ദേഹത്തിനു് അമേരിക്കയിലേക്കു് പറക്കുവാൻ. സ്വീകരണകോലാഹലങ്ങളിൽനിന്നും രക്ഷപെടാൻവേണ്ടി തിരുമേനി അമേരിക്കയിലേക്കു് മടങ്ങിയതു് മുൻകൂർ സമയം ക്ലിപ്തപ്പെടുത്തിയിട്ടില്ലാഞ്ഞ ഒരു വിമാനത്തിലായിരുന്നു.

For favours received



Br. Mathew Palamattam,
(Nellore)

ഒരുലക്ഷം മിഷനറിമാർ

മെത്രാനായശേഷവും തിരുമേനി ജീവിതചര്യയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. എല്ലാദിവസവും രാവിലെ 6 മണിക്കുതന്നെ മോൺ. ഷീൻ ഉണരുന്നു. വി. കുർബാനയ്ക്കുശേഷം തിരുമണിക്കൂർ [illegible]ത്തുകയെന്നുള്ളതു് തിരുമനസ്സിലേക്കു് ഏററവും നിർബന്ധമുള്ള ഒരു പരിപാടിയത്രേ. കൃത്യം ഒമ്പതുമണിയാകുമ്പോൾ അദ്ദേഹം ഓഫീസുമുറിയിൽ പ്രവേശിക്കുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതാണ്ടു് ഒരു ലക്ഷം മിഷനറിമാരുടെ കാര്യങ്ങൾ അത്രേ അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ വരുന്നതു്. തിരുമനസ്സിലെ ഓഫീസിലേക്കു് പ്രതിദിനം പ്രവഹിച്ചുകൊണ്ടിരിക്കുന്ന കത്തുകളുടെ ശരാശരി എണ്ണം നാലായിരമത്രേ. മോൺ. ഷീൻ തന്റെ കീഴുദ്യോഗസ്ഥന്മാരെ സ്വസഹോദരങ്ങളെപ്പോലെ പരിഗണിക്കുന്നു. വിദേശങ്ങളിൽ പ്രവർത്തിക്കുന്ന മിഷനറിമാരുടെ പ്രവർത്തനങ്ങൾപോലെ തന്നെ അവരുടെ സേവനവും മഹനീയമാണെന്നുള്ള ഒരു ബോധം ഷീൻ തിരുമേനി അവരിൽ ഉളവാക്കുന്നു. ആയതുകൊണ്ടു് നിശ്ചിതജോലിസമയത്തിനു ശേഷം രണ്ടോമൂന്നോ മണിക്കൂർ കൂടുതൽ ഇരുന്നു ജോലിചെയ്യുവാനും അവർ തയ്യാറാണു്. ഷീൻ തിരുമനസ്സിലെ സ്വകാര്യ ചാപ്പൽ ഓഫീസുമുറിയുടെ നേരെ മുകളിലായതുകൊണ്ടു് ജോലിക്കാർക്കു് ഏതു സമയവും വി. കുർബാനയുടെ സന്ദർശനം നടത്തുവാൻ സൗകര്യമുണ്ടു്.

പരിശുദ്ധ കന്യകയുടെ ദാസൻ

ഇത്രയധികം ജോലിത്തിരക്കുണ്ടായിട്ടും തിരുമേനി അതിസുന്ദരങ്ങളായ പല ഗ്രന്ഥങ്ങളും ഇപ്പോഴും രചിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ("Three to Get Married" എന്നുള്ള തിരുമനസ്സിലെ ഏററവും പുതിയ പുസ്തകം ഇന്നു് അമേരിക്കയിലെ ഒരു Best seller അത്രെ) പ. കന്യാസ്ത്രീമറിയത്തെക്കുറിച്ചു് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുകയെന്നതു് ഏററവും പ്രീതികരമായ ഒരു ജോലിയായി തിരുമേനി കരുതുന്നു. നമ്മുടെ സ്വർഗ്ഗീയരാജ്ഞിയെ അധികരിച്ചു് തിരുമേനി ഇപ്പോൾ അതിസുന്ദരമായ ഒരു ഗ്രന്ഥം രചിച്ചുകൊണ്ടിരിക്കുകയത്രേ.

ഇതിനുംപുറമെ തിരുമേനിയെ സന്ദർശിക്കുവാനായി പ്രതിദിനം എത്തിക്കൂടുന്ന ജനങ്ങളുടെ സംഖ്യയും ഒട്ടും കുറവല്ല. ഈ സന്ദർശകരിൽ ചിലർ ഇടക്കാലത്തു് മതകാര്യങ്ങളിൽ അശ്രദ്ധകാണിച്ച കത്തോലിക്കരായിരിക്കും. അവരിൽ പലരും മോൺ. ഷീനിന്റെ അരുകിൽ മാത്രമേ കുമ്പസാരിക്കുകയുള്ളുവെന്ന നിർബന്ധബുദ്ധിയോടുകൂടി വരുന്നവരുമായിരിക്കും. മാനസാന്തരോദ്ദേശ്യത്തോടുകൂടി തന്നെ സമീപിക്കുന്ന സന്ദർശകരിൽ ചിലർക്കു് മതകാര്യങ്ങൾ മോൺ. ഷീൻ പഠിപ്പിച്ചാൽമാത്രമേ തൃപ്തിവരികയുള്ളു. രണ്ടാമത്തെക്കൂട്ടരെ ഉദ്ദേശിച്ചു് മോൺ. തിരുമനസ്സിലെ പ്രഭാഷണങ്ങൾ റിക്കോർഡു് ചെയ്തു വിതരണം ചെയ്യപ്പെടുന്നു.

പുതിയ ഉദ്യോഗത്തിന്റെ ഒരു പ്രത്യേകത

തിരുമനസ്സിലെ പുതിയ ഉദ്യോഗത്തിനു് ഒരു പ്രത്യേകതയുണ്ടു്. തിരുമനസ്സിലെ പ്രയത്നഫലമായി മനുഷ്യമനസ്സുകളിൽ ഉണ്ടാകുന്ന പരിവർത്തനത്തിന്റെ വ്യാപ്തി അദ്ദേഹത്തിനുതന്നെ അജ്ഞാതമായിരിക്കുമെന്നുള്ളതത്രെ അതു്. തന്റെ മാനസാന്തരപ്രവർത്തനങ്ങളുടെ വിജയത്തിൽ അദ്ദേഹം അഭിമാനം കൊള്ളാറില്ല. കാരണം "മനുഷ്യമനസ്സുകളിൽ വിശ്വാസമാകുന്ന വിത്തുകൾ വിതയ്ക്കുന്നതു് ദൈവമത്രെ. വൈദികൻ വിത്തുകളുടെ വളർച്ചയ്ക്കു് യോഗ്യമായവിധം കളപറിക്കുക മാത്രമേ ചെയ്യുന്നുള്ളു"വെന്നു് തിരുമേനിക്കു് വ്യക്തമായി മനസ്സിലായിട്ടുണ്ടു്.

"നോട്ടർഡാമിനെ വെല്ലത്തക്ക കത്തീഡ്രലുകൾ—"

മോൺ. ഷീൻ തിരുമേനിക്കു് പൗരസ്ത്യരാജ്യങ്ങളെ സംബന്ധിച്ചുള്ള അസാമാന്യമായ സ്നേഹമനത്തെ പുരസ്കരിച്ചു് അല്പം ചിലതു് എങ്കിലും പറയാതെ ഈ ലേഖനം ഉപസംഹരിക്കുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. വേദപ്രചാരഡയറക്ടർ ഉദ്യോഗം സ്വീകരിച്ചുകൊണ്ടു് തിരുമേനി ചെയ്ത പ്രസംഗത്തിൽ പൗരസ്ത്യരാജ്യങ്ങളെക്കുറിച്ചു് പറഞ്ഞതു് ഇങ്ങനെയാണു്: "പാശ്ചാത്യസംസ്കാരം ഏറെക്കുറെ നിരസിച്ച ക്രിസ്തുമതത്തെയും ആ സത്യൈകമതം നല്കുന്ന അനുഗ്രഹങ്ങളെയും പൗരസ്ത്യരാജ്യങ്ങൾ ആശ്ലേഷിക്കുന്ന സമയം വരുന്നു. അരിസ്റ്റോട്ടലിയൻ തത്വശാസ്ത്രത്തെ സെന്റ് തോമസ് "ജ്ഞാനസ്നാന"പ്പെടുത്തിയതുപോലെ കൺഫ്യൂഷ്യനിസത്തെ ജ്ഞാനസ്നാനപ്പെടുത്തുന്ന ഒരു അക്വിനാസ് ചൈനയിൽ ജന്മമെടുക്കും. നോട്ടർഡാമിനേയും റീംസിനേയും വെല്ലത്തക്ക കത്തീഡ്രൽ ദേവാലയങ്ങൾ ഇന്ത്യയിൽ ഉയർന്നുവരും. ജപ്പാൻ "മനുഷ്യദേവ"നെ ഉപേക്ഷിച്ചു് "ദൈവമനുഷ്യനി"ലേക്കു് തിരിയുകയും യഥാർത്ഥ "ഉദയസൂര്യൻ" ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവാണെന്നുള്ള പരമാർത്ഥം ഗ്രഹിക്കുകയും ചെയ്യും."

മോൺ. ഷീനും നമ്മുടെ ശതവത്സരാഘോഷങ്ങളും

കേരളകത്തോലിക്കരുടെ മതചൈതന്യത്തെക്കുറിച്ചും അവരുടെ അസാമാന്യമായ മരിയഭക്തിയെക്കുറിച്ചും മോൺ. ഷീനിനു നല്ലതുപോലെ അറിയാം. അടുത്തവർഷം നാം കേരളക്രൈസ്തവസഭയുടെ പത്തൊമ്പതാംശതവത്സരം ആഘോഷിക്കുകയാണു്. ഏതാനും സംവത്സരങ്ങൾക്കുമുമ്പു് മാത്രമാണു് ആസ്ത്രേലിയായിലെ മെൽബോൺ രൂപത അവരുടെ ശതവത്സരാഘോഷങ്ങൾ നടത്തിയതു്. പ്രസ്തുതസന്ദർഭത്തിൽ മോൺ. ഷീൻ പ്രധാനപ്രസംഗകനായിരുന്നു. അവരെക്കാൾ പതിനെട്ടു ശതവത്സരക്കാലത്തെ കൂടുതൽ പാരമ്പര്യം ഉള്ള കേരളക്രൈസ്തവരുടെ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയെന്നതു് തിരുമേനിക്കു് വളരെ താല്പര്യമുള്ള ഒരു കൃത്യമായിരിക്കും. മെത്രാൻ സ്ഥാനാരോഹണത്തിൽ അഭിനന്ദിച്ചുകൊണ്ടു്, കേരളത്തിലെ ഒരു വൈദികപ്രമുഖൻ, മോൺസിഞ്ഞോർ തിരുമേനിക്കു് ഒരു സന്ദേശം അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുതസന്ദേശത്തിൽ ഇവിടെ നടക്കുവാൻ പോകുന്ന ശതവത്സരാഘോഷങ്ങളെക്കുറിച്ചു് സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. ഇതിനു മറുപടിയായി ഷീൻതിരുമേനിയിൽനിന്നും ലഭിച്ച കത്തിൽ അദ്ദേഹത്തിനു നമ്മുടെ ശതവത്സരാഘോഷങ്ങളിൽ പങ്കുകൊള്ളുവാൻ അതിയായ താല്പര്യമുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടു്. പ്രാചീനയേയും പ്രതീചിയേയും തമ്മിൽ കൂട്ടി ഇണക്കുവാനും ലോകചരിത്രത്തിൽ ഒരു നവീനാദ്ധ്യായം എഴുതിച്ചേർക്കുവാനും അശ്രാന്തം പരിശ്രമിക്കുന്ന ഈ ശ്രേഷ്ഠപുരോഹിതന്റെ സാന്നിദ്ധ്യം ശതവത്സരാഘോഷകാലത്തു് നമുക്കു് ലഭിക്കുകയാണെങ്കിൽ അതു കേരളക്രൈസ്തവസഭയ്ക്കു് പലവിധത്തിലും പ്രയോജനകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ശതവത്സരാഘോഷങ്ങൾ സംബന്ധിച്ചുള്ള ആലോചനകൾ നടക്കുമ്പോൾ ഈക്കാര്യംകൂടി പരിഗണനാവിധേയമാക്കണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

**Social Problem,**
**Social Legislation,**
**Social Information,**
in
# "SOCIAL ACTION"
a monthly edited by
The Indian Institute of Social Order
St. Vincent Street, Poona 1.
Rs. 4/per year

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
**Ernakulam**

Sathya Deepam

Vol. 25 Ernakulam December 19, 1951 No. 18

# ബിഷപ്പ് ഫൾട്ടൺ ജെ. ഷീൻ

(കെ. ടി. സെബാസ്റ്റ്യൻ ബി. എ.)

### ഏററവും പ്രഖ്യാതനായ മോൺസിഞ്ഞോർ

വിശ്വവിശ്രുതങ്ങളായ മുപ്പത്തിയാറു ഗ്രന്ഥങ്ങളുടെ കർത്താവു്, അമേരിക്കയിലെ ഏററവും പ്രസിദ്ധനായ റേഡിയോ പ്രസംഗകൻ, കാത്തലിക് യൂണിവേഴ്സിററി ഓഫ് അമേരിക്കയിലെ ഫിലോസഫി പ്രൊഫസർ, ലോകസമാധാനത്തെ ഗ്രസിച്ചുകളയുവാൻ തയ്യാറെടുത്തു നില്ക്കുന്ന ആധുനികങ്ങളായ നൂറുനൂറായിരം പ്രശ്നങ്ങൾക്കു സത്യത്തിന്റെയും ധർമ്മത്തിന്റെയും അടിസ്ഥാനത്തിൽ പരിഹാരം നിർദ്ദേശിച്ചുകൊടുക്കുന്ന നീതിജ്ഞനായ സാമൂഹ്യപ്രവർത്തകൻ, ലോകപ്രസിദ്ധരായ പലരുടേയും മാനസാന്തരം സാധിച്ച സാത്വികനായ വൈദികശ്രേഷ്ഠൻ, ലോകമെങ്ങുമുള്ള മിഷനറിപ്രവർത്തനങ്ങൾക്കു താങ്ങും തണലുമായി നില്ക്കുന്ന ഉന്നതനായ മിഷനറി പ്രവർത്തകൻ, അമേരിക്കൻ ഐക്യനാടുകളിലെ പൊന്തിഫിക്കൽ മിഷൻസംഘങ്ങളുടെ ദേശീയഡയറക്ടർ: ഫൾട്ടൻ ഷീൻ എന്നു കേൾക്കുമ്പോൾ ഇതെല്ലാമാണു് നാം ഓർത്തുപോവുക. ലോകത്തിലെ ഏററവും പ്രഖ്യാതനായ ആ മോൺസിഞ്ഞോർ ഇക്കഴിഞ്ഞ ജൂൺമാസത്തിൽ റോമിൽവച്ചു് ന്യൂയോർക്കു് അതിരൂപതയുടെ സഹായമെത്രാനായി അഭിഷേകംചെയ്യപ്പെട്ടു.

### ഗ്രന്ഥകർത്താവ്

“ആത്മസമാധാനം” (Peace of Soul) “നിങ്ങളുടെ ഹൃദയത്തെ ഉയർത്തുക” (Lift up your Heart) മുതലായി മോൺ. ഷീൻ എഴുതിയിട്ടുള്ള പുസ്തകങ്ങൾ ആധുനികലോകപ്രശ്നങ്ങളിൽ താല്പര്യം ഉള്ളവർ മനഃപാഠമാക്കേണ്ടവയാണു്. പ്രസ്തുത പുസ്തകങ്ങൾ ഇന്നു് അമേരിക്കയിൽ ഏററവും പ്രചാരമുള്ള പുസ്തകങ്ങളുടെ ഗണത്തിൽ (Best Sellers) പെടുന്നു. സത്യത്തിലും നീതിയിലും വിശ്വസിക്കുന്നവർ കമ്മ്യൂണിസത്തെ അഭിമുഖീകരിക്കേണ്ടതെങ്ങനെയാണെന്നു് അദ്ദേഹം തന്റെ വിശ്വവിഖ്യാതമായ “നിങ്ങളുടെ ദീപങ്ങളെ തെളിക്കുക” (Light your Lamps) എന്ന റേഡിയോ പ്രഭാഷണസമാഹാരത്തിൽ വിവരിക്കുന്നു. ന്യൂയോർക്ക് ഭദ്രാസനദേവാലയത്തിലെ നോയമ്പുകാലപ്രസംഗങ്ങൾ കുറെ വർഷങ്ങളായി അദ്ദേഹം തന്നെയാണു് നിർവഹിച്ചുവരുന്നതു്. ദുഃഖവെള്ളിയാഴ്ചദിവസം തിരുമേനി സെന്റു് പാട്രിക്സ് ഭദ്രാസനദേവാലയത്തിൽ നിന്നും പ്രസംഗം ആരംഭിക്കുമ്പോൾ ന്യൂയോർക്കിലെ ലോകപ്രസിദ്ധമായ ഫിഫ്ത്തു് അവന്യുവിൽ (അവിടെയത്രേ ന്യൂയോർക്കിലെ ഭദ്രാസനദേവാലയം സ്ഥിതിചെയ്യുന്നതു്) ജനക്കൂട്ടം അനിയന്ത്രിതമാംവിധം വർദ്ധിക്കുകയും ഗതാഗതത്തിനു്തന്നെ തടസ്സം നേരിടുകയും ചെയ്യുന്നു. പ്രതിവർഷം ശതക്കണക്കിനത്രേ അദ്ദേഹം പ്രഭാഷണം നടത്തുന്നതു്. ഇങ്ങനെയെല്ലാമാണെങ്കിലും മാനസാന്തരപ്രവർത്തനങ്ങളത്രേ അദ്ദേഹത്തിനു് ഏററവും പ്രിയങ്കരമായ ജോലി.

### മിഷനറിമാരുടെ അടിമ

കഴിഞ്ഞ സംവത്സരത്തിൽ പ. സിംഹാസനം മോ. ഷീനിനെ അമേരിക്കൻ ഐക്യനാടുകളിലെ പൊന്തിഫിക്കൽ മിഷൻസംഘങ്ങളുടെ ദേശീയഡയറക്ടറായി നിയമിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്നേഹിതന്മാരിൽ പലരും പ്രതിഷേധം പ്രകടിപ്പിച്ചു. “ഞങ്ങളുടെ ഏററവും വലിയ പ്രഭാഷകനെ ഒരു ഓഫീസു് മുറിയിലെ പ്രവർത്തനത്തിനായി തള്ളിവിട്ടതു് ഒട്ടും ശരിയായില്ല” എന്നവർ പറഞ്ഞു. പക്ഷേ ഷീൻ തിരുമേനിക്കു അതേസംബന്ധിച്ചു് തികച്ചും വിഭിന്നമായ ഒരഭിപ്രായമത്രേ ഉണ്ടായിരുന്നതു്. പുതിയ ഉദ്യോഗം സ്വീകരിച്ചുകൊണ്ടു് അദ്ദേഹം പറയുകയാണു്: “ഞാൻ തീവ്രമായി സ്നേഹിക്കുന്ന ഈ പുതിയ ഉദ്യോഗത്തെ ഏററവും നിസ്സാരമായവിധത്തിൽപ്പോലും ഒരു സംഗതിയും വിഘാതപ്പെടുത്തുവാൻ ഞാൻ സമ്മതിക്കുകയില്ല.” അദ്ദേഹം തുടരുന്നു: “ക്ലാസ്സുമുറിയുടെ നാലുഭിത്തികളും ഭൂമിയുടെ നാലതിർത്തികളിലേക്കു് തള്ളിമാററപ്പെട്ടിരിക്കുന്നു. ഇനിമേൽ എന്റെ സ്കൂൾ ഒരു ഭൂഖണ്ഡമായിരിക്കും. സർവ്വകലാശാല ഭൂലോകവും. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ തേടുവാൻ മിഷനറിമാരുടെ അടിമയായി എന്നെത്തന്നെ ഞാൻ സമർപ്പിച്ചിരിക്കുന്നു.”




### “ഞാൻ കണക്കുകൾ സൂക്ഷിക്കാറില്ല”

മോൺ. ഷീനിന്റെ പരിശ്രമഫലമായി മാനസാന്തരപ്പെട്ടിട്ടുള്ളവരുടെ സംഖ്യ നിർണ്ണയാതീതമാണു്. അദ്ദേഹം ഇക്കാര്യത്തിൽ യാതൊരു കണക്കും സൂക്ഷിക്കുക പതിവില്ല. ഇതുസംബന്ധിച്ചു് ഷീൻ പറയുന്നതു് ഇങ്ങനെയാണു്: “മാനസാന്തരം സാധിക്കുന്നതു് എന്റെ സാമർത്ഥ്യം കൊണ്ടല്ല, പിന്നെയോ ദൈവത്തിന്റെ അനുഗ്രഹംവഴിയായിട്ടത്രേ. ദൈവം നിർവഹിക്കുന്ന പ്രവൃത്തികളുടെ മഹിമ ഞാൻ സ്വീകരിക്കുകയാണെങ്കിൽ അതൊരു ദൈവദൂഷണമായിരിക്കും. മാനസാന്തരപ്പെട്ടവരുടെ ഒരു കണക്കു് ഞാൻ സൂക്ഷിക്കുകയാണെങ്കിൽ ഞാനാണു് അവരെ മാനസാന്തരപ്പെടുത്തുന്നതു് എന്നൊരു വിചാരം എന്നിൽ ഉണ്ടാവും. അതോടുകൂടി എനിക്കു് ആത്മാക്കളുടെ മേലുള്ള സ്വാധീനം അവസാനിക്കുകയുംചെയ്യും.” അദ്ദേഹം മാനസാന്തരപ്പെടുത്തിയിട്ടുള്ളവരുടെ കൂട്ടത്തിൽ ലോകപ്രശസ്തരായ പലരും ഉൾപ്പെടുന്നു. പത്രപ്രവർത്തകനായ ഹൈവുഡ് ബ്രൗൺ, “ഡെയിലി വർക്കർ” എന്ന കമ്മ്യൂണിസ്റ്റു് പത്രത്തിന്റെ അധിപരായിരുന്ന ലൂയി ബുഡെൻസു്, അമേരിക്കൻ കോൺഗ്രസ് സാമാജികയായിരുന്ന ക്ലേയർ ബൂത്തു് ലൂസ്, കമ്മ്യൂണിസ്റ്റു് പ്രവർത്തകയായിരുന്ന എലിസബത്തു് ബെൻറ്ലി, വ്യവസായപ്രമുഖനായ ഹെൻട്രി ഫോർഡ് രണ്ടാമൻ എന്നിങ്ങനെപോകുന്നു അവരുടെ പട്ടിക. പക്ഷേ അറിയപ്പെടാത്ത ആയിരക്കണക്കിനുള്ള ആളുകൾ ഷീനിന്റെ ശ്രമഫലമായി സത്യസഭയെ ആശ്ലേഷിച്ചിട്ടുണ്ടു്. മദ്യപിച്ചു് സുബോധം നഷ്ടപ്പെട്ട ഒരു ആംഗ്ലേയനാവികൻ വഴിതെററി മോൺ. ഷീനിന്റെ വാസ്സപ്പടിയിൽ പ്രവേശിക്കുകയുണ്ടായി. മൂന്നു വർഷം കഴിഞ്ഞു് അവരെ നാം കാണുന്നതു് ഒരു കന്യാസ്ത്രീയായിട്ടത്രേ. ആത്മഹത്യയുടെ വക്കിൽനിന്നും പിടിച്ചെടുത്ത ഒരു ഫ്റെഞ്ചുവനിത ഇന്നു് പ്രതിദിനം ദിവ്യകാരുണ്യം സ്വീകരിക്കുന്ന ഒരുത്തമകത്തോലിക്കാമഹിളയാണു്. അധിക്ഷേപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഷീനിനെ സമീപിച്ചിട്ടുള്ള പല കത്തോലിക്കാവിരുദ്ധമനഃസ്ഥിതിക്കാരും ഇന്നു് ഒന്നാംതരം കത്തോലിക്കാ പ്രവർത്തകരത്രേ.

### പുതിയ ഉദ്യോഗം

മിഷൻ സംഘങ്ങളുടെ ദേശീയ ഡയറക്ടറുദ്യോഗം സ്വീകരിച്ചശേഷം മോൺ. ഷീനിന്റെ ശ്രദ്ധ ആദ്യമായി തിരിഞ്ഞതു് വിദേശമിഷൻ പ്രവർത്തനങ്ങളിലേക്കത്രെ. ലോകമെങ്ങുമുള്ള 97.258 കത്തോലിക്കമിഷനറിമാരെ സഹായിച്ചുകൊണ്ടിരിക്കുന്ന റോമിലെ വേദപ്രചാരസംഘടന പണത്തിനായി ദൃഷ്ടികൾ തിരിക്കുന്നതു് പ്രധാനമായും അമേരിക്കൻ ഐക്യനാടുകളിലേക്കാണെന്നു് അദ്ദേഹം മനസ്സിലാക്കി. മിഷനറിമാരുടെ ഭാരിച്ച ജോലികൾ ലഘൂകരിക്കുന്നതിനുവേണ്ടി, അവർക്കുവേണ്ടി ഐശ്വര്യപൂർണ്ണമായ ഐക്യനാടുകളിൽ ഭിക്ഷാടനം നടത്തുന്നതിനുവേണ്ടി, മോൺ. ഷീൻ ഏററവും ഉത്സാഹപൂർവ്വം തന്റെ പുതിയ ജോലിയിൽ പ്രവേശിച്ചു.

### “ക്രിസ്തുവിന്റെ ഭിക്ഷു”

ഷീനിന്റെ പുതിയ ഉദ്യോഗത്തിൽ ഒരു വിരോധാഭാസമുണ്ടായിരുന്നു. പണസംബന്ധമായ കാര്യങ്ങളിൽ മോൺ. ഷീൻ തന്റെ സ്നേഹിതന്മാരുടെ ക്ഷമയെ വല്ലാതെ പരീക്ഷിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. എത്ര മഹത്തായ കത്തോലിക്കാ പ്രവർത്തനത്തിനുവേണ്ടിയാണെങ്കിലും തന്റെ സ്നേഹിതന്മാരിൽ നിന്നും ധർമ്മം സ്വീകരിക്കുവാൻ അദ്ദേഹത്തിനു മടിയായിരുന്നു. തന്റെ പ്രഭാഷണങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രതിഫലമായി അപ്പോഴപ്പോൾ ലഭിച്ചുകൊണ്ടിരുന്ന വമ്പിച്ചതുകകൾ ബാങ്കുകാർ കണക്കുകൾ തിട്ടപ്പെടുത്തുന്നതിനുമുമ്പുതന്നെ ഏതെങ്കിലും ധർമ്മസ്ഥാപനങ്ങൾക്കു് അയച്ചുകൊടുക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ പതിവു്. വി. ഫ്രാൻസിസ് അസ്സീസ്സിക്കുശേഷം പണസംബന്ധമായ പ്രശ്നങ്ങൾ ഇത്ര നിസ്സാരമായി കരുതിയിട്ടുള്ള ഒരു വ്യക്തി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. പക്ഷേ പുതിയ ഉദ്യോഗം സ്വീകരിച്ചുകഴിഞ്ഞ ഉടൻതന്നെ ക്രിസ്തുവിനുവേണ്ടി ധർമ്മംചോദിക്കുന്ന ഒരു ഭിക്ഷുവായി അദ്ദേഹം മാറി.

### “മുപ്പത്തിയഞ്ചു ഡോളറിനു് ഒരുപദേശി!”

പുതിയ ഉദ്യോഗം സ്വീകരിച്ച അദ്ദേഹം മിഷനറി പ്രവർത്തനങ്ങൾക്കായുള്ള പണസമ്പാദനമാർഗ്ഗങ്ങളിൽ ഒരു വിപ്ലവം തന്നെ വരുത്തിവച്ചു എന്നു പറയാവുന്നതാണു്. ലോകത്തിന്റെ നാലുമൂലകളിൽനിന്നും അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരുന്ന മിഷൻ വാർത്തകൾ ആകർഷകമായ തലക്കെട്ടുകളോടുകൂടിയ മനോഹരലഘുപത്രികകളായി അദ്ദേഹം പ്രസിദ്ധപ്പെടുത്തി ഇവയുടെ പ്രതികൾ അമേരിക്കയിലെ എല്ലാ ഭാഗങ്ങളിലുമായി ലക്ഷക്കണക്കിനു വിററഴിച്ചു. “75 ഡോളർ ദാനംചെയ്യുകയാണെങ്കിൽ ഒരു ജാപ്പനീസു് പെൺകുട്ടിയെ അടിമത്തത്തിൽനിന്നും രക്ഷിക്കാം.”—“വസ്ത്രം ലഭിക്കായ്ക കാരണം ചൈനയിലെ ഒരു കുഷ്ഠരോഗാശുപത്രിയിൽ രോഗികൾ വ്രണങ്ങൾവച്ചു കെട്ടുന്നതു് ഉണങ്ങിയ ഇലകൾകൊണ്ടാണു്.” — “ഇന്ത്യയിൽ ഒരു ഗ്രാമത്തിൽ ഹിന്ദുക്കൾ മുഴുവൻ കത്തോലിക്കരാകുവാൻ തയ്യാറാണു്. പക്ഷേ അവരെ മതകാര്യങ്ങൾ പഠിപ്പിക്കുവാൻ ഒരുപദേശിയില്ല. പ്രതിമാസം ആരെങ്കിലും 35 ഡോളർ ദാനംചെയ്തിരുന്നുവെങ്കിൽ അവിടെ ഒരുപദേശിയെ നിയമിക്കാമായിരുന്നു.” അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ലഘുപത്രികകളിൽകണ്ട ഇമ്മാതിരി വർത്തമാനങ്ങൾ അമേരിക്കൻ കത്തോലിക്കരെ ഇരുത്തിച്ചിന്തിപ്പിച്ചു. ന്യൂയോർക്കിലുള്ള

(ശേഷം 11-ാം പേജിൽ)